# A TRIP TO MYSORE

V. ANANTHANARAYANAN, III B-COM.

TWENTY FIVE RUPEES:—The Central Planning Commission sanctioned this much amount per head for 12 members of our college planning Forum to conduct a study tour in the package programme area in Mysore State. Thank God, that our college planning Forum was one among the 65 recognised Planning Forums throughtout India which receives this special award. The preliminary test for selection was over and I was blessed to be one among the 12 students selected among the 25 or 30 who sat for the competitive test.

We, a batch of 14 students and one lecturer started for Mysore, the dream of our lives so far, one early Friday morning in the Calicut-Mysore bus. Throughout our journey, until we reached Mysore that day late in the evening, we enjoyed ourselves with music, or jokes, and watching the beautiful natural scenery.

We had a nice sleep that night in the choultry at Mysore. Next morning we started our programme. Roaming round the broad sadakhs (Roads) of Mysore city our first destination was the Food Technological Research Institute at Mysore, but to our hard lûck admission to the Institute was prohibited due to the state of emergency declared throughout the country. A thousand "b—Chinese" came out from our mouths. We next visited the Arts and Crafts Training Centre, a place of immense beauty, where exquisite things in sandalwood and ivory were exhibited. We proceeded next to the silk factory, maintained by Mysore State Government where we were given detailed explanations regarding the various processes involved in the silk Industry. Our next place of visit was to the zoo which was one of the famous and biggest of its kind in South India. We were proud to see Hippopotamus, Rhinocerous—both Indian and Africian in flesh and blood for the first time in our life, which most probably our other friends would not have seen so far. Later we visited the famous Lalitha Mahal, a palatial building with its Italian Marble stair-case and Ball-Room and the surrounding beautiful terrace garden. Then we went to the famous Chamundi Hills, approachable either by a fine motorable road or by the flight of a thousand steps. A bird's-eye view of the city from the top of the Hills is much enchanting especially during the illuminated night time. The Hill is also famous for the sacred Chamundi Temple. On our way to the top of the Hills we could see 2 big figures one that of Mahishasura, the Demon killed by Goddess Sri Chamundeswari and the other that of the sacred Bull, a 16 feet statue of Nandi carved out of a single boulder. Towards evening we visited the famous Brindavan Gardens, situated under the Krishnaraja Sagar dam and spent the rest of the day up to 9 O'clock that night in the garden. The illuminated Gardens can no doubt be called one of the greatest beauties on earth with charming flowers of varying hues ane flood-lit fountains and water-fall. The main canal is named as Visweswarayya canal. The presure Fountain in the middle of the Gardens shoots upto a height of 140 feet. Enjoyable boating in motor launches or rowing boats is arranged round this fountain.

The next morning we visited the two big marble statues both situated in the centre of the city with a distance of a few yards in-between them, one that of the

present Governor and the other that of his grandfather. The palace, situated in the heart of the city and the silver Jubilee clock tower are the other two attractions which we visited that day. Our next destination was the Jagan Mohan Palace where Sree Jayachamarajendra Art Gallery is situated.

That noon we left Mysore and reached Srirangapattinam, the former capital of Tippu Sultan's Regime. There we had to travel in 4 horn carts, known by the name of Tonga and we first went to Masjit—Eaksa, the famous Mausoleum where Tippu and his parents—Hyder and his wife were buried. Then we visited the summer palace, known as Daria Daulat Palace where several coins of Tippu and Hyder's time and several medals commemorating British victory over Tippu Sultan were exhibited. Our next visit was to Masjid—E—Ala. We climbed about 154 steps to reach the top of the tower. The top of the tower was about 160 ft. from the ground floor.

That evening we left Srirangapattinam and reached Pandavapura late in the evening. At Pandavapura, the next day we visited several Co-operative Societies and we listened to lectures by the officers of each society on the functioning and success of package programme recently introduced in their area. We were also obliged with Dinner by one of the leading cultivators of that village who had won the state award for paddy and sugarcane cultivation. Late in the noon we visited the Pandavapura Co-operative Sugar Factory, equipped with modern and up-to-date machinery.

The next morning we went to Mandya District, the last chapter of our programme. There we visited two villages, namely Kirigandur and Holalu. We saw the vegetable gardens, consisting of Cabbage, Knolkhol, Beans, Peas, Greens, Mustards, and Radish. There were one Youth Farmer's club, one Mahila samaj, and one Nursery school under the control of the society.

Later we visited the Visveswarayya canal farm (V. C. Farm) consisting of the Gramsevak Training Centre, Poultry farming, sugar cane gardens etc. That noon we went to the Mysore Sugar Factory at Mandya which is one of the oldest and biggest of its kind. In that factory the average production per day, we were told, was about 1500 tons and also about 4,000 workers in 3 shifts were employed in the Factory.

That evening we left Mandya and the following morning we left Mysore, all to their native places to spend the rest of the X'mas vacation with sweet memories of our experiences in the famous tour to the Majestic Mysore—one of the beauty spots in India.

# ആധുനികവിദ്യാഭ്യാസവും ആരോഗ്യവും

(ആര്യവൈദ്യൻ പി. എ. റഹിം, ഡി. പി. സി.)



ആരോഗ്യം! ആ അക്ഷരത്രയത്തിൽ അന്തർഭവിച്ചിരിക്കുന്ന അപ്രമേയമായ അർത്ഥവ്യാപ്തി അനിർവ്വചനീയമാണെന്ന് തലകുലുക്കി സമ്മതിച്ചുകൊടുക്കുവാൻ നാം അല്പവും മടികാണിക്കാറില്ലെന്നത് ഒരു പച്ചപ്പരമാർത്ഥം മാത്രമാണ്. അതേസമയത്ത് തന്നെ, അത് സംരക്ഷിക്കേണ്ട ഘട്ടം വരുമ്പോഴ — ആരോഗ്യനിയമങ്ങളെ അക്ഷരം പ്രതി അനുഷ്ഠിക്കണമെന്ന ഘട്ടത്തിലെത്തുമ്പോഴ — നാം പുറകം ചുളിക്കുന്നുവെന്നതും ഒരു നഗ്നയാഥാർത്ഥ്യം മാത്രമാണ്. ശുചിത്വകേന്ദ്രമെന്ന് ഒരു കാലത്ത് പെരുമ്പറയടിക്കപ്പെട്ടിരുന്ന ഭാരതമാതാവിന്റെ സന്താനങ്ങൾക്ക ആരോഗ്യനിയമങ്ങളുടെ നേരെ ഇത്ര അവജ്ഞയുണ്ടാവാൻ എന്താണ് കാരണമെന്നത് ചിന്താർഹമായ ഒരു പ്രശ്നമാണ്.

ഈ ഘട്ടത്തിലാണ് ആധുനിക വിദ്യാഭ്യാസസമ്പ്രദായവും ഭാരതത്തിന്റെ പ്രാചീന വൈദ്യപദ്ധതിയായ ആയുർവ്വേദവും നമ്മുടെ ചിന്താമണ്ഡലത്തിലേക്ക് കുതികൊള്ളുന്നത്. ആയുർവ്വേദമെന്നത് കൊണ്ട് ഞാനുദ്ദേശിക്കുന്നത് ഭാരതത്തിന്റെ വിദ്യാഭ്യാസസരണിയുടെ ഒരു പ്രധാന പോഷകനദിയായി അത് നിലകൊണ്ടിരുന്ന കാലഘട്ടത്തിലെ ആയുർവ്വേദത്തെയാണ്; അല്ലാതെ ഇന്നത്തെ ശോചനീയാവസ്ഥയിലുള്ളതിനെയല്ല. ആ സുവർണ്ണയുഗത്തിലെ, ഇന്ത്യൻ പട്ടണങ്ങളുടേയും ഗ്രാമങ്ങളുടെയും ശുചീകരണതല്പരതയെയും അതിൽ ആയുർവ്വേദം വഹിച്ച പങ്കിനെയും വൈദേശികരായ വ്യക്തികൾ പോലും മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ട്, അവ ചരിത്രം തങ്കലിപികളിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. മററു പല രാജ്യങ്ങളിലെയും ആരോഗ്യപ്രവർത്തനങ്ങൾക്ക് അത് മാതൃകയായി പരിലസിച്ചിരുന്നു വെന്നതിന്ന് തെളിവുകളുണ്ട്.

"There is reason to believe that many great philosopher's like Paracelsas, Hypocratis and Pythagoras actually visited the last and helped in the transmission of Hindu culture to their own countries"

[Galan the great physician of Greece]

"The meteria medica of the ancient Hindus is a marvel from which both the Greeks and the Romans freely borrowed"

[Captain Johnston Saint]

മേലുദ്ധരിച്ച വരികൾ അവ വിശദമായി തെളിയിക്കുന്നു. പക്ഷെ ഇന്നത്തെ നില! അതോക്കാതിരിക്കയാവും ഭേദം.

ഈ ഘട്ടത്തിൽ ആയുർവ്വേദത്തെയും അലോപ്പതിയെയും ഹോമിയോപ്പതിയെയും ഒന്ന് താരതമ്യപ്പെടുത്തുന്നത് നന്നായിരിക്കും. പ്രായോഗികവശങ്ങളെയൊ ചികിത്സാസൌകര്യത്തെയോ അല്ല ഇവിടെ താരതമ്യപഠനംകൊണ്ടുദ്ദേശിക്കുന്നത്; മറിച്ച് ആരോഗ്യനിയമങ്ങളെ സംബന്ധിച്ച വശം മാത്രമാണ്. ആരോഗ്യം നശിച്ച ശേഷം അത് വീണ്ടെടുക്കുവാൻ ശ്രമിക്കുക എന്ന തത്വത്തിലല്ല മറിച്ച് 'രോഗം വരാതെ കാത്ത് സൂക്ഷിക്കുക' (Prevention is better than cure) എന്ന സിദ്ധാന്തത്തിലാണ് ആയുർവ്വേദം അധിഷ്ഠിതമായിട്ടു

ളളത്. മറിച്ച് അലോപ്പതിയും ഹോമിയോപ്പതിയും പ്രാധാന്യേന രോഗശമനവിഷയത്തിലാണ് ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത് എന്നത് നിഷേധിക്കാനാവാത്ത ഒരു വസ്തുത മാത്രമാണ്. എന്നാൽ ആയുർവ്വേദം ''സ്വസ്ഥവൃത്തം'' എന്നും 'രോഗിവൃത്തം' എന്നും രണ്ടു പ്രത്യേകഭാഗങ്ങൾ തന്നെ ഉൾക്കൊള്ളുന്നു. 'ശരീരമാദ്യം ഖലു : ധർമ്മസാധനം'' എന്ന തത്വത്തിലാണ് അത് പടുത്തുയർത്തപ്പെട്ടിട്ടുള്ളത്. 'രോഗമെന്നതിനെസ്സംബന്ധിച്ചിടത്തോളമുള്ള അതിൻെറ വീക്ഷണഗതിയൊ വളരെ വിശാലമാണ്താനും ''ദേഹമനസൊ രുചന്തീതിരോഗം :'' എന്നത്രെ അത്. 'സ്വസ്ഥവൃത്തത്തിലൂടെ വിശിഷ്യ' ദിനചര്യയിലൂടെ'' "ബ്രാഹ്മേ മുഹൂർത്ത ഉത്തിഷ്ഠേൽ ...... ''എന്നു് തുടങ്ങി ''യഃ സമാചരൻ ആയുരാരോഗ്യം ഐശ്വര്യം,'യശൊശാശ്വതാൻ ലോകാൻച ശ്ച പ്രാപ്നൊതി'' എന്ന്വരെയുള്ള ഭാഗത്തിലൂടെ ആചാര്യൻ നിർദ്ദേശിക്കുന്ന ആരോഗ്യനിയമങ്ങൾ പരിശോധനാവിധേയമാവുന്നതായാൽ ഈ സ്പുട്നിക്ക്യുഗത്തിൽക്കൂടി ഇത്ര വിലപ്പെട്ട ഒരു ആരോഗ്യരക്ഷണോപാധി നിർദ്ദേശിക്കപ്പെട്ടിട്ടില്ലെന്നു് വ്യക്തമാവുന്നതാണ്. ആയുർവ്വേദം മററുവിഷയങ്ങളുടെ കൂടെ പഠിപ്പിക്കപ്പെട്ടുകൊണ്ടിരുന്ന ആ കാലഘട്ടത്തിൽ ശുചിത്വബോധം തങ്ങളുടെ പരമലക്ഷ്യമായി ഭാരതീയർ അംഗീകരിച്ചതിൽ അത്ഭുതപ്പെടുവാനെന്തുള്ളൂ ! അന്ന് ഇന്നത്തെപ്പോലെ ഒരു 'പ്രത്യേക വിഭാഗ'ത്തെ മാത്രമായിരുന്നില്ല ആരോഗ്യരക്ഷണോപാധികൾ പഠിപ്പിച്ചിരുന്നത് എന്നതും സ്മർത്തവ്യമാണ്.

എന്നാൽ ഇന്നത്തെ സ്ഥിതി ! ''ആരോഗ്യം സർവ്വധനാൽ പ്രധാനം'' എന്ന ആപ്തവാക്യം ചെറിയ ക്ലാസുകളിൽ കോപ്പിയെഴുതിക്കുന്നത് കൂടാതെ, ആരോഗ്യ സംരക്ഷണോപാധികൾ പഠിപ്പിക്കുക എന്നത് വളരെ മോശമാണെന്ന ഒരു ധാരണകൂടി ഇന്നത്തെ വിദ്യാഭ്യാസവിചക്ഷണരിലുണ്ടോ എന്ന് ശങ്കിക്കപ്പെടുന്ന ഒരു പരിതഃസ്ഥിതിയാണുള്ളത്. പാശ്ചാത്യ വിദ്യാഭ്യാസ സമ്പ്രദായത്തിൻെറ ഈ ദൂഷ്യഫലത്തെ തിരുത്തേണ്ടകാലം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിജി ആയുർവ്വേദത്തെ ഇന്ത്യയുടെ ദേശീയ വൈദ്യപദ്ധതിയായി ഉയർത്തണമെന്നു് ഉൽബോധിപ്പിച്ചിരുന്നതിൻെറ രഹസ്യവും മറെറാന്നല്ല. ആയുർവ്വേദത്തിലെ സ്വസ്ഥവൃത്തത്തിൻെറ കാതലായ വശങ്ങളെ സംഗ്രഹിച്ചു മററു വൈദ്യസമ്പ്രദായങ്ങളിൽ നിന്നുമുള്ള സാരങ്ങളെയും കൂട്ടിച്ചേർത്ത് പ്രാഥമിക സ്കൂളുകൾ തൊട്ട് കലാലയങ്ങൾ വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മററു വിഷയങ്ങളോടൊപ്പം അതും ഒരു പഠനവിഷയമാക്കേണ്ട ഘട്ടം അതിക്രമിച്ചു കഴിഞ്ഞു.

രാജ്യം ഒരു കനത്ത ആക്രമണ ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കയാണ്. അതൊരുപക്ഷെ ഒരു ദീർഘകാല സമരമാവാനിടയുണ്ടെന്ന് പ്രധാനമന്ത്രി പ്രസ്താവിക്കുന്നു. ഈ ഘട്ടത്തിൽ രോഗികളായ അവശരായ ഒരു പററം സന്തതികളല്ല ഭാരതമാതാവിന്നാവശ്യമായിട്ടുള്ളത് ; മറിച്ച് അരോഗദൃഢഗാത്രരായ ഉരുക്കുസന്താനങ്ങളാണ് ആവശ്യമായിട്ടുള്ളത്. ഈ ഘട്ടത്തിൽ നമ്മുടെ പ്രാചീന വൈദ്യപദ്ധതിയായ, ഇന്നവശതയനുഭവിക്കുന്ന, ആയുർവ്വേദത്തെ— ആരോഗ്യസംരക്ഷണവിഷയത്തിൽ ഇനിയും കനപ്പെട്ട സംഭാവനകൾ നല്കാൻ കഴിവുള്ള ആയുർവ്വേദത്തെ—ഒരു ദേശീയവൈദ്യപദ്ധതിയാക്കി ഉയർത്തുവാനും മുകളിലുദ്ധരിച്ചപോലെയുള്ള ഒരു 'ആരോഗ്യനിയമ പഠനം' എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നിർബ്ബന്ധമാക്കാനും വേണ്ടി നാം ശബ്ദമുയർത്തുക! ഉറക്കെ ഗർജ്ജിക്കുക!! എല്ലായ്പ്പോഴും അർത്ഥഗർഭമായ ആ ഈരടികൾ ഓർമ്മിക്കുകയും ചെയ്യുക !

ആയുഃ കാമയമാനേന ധർമ്മാർത്ഥസുഖസാധനം
ആയുർവ്വേദോപദേശേഷു വിധേയഃ പരമാദരഃ !!''

# ART OF WRITING

P. K. NARAYAN, U. P. C.

OF all arts, writing is the best. To be a literary artist, clear thinking and much practice are inevitable; study of models and rules offered by good writers is important. You learn to write by thinking and writing. "The difficulty of literature," says Stevenson, "is not to write but to write what we mean."



A writer should know precisely what he wishes to say. To write well, you must think well; sit down to write what you have thought, and not to think what you shall write. And thought itself should determine the bulk and length of expression.

'A great thought is never found in a mean dress', Says Thoreau. There are no better dresses which we can put to our expression than simplicity and sincerity. Hence make it a point to cultivate simplicity and sincerity throughout your writing. But do not forget the fact that the main source from where your writing receives its beauty is from your thought itself; for what you write is nothing but the reflection of your thought.

Clearness is another fundamental quality of good writing. Obscurity arises from a wrong choice or careless arrangement of words to the sentence. And the rule to avoid obscurity is to place words most nearly related as near each other as possible in the sentence.

A student of literary art should give special attention to the study of words. Become interested in words: Don't think words as words, but as symbols of thought. Short words deserve preference; and practise simplicity and precision in the use of them. You should know how to put right words in the right place. And note what Pope has to say of words:

"Words are like leaves; and where they most abound much fruit of sense beneath is rarely found"

Sentence-construction is the next thing to be considered. Give preference to short sentences as in the matter of words since they give clearness, vigour and emphasis. But remember that the variety of sentences is indispensable to good-writing. And avoid a long succession of sentences of one kind. Complete every sentence in your mind. This would largely help to prevent obscurity.

As well as in the matter of construction of sentence, you must give special heed to the order and variety of your paragraphs, in order to make your writing artistic and effective. One of the fundamental rules to be observed in respect of paragraphs is same as that of sentence-construction: Preference is to be given to short paragraphs, while variety of length of paragraphs is important to good writing. But bear in mind that a very long paragraph causes diffuseness, while a very short paragraph produces the effect of a mere sentence. Another thing to be remembered is that every sentence in a paragraph should hold well together, i. e., a paragraph should comprise only ideas which are closely related. And just as one sentence depends upon another, paragraph also should depend upon the preceding one for clearness of meaning.

Now see what Bain has to say: "When an idea is put forward, the best way to stamp it on the mind is to give every thing connected with it—iterations, examples, illustrations and proofs—before passing to another subject. This is like attacking in a phalanx instead of in a loose order."

Begin every paragraph with a short sentence; and use the last sentence for climax or recapitulation. You can link your paragraphs with such phrases as, 'hence it is', 'but this of course is,' 'and so again', etc. This is very beneficial to enhance the grace and clearness of your writing. Not only in the case of paragraphs, but in the case of sentences also this trick can be applied. Thus, suitable connectives such as, 'also', 'or', 'but', 'on the contrary', 'nay', 'hence', etc. can be used to link one sentence to preceding sentence.

Another thing that should be observed in the art of writing is economy. Economy means rejection of what is superfluous, and not miserliness. You should learn to strike out every word, every clause and every sentence the removal of which will not carry away the core of your thought. Conciseness is often desirable; but to be too terse is not desirable. In short, avoid extremes of superfluity and over condensation.

In your writing the energetic phrases and sentences should follow the feebler. This is a psychological necessity, since this stimulates the reader's mind.

"Few write," says Schopenhauer "in the way in which an architect builds; who, before he sets to work, sketches out his plan, and thinks it over down to its smallest details. Nay, most people write only as though they were playing dominoes: and as in this game the pieces are arranged half by design half by chance, so it is with the sequence and connection of their sentences". Hence make it a point to make at least a rough draft of your whole subject before you begin to write the actual composition.

Ben Jonson says: "Language most shows a man: Speak, that I may see thee! It springs out of the most retired and inmost parts of us, and is the image of the parent of it, the mind. No glass renders a man's form and likeness so true as his speech." The study of rules and models is important to learn the technique of the art of writing. But to become a master of the art of writing, you should express yourself. And hence seek to develop the divine qualities of your mind, heart and character; in your study of the art of writing: the greatness of your writing depends upon the greatness of your soul.

# ഭാരതം അറുപത്തിരണ്ടിൽ

(മാലിക്കൻ, തളിപ്പറമ്പു്, ബി.കോം III)

നാല്പത്തിനാലുകോടിയോളം വരുന്ന ഭാരതീയജനതയ്ക്കു് സുഖകരമായ ഒരു ജീവിതവും, സാമൂഹ്യനീതിയും ഉറപ്പുചെയ്യണമെങ്കിൽ നമ്മുടെ സാമ്പത്തികനില വളരെവേഗത്തിൽ അഭിവൃദ്ധിപ്പെടുത്തേണ്ടതുണ്ടു്. പണ്ഡിററ്ജിയുടെ ഭാഷയിൽ പറഞ്ഞാൽ ഏകാധിപത്യമാർഗ്ഗത്തിൽക്കൂടിയല്ലാതെ നാം സ്വീകരിച്ച ജനാധിപത്യപരമായ വഴിയിൽക്കൂടി അതുണ്ടാക്കുകയെന്നുള്ളതു് വളരെയധികം വിഷമം പിടിച്ച പ്രശ്നമാണു്. 1950ൽ ആസൂത്രണകമ്മീഷൻ രൂപീകരിക്കപ്പെടുകയും 1951ൽ നാം നമ്മുടെ മഹത്തായ ഒന്നാം പദ്ധതി ആരംഭിക്കുകയും ചെയ്തു. ഇന്നു നാം രണ്ടുപഞ്ചവത്സരപദ്ധതികൾ പിന്നിട്ടു് മൂന്നാംപദ്ധതിയുടെ രണ്ടാംവർഷത്തിലൂടെ കടന്നുപോകുകയാണു്. ജീവിതം കൂടുതൽ സുഖകരമാകണമെങ്കിൽ എല്ലാ കുടുംബങ്ങളുടേയും ആദായം വർദ്ധിപ്പിക്കുവാനും തൊഴിൽ നല്കുവാനും ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്നിവ വേണ്ടത്ര ലഭിക്കുവാനുമുള്ള വഴികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ശുദ്ധജലം, റോഡു്, വിദ്യാലയം, എന്നിവ എല്ലാഗ്രാമങ്ങളിലും ഉണ്ടാകണം. സമർത്ഥരായ വിദ്യാർത്ഥികൾക്കു് ദാരിദ്ര്യം ഉന്നതവിദ്യാഭ്യാസത്തിന്നു് ഒരു തടസ്സമായി നില്ക്കരുതു്. വികസനപരിപാടികൾ വിജയിക്കണമെങ്കിൽ കൃഷിക്കാരന്നു് അതിൽ മുൻഗണന നല്കണം. എന്നാൽ മററുരാജ്യങ്ങളിലുണ്ടായ അനുഭവത്തിന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ വ്യവസായവളർച്ചയോടുകൂടി മാത്രമെ കൃഷിയും അഭിവൃദ്ധിപ്പെടുകയുള്ളു. ഭാരതംപോലെയുള്ള പിന്നോക്കരാജ്യങ്ങളിൽ വ്യവസായം അഭിവൃദ്ധിപ്പെടണമെങ്കിൽ ഗവണ്മെൻററ് മുൻകൈ എടുത്തു പ്രവർത്തിക്കണം.

കഴിഞ്ഞ പത്തുവർഷത്തെ പുരോഗതി ആശാവഹമാണെന്നു് മററുരാജ്യങ്ങളിൽ ഈ കാലഘട്ടത്തിലുണ്ടായ പുരോഗതിയുമായി തട്ടിച്ചുനോക്കുമ്പോൾ നമുക്കു മനസ്സിലാക്കുവാൻ സാധിക്കുന്നതാണു്. ഒന്നാം പദ്ധതിയിൽ കൃഷി, വിദ്യുച്ഛക്തി, ജലസേചനം, ഗതാഗതം, എന്നിവയ്ക്കാണു് നാം പ്രാധാന്യം നല്കിയിരുന്നതു്; രാജ്യത്തിന്റെ സാമ്പത്തിക സാമൂഹ്യഘടനയിൽ വരുത്തേണ്ട മാററങ്ങൾ എന്തെല്ലാമാണെന്നും അവ എങ്ങനെ വരുത്താമെന്നുമുള്ള കാര്യങ്ങൾ ജനങ്ങൾക്കു മനസ്സിലാക്കി കൊടുക്കുവാൻ കഴിഞ്ഞു വെന്നുള്ളതാണു് ഒന്നാംപദ്ധതിയുടെ ഏററവും വലിയനേട്ടങ്ങളിലൊന്നു്. നമ്മുടെ ജനസംഖ്യയിൽ 80% ത്തോളം വരുന്ന ഗ്രാമീണരുടെ പുരോഗതിക്കുതകുന്ന ഭൂപരിഷ്കരണങ്ങൾ നടപ്പിലാക്കിയതും ഒന്നാംപദ്ധതിക്കാലത്തുതന്നെയാണു്. ജലസേചന സൌകര്യം വർദ്ധിപ്പിക്കുവാൻവേണ്ടി, ഭക്രാനംഗൽ, ദാമോദർവാലി, ഹിരാക്കുഡ്, തുംഗഭദ്രാ തുടങ്ങിയ അനേകം വൻകിട പദ്ധതികളും, അനവധി ചെറുകിടപദ്ധതികളും ഒന്നാംപദ്ധതികാലത്തു തുടങ്ങിയവയാണു്. ചിത്തരഞ്ജൻ തീവണ്ടിഎൻജിൻ നിർമ്മാണശാല, സിന്ദ്രിവളനിർമ്മാണശാല, ഇൻറഗ്രൽകോച്ചുഫാക്ടറി മുതലായവയും ഒന്നാംപദ്ധതിക്കാലത്തു് ആരംഭിച്ച വൻകിട പദ്ധതികളിൽ ചിലവയാണു്. ചുരുക്കത്തിൽ ഒന്നാംപദ്ധതി ജനങ്ങൾക്കു ആസൂത്രിതസമീപനത്തിന്റെ ലക്ഷ്യവും അവ എങ്ങനെ നേടാമെന്നും ചൂണ്ടിക്കാണിച്ചു കൊടുക്കുകയുണ്ടായി.

ഒന്നാംപദ്ധതിയിലെ അടിസ്ഥാനതത്വങ്ങൾ സ്വീകരിച്ചുകൊണ്ടാണ് രണ്ടാം പദ്ധതി ആരംഭിച്ചത്. ഈ പദ്ധതിയിൽ കൂടുതൽ തൊഴിൽസാദ്ധ്യതകൾ ഉണ്ടാക്കുന്നതിന് പ്രത്യേകം പ്രാധാന്യം നല്കുകയും ചെയ്തിരുന്നു. ഭീലായി, ദുർഗ്ഗാപ്പൂർ, റൂർക്കേല എന്നീ ഇരുമ്പുരുക്കുനിർമ്മാണശാലയിലും, ഭോപാലിലെ ഹെവി ഇലക്ട്രിക്ക് ഫാക്ടറിയിലും ഉല്പാദനം ആരംഭിച്ചതും രണ്ടാംപദ്ധതിക്കാലത്താണ്. ഇങ്ങനെ ഒന്നുംരണ്ടും പദ്ധതികൊണ്ട് നമുക്കു അഭിമാനിക്കത്തക്കതായ പല നേട്ടങ്ങളും, പുരോഗതിയും കൈവന്നതായി പദ്ധതി തുടങ്ങുമ്പോഴുള്ള ഭാരതത്തിലെ സ്ഥിതിയുമായി താരതമ്യപ്പെടുത്തുമ്പോൾ മനസ്സിലാകുന്നതാണ്. ഈ കാലഘട്ടത്തിലുണ്ടായ നേട്ടങ്ങൾക്ക് വസ്തുനിഷ്ഠമായ ചില കണക്കുകൾ ഇവിടെ ഉദ്ധരിക്കാം. 1950–51ൽ നാം ഉല്പാദിപ്പിച്ച ഭക്ഷണധാന്യങ്ങൾ 5കോടി 53ലക്ഷം ആയിരുന്നെങ്കിൽ അതു 1961 ആയപ്പോഴെക്കും 7കോടി 93ലക്ഷവും പഞ്ചസാര ഉല്പാദനം 56ലക്ഷം ടണ്ണിൽനിന്ന് 80ലക്ഷം ടണ്ണായും എണ്ണക്കുരുക്കളുടെ ഉല്പാദനം 51 ലക്ഷം ടണ്ണിൽനിന്ന് 71 ലക്ഷം ടണ്ണായും പരുത്തി ഉല്പാദനം 29 ലക്ഷം കെട്ടിൽനിന്ന് 51 ലക്ഷം കെട്ടായും, ചായ ഉല്പാദനം 25 ശതമാനവും കണ്ടു വർദ്ധിക്കുകയുണ്ടായി, ജലസേചനം നടത്തുന്ന പ്രദേശത്തിന്റെ വിസ്തൃതി 5 കോടി 15 ലക്ഷം ഏക്കറിൽനിന്ന് 7 കോടിയായി വർദ്ധിക്കുകയും, 39 ലക്ഷം ഏക്കർ തരിശുഭൂമി കൃഷിക്കുപയുക്തമാക്കി തീർക്കുകയും ചെയ്തു. കൃഷിക്കാർക്ക് സഹകരണസംഘത്തിൽനിന്നു ലഭിച്ച വായ്പ 23 കോടി ഉറുപ്പികയിൽനിന്ന് 200 കോടി ഉറുപ്പികയായി വർദ്ധിക്കുകയും, സഹകരണകടവായ്പസംഘങ്ങളുടെ എണ്ണം ഇരട്ടിക്കുകയും ചെയ്തു. സാമൂഹ്യ വികസന പദ്ധതി ജനസംഖ്യയിൽ പകുതിയിലധികം താമസിക്കുന്ന, ഏകദേശം മൂന്നു ലക്ഷത്തിലധികം വരുന്ന ഗ്രാമങ്ങളിൽ നടപ്പിലാക്കുകയുണ്ടായി. ഇതിന്നു പുറമെ വിദ്യുച്ഛക്തി ഉല്പാദനം, മൂന്നിരട്ടി കണ്ടും, കല്ക്കരി ഉല്പാദനം മൂന്നുകോടി ഇരുപത്തിമൂന്നു ലക്ഷം ടണ്ണിൽനിന്ന് അഞ്ചു കോടി നാല്പത്തിയാറുലക്ഷം ടണ്ണായും, ഇരുമ്പയിരുല്പാദനം 32 ലക്ഷം ടണ്ണിൽനിന്ന് 107 ലക്ഷം ടണ്ണായും, ഉരുക്കുല്പാദനം 14 ലക്ഷത്തിൽ 35 ലക്ഷം ടണ്ണായും വർദ്ധിക്കുകയുണ്ടായി. ഇതിന്നു പുറമെ പെട്രോളിയം, ഗ്യാസ് എന്നിവയുടെ നിക്ഷേപം പല സ്ഥലങ്ങളിൽ കണ്ടുപിടിക്കുകയും അതുവഴി എണ്ണ വാങ്ങുന്നതിന്നായി ചെലവഴിച്ചിരുന്ന വലിയൊരു തുക ലാഭിക്കുന്നതിന്നു സാധിക്കുകയും ചെയ്തു. പെട്രോളിയം ശുദ്ധീകരണവും നമ്മുടെ നാട്ടിൽതന്നെ ആരംഭിക്കുവാൻ സാധിച്ചു. ഇതിന്നു പുറമെ ലോറികളുടേയും ബസ്സുകളുടേയും എണ്ണം ഒരു ലക്ഷത്തി പതിനാറായിരത്തിൽനിന്ന് 216000മായും നിരപ്പുചെയ്ത റോഡുകളുടെ ദൈർഘ്യം 97500 മൈലിൽനിന്ന് 144000 ആയും വർദ്ധിച്ചു. സഞ്ചാരത്തിന്നു മാത്രമല്ല, വാർത്താവിതരണത്തിന്നും വേഗത വർദ്ധിച്ചിട്ടുണ്ട്. പോസ്റ്റാഫീസുകളുടെ എണ്ണം 36000ൽനിന്ന് 77000 ആയും ടെലിഫോണുകളുടെ എണ്ണം 168000ൽനിന്നു 460000 ആയും വർദ്ധിക്കുകയും എല്ലാ ഭാഷാപ്രദേശങ്ങളിലും കുറഞ്ഞതു് ഒരു റേഡിയോ സ്റ്റേഷൻവീതം തുറക്കുകയും ചെയ്തു. വിദ്യാഭ്യാസരംഗത്തും നമുക്കുണ്ടായ പുരോഗതി ഈ കാലഘട്ടത്തിനിടയിൽ അത്ഭുതാവഹമായിരുന്നു. 1951ൽ കോളേജുകളിലും, സ്കൂളുകളിലുമായി 23500000 ആയിരുന്നതു് 43500000 ആയും വർദ്ധിച്ചു. ദേശീയ വരുമാനത്തിന്നുണ്ടായ വർദ്ധനവും അത്ഭുതാവഹമായിരുന്നു. 1951ൽ ഇന്നത്തെ വിലത്തോതു വെച്ചുനോക്കുമ്പോൾ 10240

കോടി ആയിരുന്നതു് ഇപ്പോൾ 14500 കോടിയായി വർദ്ധിക്കുകയും, ആളോഹരി വരുമാനം 284 രൂപാ ആയിരുന്നതു് 330 രൂപാ ആയി വർദ്ധിക്കുകയും ചെയ്തു. ഇങ്ങനെ ഒന്നും രണ്ടും പദ്ധതികൊണ്ടു് ഇൻഡ്യക്കുണ്ടായ പുരോഗതി വമ്പിച്ചതാണെന്നു് മേലുദ്ധരിച്ച കണക്കുകളിൽനിന്നും, മററും നമുക്കു മനസ്സിലാക്കുവാൻ കഴിയും.

ഇപ്പോൾ നാം മൂന്നാംപദ്ധതിയുടെ രണ്ടാംവർഷത്തിലൂടെ കടന്നുപോകുകയാണു് ; അതേസമയത്തുതന്നെ സ്വാതന്ത്ര്യലബ്ധിക്കുശേഷം ഏററവും വിഷമംപിടിച്ച കാലഘട്ടത്തിലൂടെയും. ഓക്ടോബ്ബറിലുണ്ടായ ചൈനീസു് ആക്രമണംമൂലം പദ്ധതി നിറുത്തിവയ്ക്കണമെന്നും, അതല്ലാ പദ്ധതിയിൽ മാററംവരുത്തി രാജ്യരക്ഷക്കു് കൂടുതൽ തുക ചെലവാക്കിയാൽ മതിയെന്നുമുള്ള അഭിപ്രായങ്ങൾ പൊന്തിവന്നിരിക്കുകയാണു്. പദ്ധതി നിറുത്തിവക്കുകയെന്നു പറഞ്ഞാൽ ഇതേവരെയുണ്ടായ പുരോഗതിക്കു തടസ്സം സൃഷ്ടിക്കുകയെന്നതായിരിക്കും. പദ്ധതി നിറുത്തിവക്കുന്നതിനു പകരം രാജ്യരക്ഷക്കു് കൂടുതൽ പ്രാധാന്യം നല്കികൊണ്ടു് തുടർന്നുപോകുകയെന്നതാണു് ഏററവും അനുയോജ്യമായിട്ടുള്ളതു്. നമ്മുടെ ജവാന്മാർ മഞ്ഞണിഞ്ഞ മലകളിൽ 14000അടി ഉയരെ ചൈനക്കാരോടു യുദ്ധം ചെയ്യുമ്പോൾ നാമവക്കു പിന്തുണനല്കി കൊണ്ടു് പാടങ്ങളിലും, ഫാക്ടറികളിലും ഉല്പാദനം വർദ്ധിപ്പിക്കുകയാണു വേണ്ടതു് ; എന്നാൽ മാത്രമെ രാജ്യരക്ഷക്കുവേണ്ടി വരുന്ന കൂടുതൽതുക ഇവിടെത്തന്നെ ഉണ്ടാക്കുവാൻ സാധിക്കുകയുള്ളു. പ്രധാനമന്ത്രി നെഹ്റു പറഞ്ഞതുപോലെ ഓരോ ഭാരതീയനും അരയും തലയും മുറുക്കി പ്രവർത്തിച്ചെങ്കിൽ മാത്രമെ നമുക്കു നമ്മുടെ അതിർത്തി സംരക്ഷിക്കുവാൻ കഴിയുകയുള്ളു. പദ്ധതിയുടെ വിജയം അർദ്ധപട്ടിണിയിലും, മുഴുപ്പട്ടിണിയിലും കഴിയുന്ന ഭാരതീയരുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരമാണു്. അതുകൊണ്ടു് പദ്ധതിവിജയത്തിന്നു് ജാതിമത രാഷ്ട്രീയചിന്താഗതികൾക്കതീതമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

# CORRUPTION

C. RAMAKRISHNAN, 1st B. Sc.

THE term "corruption" has been defined by a well-known social worker as the 'underhand method by which an undue advantage is secured'. It has now-a-days become a question of public anxiety. In the report of the Railway Corruption Committee, Mr. J. B. Kripalani points out that, chronic delays in correspondence, indifference to public complaints, and irrelevant replies to public queries and delays in the settlement of claims, etc. are quite frequent. This general inefficiency provides ample scope for corruption.

Corruption, in the narrow sense, means, the bribery of public officials and such other officers against which action can be taken under the Indian Penal Code. Bribery of the public officials is the natural outcome of the highly complicated system of administration. Corruption is manifested most in public administration. The increased tendency among the public servants to evade responsibility makes a few higher officials responsible for everything. These higher officials will have to devote their whole time to the office work and become lethargic and indifferent to public interest. Corruption creeps into the promotion and appointment of employees also.

Corruption in the legislative sphere is also equally important. In a country like ours, where the majority are rather illterate and indifferent to democratic principles, there is ample scope for the corruption of the electorate. The large donors to the political parties for the election work. treat their donations as an investment, and want to collect the returns in the form of special favours shown to them by Government.

In the economic field, the Government controls industry and commerce by means of nationalisation of industries etc. Social life is also not exempted from corruption. The funds of temples and other charitable endowments are largely misused.

Let us now consider the remedies for the malpractices mentioned above. The establishment of the Public Service Commission, has, to a very considerable extent helped to reduce the chances of bribery in the fields of public appointments. In order to prove and establish the truth and dependability of Government accounts, they should be subjected to strict auditing.

Under the Home Ministry of the Government of India, a special police establishment, viz., The Anti-corruption Department and special agencies are functioning. The success of such organisations will depend on the promptness and boldness of the measures taken. The functioning of the anti-corruption agency gives rise to some confusion. The authorities will hesitate to bring to light the malpractices, due to the fear that the confidence of public in the administration will be shaken. It is in this context that the former Finance Minister Mr. C. D. Desmukh, suggested that a high power independent tribunal should be established to look into matters of corruption, including the charges against higher officials such as Ministers, legislators etc. It is in order to deal with such situations that a high level impartial judicial tribunal is called for to investigate and report upon complaints or laying information. Such an independent tribunal will also reduce the chances of corruption.

Military dictatorship came into force in Egypt, Pakistan, and Indonesia, as a result of the nepotism, corruption and favouritism which crept into the administrative machinery. Same were the causes of troubles in Burma also. Chiang-ki-shek fell from power due to the wide spread unrest of the people against corruption.

Thus, we can learn from the experience of our neighbouring countries that corruption is the underlying cause of all political upheavals. When we attained our independence after a long struggle and sacrifice, we thought that our national leaders, who were abusing corruption under the British rule, would try to eradicate the evils from the administrative machinery. But we are rather disappointed. Our Anti-Corruption Agencies shrink from their duty of exposing corruption in higher levels, especially in the ministerial level. The most common example of corruption is tax evasion. Let us examine this clearly.

If a revenue falls below the budget estimate, due to tax evasions, the authorities will be compelled to impose more taxes on the right citizens and raise extra loans to meet the expenditure. The tax evaders may invest the evaded money in loans and collect interest thereon from other people. Thus, the honest tax-payers pay their legitimate dues in addition to the extra taxes to make up for the deficiency. It even amounts to penalising honesty and rewarding dishonesty.

To sum up, the success of this campaign will depend upon the honesty, truth fulness and integrity of the nation. Therefore the fundamental requirement of the day is the moral regeneration of the nation based on spiritual and ethical values.

"Corruption," remarked an eminent leader, "is the cancerous sore in the anatomy of administration". If proper measures are not taken to check and cure the malady, the future is frought with dangerous consequences.

# ഇംഗ്ലീഷുഭാഷയുമായുള്ള സമ്പർക്കംകൊണ്ടു മലയാളത്തിന്നുണ്ടായിട്ടുള്ള വികാസപരിണാമങ്ങൾ

ടി. മുഹമ്മദ്കുഞ്ഞി, II B. Sc. (Zoology)

★

ഇംഗ്ലീഷു സാഹിത്യവുമായുള്ള സമ്പർക്കം കൊണ്ടു് മലയാളത്തിന്നു് പറയത്തക്ക പല നേട്ടങ്ങളുമുണ്ടായിട്ടുണ്ടു്. കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ കാലം മുതല്ക്കാണു് മലയാളത്തിൽ ആംഗലഭാഷാപ്രഭാവകാലം ആവിർഭവിക്കുന്നതെങ്കിലും അതിന്നു് എത്രയോ മുമ്പുതന്നെ ഇംഗ്ലീഷു് നമ്മുടെ ഭാഷയിൽ സ്വാധീനം ചെലുത്തിയിരുന്നു. തിരുവിതാംകൂർ ഭരണാധികാരികൾ ഇംഗ്ലീഷുഭാഷയുടെ വർദ്ധിച്ചുവരുന്ന പ്രചാരത്തെ നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. 1834ൽ തിരുവനന്തപുരത്തു് ആദ്യമായി ഒരു ഇംഗ്ലീഷു വിദ്യാലയം സ്ഥാപിക്കപ്പെട്ടു. സ്വാതിതിരുനാളിന്റെ ഭരണകാലത്തു് ക്രിസ്ത്യൻമിഷ്യനറിമാർ സാഹിത്യാഭിവൃദ്ധിക്കായി പ്രയത്നിച്ചിരുന്നു.

ഇംഗ്ലീഷു ഭാഷാപ്രചാരം കേരളീയരുടെ സാമൂഹ്യജീവിതത്തിലെ നാനാവശങ്ങളെയും സ്പർശിച്ചു തുടങ്ങി. ഇംഗ്ലീഷു മലയാള നിഘണ്ടുക്കളുടെയും, വ്യാകരണ ഗ്രന്ഥങ്ങളുടെയും ആവിർഭാവം ഇക്കാലത്തായിരുന്നു. റവറണ്ടു് ബെഞ്ചമിൻ ബെയിലി എന്ന ആംഗ്ലേയൻ ഒരു ഇംഗ്ലീഷുമലയാള നിഘണ്ടുവും, റവറണ്ടു് ജോസഫു് വിറ്റു് എന്ന മറ്റൊരു ആംഗ്ലേയൻ ഒരു മലയാള വ്യാകരണ ഗ്രന്ഥവും രചിച്ചു. ജർമ്മൻകാരനായ ഡോക്ടർ ഗുണ്ടർട്ടുസായ്പിന്റെ ഭാഷാനിഘണ്ടു പ്രസിദ്ധമാണു്. ക്രമേണ പാഠശാലകളുടെയും, വിദ്യാർത്ഥികളുടെയും എണ്ണം വർദ്ധിച്ചുവന്നു. ഇംഗ്ലീഷു വിദ്യാലയങ്ങളിൽ മലയാള പഠനത്തിന്നും വ്യവസ്ഥയുണ്ടായിരുന്നു. മദ്രാസിലും, തിരുവനന്തപുരത്തും, എറണാകുളത്തും കോളേജുകൾ സ്ഥാപിക്കപ്പെട്ടു.

ഇംഗ്ലീഷുഭാഷയുമായുള്ള സമ്പർക്കം കൊണ്ടു് മലയാളത്തിൽ നൂതനമായി ആവിർഭവിച്ച ഒരു സരണി, നോവൽ പ്രസ്ഥാനമാണു്. ഇംഗ്ലീഷുഭാഷയുമായി പരിചയപ്പെടുന്ന ഒരാളെ ഒന്നാമതായി ആകർഷിക്കുന്ന ഗ്രന്ഥങ്ങൾ നോവലുകൾതന്നെയായിരിക്കും. ഭാരതീയരെസ്സംബന്ധിച്ചേടത്തോളം ഈ പ്രസ്ഥാനം നൂതനമായിരുന്നു. ചരിത്രകഥകൾ ഗാനരൂപത്തിൽ അവതരിപ്പിക്കുന്ന സമ്പ്രദായം മുമ്പുതന്നെ കേരളത്തിൽ നടപ്പുണ്ടായിരുന്നു. എങ്കിലും ചരിത്രകഥകൾ ഗദ്യരൂപത്തിൽ കഥാഖ്യാനം ചെയ്യുന്ന രീതി ഇംഗ്ലീഷിൽനിന്നു പകർത്തപ്പെട്ടതുതന്നെയാണു്. സർവാൾട്ടർസ്കോട്ടു, അലക്സാണ്ടർ ഡ്യൂമ, എഡ്ഗാർവാലസ്സ്, താക്കറെ തുടങ്ങിയ പ്രതിഭാശാലികളായ നോവലെഴുത്തുകാരുടെ കൃതികളാണു്, ഈ കാര്യത്തിൽ മലയാളികൾക്കു മാതൃകയായി വർത്തിച്ചിരുന്നതു്. വാൾട്ടർസ്കോട്ടിന്റെ ഐവാനോ, ഡ്യൂമായുടെ ത്രീ മോസ്കിറ്റോസ്, താർക്കറെയുടെ ഹെൻറി എഡ്മണ്ടു് എന്നീ ചരിത്രാഖ്യായികൾ വായിച്ചതിന്റെ ഫലമായാണു്, സാർ സി. വി. രാമൻപിള്ള ആ ഗ്രന്ഥങ്ങളുടെ

മാതൃകയിൽ മാർത്താണ്ഡവർമ്മ, ധർമ്മരാജ, രാമരാജബഹദ്ദൂർ എന്നീ പ്രശസ്തങ്ങളായ ചരിത്രാഖ്യായികകൾ രചിച്ചതു്. 1894ൽ കേരളവർമ്മ വലിയ കോയിത്തമ്പുരാൻെറ അക്ബർ എന്ന ആഖ്യായിക പ്രസിദ്ധീകരിച്ചതും മലയാളത്തിലെ നോവൽ സാഹിത്യത്തിലെ ഒരു പ്രധാന സംഭവമാണു്. ആധുനിക മലയാളസാഹിത്യത്തിലെ ഏററവും വിഫലമായ ശാഖയാണു് ചെറുകഥകൾ. അന്യഭാഷാകൃതികളോടു് കിടപിടിക്കത്തക്ക എത്രയോ ചെറുകഥകൾ നമ്മുടെ ഭാഷയിലുണ്ടു്. പഴയകാലത്തിലെ മലയാളത്തിലെ ചെറുകഥാകൃത്തുക്കളുടെ കൂട്ടത്തിൽ ശ്രീ. ഇ. വി. കൃഷ്ണപ്പിള്ളയുടെ പേരാണു് പെരുമയാർജ്ജിക്കുന്നതു്. ഇന്നു മലയാളത്തിൽ നല്ലനല്ല ചെറുകഥകൾ ധാരാളമുണ്ടു്. എണ്ണത്തിലും ഗുണത്തിലും നമ്മുടെ കഥാസാഹിത്യം അനുദിനം അഭിവൃദ്ധിപ്പെട്ടുവരുന്നു. ഇംഗ്ലീഷു ഭാഷാ സമ്പർക്കംകൊണ്ടു് വേറെയും പല നൂതനപ്രസ്ഥാനങ്ങളും മലയാളത്തിലുണ്ടായിട്ടുണ്ടു്. ഗ്രന്ഥാസ്വാദനങ്ങൾ, സാഹിത്യനിരൂപണങ്ങൾ, യാത്രാവിവരണങ്ങൾ എന്നിവ ഉദാഹരണങ്ങളാണു്.

പാശ്ചാത്യമിഷനറിമാർ മലയാളഭാഷക്കു നല്കീട്ടുള്ള സംഭാവനങ്ങൾ ഗണനാർഹമാണു്. പോർട്ടുഗീസുകാർ ഇംഗ്ലീഷുകാർ മുതലായവരാണു് കൈരളീസപര്യക്കു മുതിൎന്ന പ്രധാന പാശ്ചാത്യർ. മതകാര്യങ്ങൾ പ്രചരിപ്പിക്കുക എന്നതായിരുന്നു അവരുടെ ഉദ്ദേശം. 1599ൽ മെനസീസ്സ് എന്ന മെത്രാപോലീത്തായുടെ ആധിപത്യത്തിൽ നടന്ന ഉദയംപേരൂർ സുന്നഹദോസിലെ കാനോനകൾ മലയാളത്തിലേക്കു് തർജ്ജമ ചെയ്തിരുന്നു. 18-ാം നൂററാണ്ടിൽ പോളിനസ്സ് എന്ന പാശ്ചാത്യ പണ്ഡിതൻ "മലയാണ്മ—ലത്തീൻ—ഇംഗ്ലീഷ് അകാരാദി", എന്ന ഒരു നിഘണ്ടു നിർമ്മിച്ചു. മലയാള സംസ്കൃതശബ്ദങ്ങൾക്കു ലത്തീൻ ഭാഷയിലും ഇംഗ്ലീഷു ഭാഷയിലുമുള്ള അർത്ഥങ്ങൾ അതിൽ വിവരിച്ചിരിക്കുന്നു. 1856ൽ റോബർട്ട് കാംഡ്വൽ എന്ന പാശ്ചാത്യ മിഷ്യനറി ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തിയ ''ദ്രാവിഡ ഭാഷകളുടെ താരതമ്യവ്യാകരണം (A Comparative Grammar of the Dravidian family of languages) എന്ന ഗ്രന്ഥം പ്രസിദ്ധമാണു്. ആധുനിക മലയാള സാഹിത്യത്തിൻെറ വളർച്ചയ്ക്കു് പാശ്ചാത്യ മിഷ്യനറിമാരുടെ സേവനം വളരെയധികം സഹായിച്ചിട്ടുണ്ടു്. അങ്ങനെപാശ്ചാത്യർ കേരളഭാഷക്കും, സാഹിത്യത്തിന്നും ചെയ്തതന്നിട്ടുള്ള സംഭാവനകൾ ആക്കും ഒരിക്കലും വിസ്മരിക്കാവുന്നതല്ല.

## IMPACT OF THE EMERGENCY ON INDIAN ECONOMY

P. M. SIVAPRASAD, III B.COM.

SINCE the attainment of our independence, we have been waging an endless war against want and poverty. During the past twelve years we have laid solid foundations for a continued process of development through the Five Year Plans. The broad objectives of our national plan are economic development, Social justice and democratic growth.



Now our efforts of peaceful reconstruction of the country are faced with a new challenge. Our peace loving mother country has become the victim of the unprovoked aggression by the unscrupulous neighbour, Communist China. During the past years we were spending about 200–250 crores of rupees annually for defence purposes. Considering the size and population of the country, our defence forces comprising half a million armed men, were essentially moderate. The expansionist tendency of China, has proved to be the greatest menace to India, since her independence. Now we are faced with the great task of building up of a military force without abandoning our developmental plans. It is estimated that we have atleast to double our defence expenditure from $2\frac{1}{2}\%$ of the National Income to 5%.

After discussing the situation created by the Chinese aggression, the National Development Council has declared that the Five Year Plans are the integral part of the national defence and the successful implementation of the plan with the necessary adjustments to meet the situation is all-important. The State Governments are required to re-draft their programmes for 1963–64. The power and transport are given greater preference, whereas the activities on Social Services and General Education are to be slowed down.

### Agricultural Sector

As Mr. Nanda pointed out, a strong agricultural base is the primary requisite for national defence. Increased agricultural production is essential to keep up the national income, to meet the demands of rising population and to keep the prices stable. Even though the development during the first year of the Third Five year Plan has been far behind our expectation, the food minister is optimistic about the food grain supply. Our friendly nations, especially USA, have agreed to augment their food supply to India. A nation-wide movement, utilising the voluntary labour to the maximum possible extent, will have to be launched to increase the agricultural production. This will enable the millions to participate in the war efforts. Fertilizer factories are requested to utilise the maximum productive capacity. It is noteworthy that a new fertilizer factory has begun work at Rourkela. The community development blocks should concentrate their attention to agricultural development.

### Industrial Sector

The share of industries in our war efforts is even more important. Drastic steps are taken to accent the industrial production in recent weeks. The production pattern of steel industry is re-organised so as to give more importance to the

production of military equipments. The Mazgoan Dock in Bombay will be expanded so as to build major warships. The new factory proposed to be set up in Avadi in Madras state will produce medium size tanks. Aircraft manufacture also is to be increased. In automobile factories more jeeps and trucks will be produced instead of motor cars. Machine tool factories have begun to work throughout the day. Extension of power generation is given the top-most priority. Consumption of electricity for non-productive purposes are to be curtailed.

**Hold the Price line**

Fixation of the price level in a mixed economy like ours is a complex affair. Some degree of control over the interaction of the forces of demand and supply is necessary. Large public expenditure during the past years of development has increased the purchasing power with the public. Therefore, the price level has a gradual tendancy to rise. The huge defence expenditure will necessarily increase the purchasing power with the public, and hence the demand for consumer goods. Increase in demand without corresponding increase in supply will result in higher prices. Another important factor favouring inflation is deficit financing which is likely to increase inspite of the enthusiastic support of the public to defence loans. In order to stabilise the price line, some degree of control over the distribution of essential goods is necessary. Ofcourse, there is the danger of anti-social activities. People may want to hoard goods in the fear of rising prices. Defence of India Regulations should be strictly enforced to prevent such practices.

The Government has decided to introduce a large number of consumer co-operative stores as an alternative to rationing. They will take care of the needs of the lower income class. Since the members themselves are to share the profits, there will be no exploitation and the prices will not be too high. The Government has a comprehensive scheme with an outlay of Rs. 10 crores to start 200 wholesale and central stores, with 4,000 branches and primary societies in all the important towns in India.

In order to have a proper control over the price line, the consumer co-operative stores should be linked with the producer's organisations. Under the present conditions the consumer stores should get the goods from independent manufacturers or wholesale dealers. If they follow the market trend of prices, the consumer's stores alone cannot control price line. Therefore the linking of consumer co-operative stores with producer's organisations is essential and the Government should guarantee fair price to both. However, the success depends upon the efficient administration and co-operation of the public.

**Need for more Funds**

In order to meet the demands created by Chinese aggression we want more funds. Funds are necessary to provide pay and kit to the new military men, to allow more expenditure on defence industries and to make higher investment for higher production of civilian goods. Donations are only a sign of the response of the public towards the crisis. They will contribute only a tiny fraction of the needs of the time. Therefore the rate of saving should be enhanced considerably. Another source of funds is taxation. The present rate of taxation, namely 10% of the national income is not very high. According to the leading British Economist Miss Barbara Ward, it could be even raised to 20% in a developing economy. Our foreign exchange

which is already under pressure will have to undergo further strains due to the purchase of military equipments and industrial raw-materials from abroad. Efforts to alleviate the foreign exchange stringency should be made from both directions. Firstly, imports should be considerably reduced by the establishment and development of import saving industries. Secondly, production of export goods should be encouraged so as to increase the quantity of exports. People should practice austerity so that, the import of luxury goods can be minimised.

Even though the services of our jawans are more exciting and risky, the role of the peasant and industrial workers is also equally important. Each and every citizen has got to perform his own share in the emergency created by the developments in the border area.

# ഇന്ത്യയും ഹോക്കിയും

കെ. എൻ. ശങ്കരനാരായണൻ, എം. എസ്സ് സി. II

ലോകത്തിലൊരു രാജ്യത്തിന്നും ലഭിക്കാത്ത അസുലഭപദവിയാണ് നമുക്ക് ഹോക്കിയുടെ ചരിത്രത്തിൽ സിദ്ധിച്ചിട്ടുള്ളതു്. 1928-ൽ ആദ്യമായി ഒളിമ്പിക്സിൽ പങ്കെടുത്ത മുതൽ, തോൽവിയുടെ സ്വാദെന്തെന്നറിയാതെ മുന്നേറിയ നാം, 1960ൽ റോം ഒളിമ്പിക്സിൽ തോററതോടെ നമ്മുടെ ഹോക്കിയുടെ ദുർദ്ദശ ആരംഭിച്ചു വെന്നു പറയാം. പക്ഷെ ഇന്നും ആ മധുരിക്കുന്ന ഓർമ്മകൾ, വിജയത്തിൻെറ വെന്നിക്കൊടി നാട്ടിയിരുന്ന ആ കാലഘട്ടത്തിൻെറ ഓർമ്മകൾ, നമ്മെ രോമാഞ്ചകഞ്ചുകിതരാക്കും.

1928ൽ ആംസ്റ്റർഡാമിൽവെച്ചു നടത്തിയ ഒളിമ്പിക്സിലാണ് നാം ആദ്യമായി പങ്കെടുത്തതു്. ആന്നാദ്യമായി ഇന്ത്യക്കവേണ്ടി ഒരു സ്വർണ്ണമെഡൽ, അതും ആദ്യമായി പങ്കെടുത്തകൊല്ലംതന്നെ വാങ്ങുകയെന്ന ബഹുമതി അന്നത്തെ ഹോക്കി കാപ്ടനായ ജയ്പാൽ സിങ്ങിന്നാണ് ലഭിച്ചതു്. അന്നു മുതൽ ലോകത്തിൻെറ Sports mapൽ ഇന്ത്യക്കും ഒരു സ്ഥാനം ലഭിച്ചു. 1932ൽ ലാൽഷായുടെ നേതൃത്വത്തിൽ നമ്മുടെ ടീം അവരുടെ മുൻഗാമികളുടെ വിജയം നിലനിർത്തി. രണ്ടാം ലോകമഹായുദ്ധത്തിന്നു മുൻപത്തെ മൂന്നു ഒളിമ്പിക്സിലേയും ''ഹീറോ'' ആയ ധ്യാൻചന്ദിൻെറ നേതൃത്വത്തിൽ ബർളിനിൽവെച്ച് വീണ്ടും വിജയം കൈവരിച്ച് നാം "ഹാട്രിക്ക്" പൂർത്തിയാക്കി.

രണ്ടാം ലോകമഹായുദ്ധം കാരണമായി 1940ലും, 44ലും ഒളിമ്പിക് മത്സരങ്ങൾ നടന്നില്ല. യുദ്ധത്തിന്നുശേഷം 1948-ൽ നടന്ന ഒളിമ്പിക്സിൽ ബ്രിട്ടനായിരുന്നു ആതിഥേയ രാഷ്ട്രം. അക്കൊല്ലം വെമ്പ്ലി സ്റ്റേഡിയത്തിൽവെച്ചു നടന്ന ഫൈനൽ മത്സരം ഹോക്കിപ്രേമികളുടെ മനസ്സിൽ എന്നെന്നും പച്ചപിടിച്ചു കിടക്കുകതന്നെ ചെയ്യും. അന്ന് ഫൈനലിൽ നമ്മോടേററുമുട്ടിയതു് ആതിഥേയ രാഷ്ട്രമായ ബ്രിട്ടൻ തന്നെയായിരുന്നു. ഇന്ത്യയെ എളുപ്പത്തിൽ തോല്പിയ്ക്കാമെന്നൊരു വിചാരം ബ്രിട്ടീഷുകാർക്കുണ്ടായിരുന്നു. കാരണം നാം പങ്കെടുക്കുന്നതിന്നുമുമ്പു 1920ലും, 24ലും ബ്രിട്ടനായിരുന്നു സ്വർണ്ണമെഡൽ. പിന്നീടു നടന്ന മൂന്നു കൊല്ലങ്ങളിൽ, അതായതു് നാം സ്വർണ്ണമെഡൽ നേടിയ മൂന്നു കൊല്ലങ്ങളിൽ, ബ്രിട്ടൻ പങ്കെടുത്തിരുന്നതുമില്ല.

വെംബ്ലിയിലെ ഫൈനൽ മത്സരം നടന്നതു് അല്പം നനഞ്ഞ ഗ്രൌണ്ടിലായിരുന്നു. കളി നടക്കുമ്പോൾ ചെറിയതോതിൽ ഒരു മഴയുണ്ടായി. കളി തുടങ്ങിയ നിമിഷം മുതൽ ഇംഗ്ലണ്ടിൻെറ ഓരോ മുന്നേററത്തേയും അഭിനന്ദിച്ച് കാണികൾ ഹർഷാരവം മുഴക്കിക്കൊണ്ടിരുന്നു. "Come on, great Briton! Score a goal" എന്ന് എല്ലാ കണ്ഠങ്ങളിൽനിന്നും ഒരുമിച്ച് മുഴങ്ങി. പക്ഷെ അവരെയെല്ലാം നിരാശരാക്കിക്കൊണ്ട്, അല്പനിമിഷങ്ങൾക്കുള്ളിൽ നാം ഒരു ഗോളടിച്ചു. ഒരു വിഭാഗം കാണികൾ

നമ്മുടെ കളിക്കാരെ പ്രോത്സാഹിപ്പിയ്ക്കാൻ തുടങ്ങി. കറച്ച നിമിഷങ്ങരം കൂടിയെ കഴിഞ്ഞുള്ളൂ. അതാ ഇംഗ്ലണ്ടിന്നു് ഒരു ഗോരംകൂടി. അതോടെ പകുതിയിലേറെ കാണികരം നമുക്കനുകൂലമായി ആർത്തുവിളിക്കവാൻ തുടങ്ങി. കളിയുടെ വാശിയും വദ്ധിച്ചു. തുടന്നു് മൂന്നാമത്തേയും, നാലാമത്തേയും ഗോരംകൂടി അടിച്ചപ്പോരം കാണികരം ഒന്നിച്ചാർത്തുവിളിച്ചു, "Come on India, Another one." "Come on India! Make it half a dozen." അങ്ങിനെ ബ്രിട്ടനെ 4–0ന്നു് തോല്പിച്ചു നാം നമ്മുടെ ആധിപത്യം 5 കൊല്ലത്തേക്കു് കൂടി നിലനിർത്തി.

ഇന്ത്യ, പാകിസ്ഥാൻ മുതലായ രാജ്യങ്ങളും ഒരു യൂറോപ്യൻരാജ്യവും തമ്മിൽ ഒരേററുമുട്ടലുണ്ടാകുമ്പോരം ഗ്രൌണ്ടിന്റെ സ്ഥിതിയ്ക്കു് വിജയത്തിൽ ഒരു സുപ്രധാന പങ്കുണ്ടു്. യൂറോപ്യന്മാർ ദൃഢനിശ്ചയത്തിലും, ശരീരപുഷ്ടിയിലും, വേഗതയിലും മുന്നിട്ടു നില്ക്കുമ്പോരം, നാം Stick-workലും, ആസൂത്രിതമായ പാസ്സിങ്ങിലും മുന്നിട്ടു നില്ക്കുന്നു. എത്ര ഗോരം കടുങ്ങിക്കഴിഞ്ഞാലും നിരാശരാവാതെ, കളിയുടെ അന്ത്യം വരെ പൊരുതുന്നവരാണു് യൂറോപ്യൻ ടീമുകരം. അത്തരമൊരനുഭവമാണു് 1952-ലെ ഒളിമ്പിക്സിൽ നമുക്കു് നേരിടേണ്ടിവന്നതു്. അന്നു് ഹെത്സിങ്കിയിൽ വെച്ചായിരുന്നു ഒളിമ്പിക്സു് നടന്നതു്. ''ബാബു'' എന്ന പേരിലറിയപ്പെടുന്ന കെ. ഡി. സിങ്ങു് ആയിരുന്നു അന്നു് നമ്മുടെ ക്യാപ്ററൻ. സ്പെയിനിനെ 4–0ന്നു് തോല്പിച്ചു് നാം സെമി–ഫൈനലിൽ കടന്നു. അവിടെ വെച്ചു് വീണ്ടും ബ്രിട്ടനെ 3–1ന്നു് തോല്പിച്ചു. പാക്കിസ്ഥാനെ ഏകപക്ഷീയമായ ഒരു ഗോളിന്നു തോല്പിച്ചു് ഹോളണ്ടു് ഫൈനലിൽ നമ്മോടേററുമുട്ടാൻ അർഹരായി.

പരേതനായ ഹോക്കികോച്ചു് ഹർബെയിൽ സിങ്ങു് അന്നു നമ്മുടെ ടീമിനെ അനുഗമിച്ചിരുന്നു. ഫൈനൽമത്സരം നടക്കുന്ന ദിവസം രാവിലെ അദ്ദേഹം, 6 കല്ലുകരം ഒരു കയ്യിലും ഒരു കല്ലു് മറുകയ്യിലും വെച്ചുകൊണ്ടു് ബാബുവിനോടു പറഞ്ഞു, നാം 6–1 ന്നു് ജയിക്കുമെന്നു്. ബാബു പോലും അദ്ദേഹത്തിന്റെ പ്രവചനംകേട്ടു് അത്ഭുതപ്പെട്ടുപോയി. ഏതായാലും കാലാവസ്ഥ നമുക്കനുകൂലമായിരുന്നു. ശരീരദാർഢ്യത്തിലും, ദൃഢനിശ്ചയത്തിലും മുന്നിട്ടു നിന്നിരുന്ന ഹോളണ്ടുകാർ തുടക്കംമുതൽ മുന്നേറുവാൻ തുടങ്ങി. പക്ഷെ കുറച്ചുനിമിഷത്തിന്നുള്ളിൽ നാം ധൈര്യം സംഭരിച്ചു് ശക്തിയായ പ്രത്യാക്രമണം തുടങ്ങി. ആ സൂത്രിതവും, സുസംഘടിതവുമായ കളിക്കു മുമ്പിൽ ഹോളണ്ടുകാർ നിഷ്പ്രഭരായിപ്പോയി. 10 മിനിട്ടിന്നുള്ളിൽ ബൽബീറടിച്ച ഒരു ഗോരം കൊണ്ടു് നാം മുന്നിട്ടു നിന്നു. പക്ഷെ ഒരു ഗോരം അവരെ നിരാശപ്പെടുത്തിയില്ല. പൂർവ്വാധികം ശക്തിയോടെ അവർ ഗോരം മടക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. പക്ഷെ ഉയന്ന ഫോമിലെത്തിയ നമ്മുടെ ''കുട്ടികരം'' കൂടുതൽ ആത്മവിശ്വാസത്തോടും പരസ്പര ധാരണയോടും കൂടി മുന്നേറി. ക്ഷണനേരത്തിന്നുള്ളിൽ ബൽബീർ ഒരു ഗോരംകൂടി അടിച്ചതോടുകൂടി കളി ഒന്നുകൂടി സജീവമായി. ഹാഫു് ടൈമിന്നു മുമ്പു് അവക്കു് ഒരു സ്വയം ഗോരം കൂടി കടുങ്ങി. ഹാഫു്ടൈമിന്നു ശേഷം കാപ്ററൻ ബാബു ഒരു ഗോരംകൂടി അടിച്ചു. 0-4ന്നു് പിന്നിട്ടിട്ടുകൂടി ഹോളണ്ടു് പൂണ്ണശക്തിയുമുപയോഗിച്ചു് ആവേശത്തോടെ കളിച്ചുകൊണ്ടിരുന്നു. അവസാനം അവർ അവരുടെ പരിശ്രമത്തിൽ ഏറെക്കുറെ വിജയിക്കുകതന്നെ ചെയ്തു. റൈററു് ഔട്ടിൽ നിന്നും കിട്ടിയ മനോഹര

മായ ഒരു പാസ്സിൽനിന്നു് അവരുടെ ഉരം സൈഡു് റൈററു് അവരുടെ ആദ്യത്തേയും അവസാനത്തേതുമായ ഗോളടിച്ചു. വാശി യേറിയ അവർ വീണ്ടും ഇരച്ചുകയറി. പക്ഷെ ലോകചാമ്പ്യന്മാരുടെ മുന്നിൽ അവരുടെ മുന്നേററങ്ങളെല്ലാം ഛിന്നഭിന്നമായിപ്പോയി. രണ്ടു ഗോളുംകൂടി അടിച്ചു് നാം നമ്മുടെ വിജയം സുനിശ്ചിതമാക്കി.

6 മാസത്തെ നിരന്തരപരിശ്രമത്തിന്റെ ഫലം സിദ്ധിച്ചതിലുള്ള ആഘോഷമായിരുന്നു; ഇന്ത്യൻ കാമ്പിൽ. ഗോളം കീപ്പർ മുത്തു, മൻകൂട്ടി കൊണ്ടുവന്നിരുന്ന സാരി ചുററി ഒരു കഥകളി ഡാൻസു് പ്രദർശിപ്പിച്ചു. വിദേശികളെ ആ ഡാൻസു് വളരെയധികം ആകർഷിച്ചു. കാപ്ററൻ ബാബു പറയുകയാണു് ഹർബെയിൽസിങ്ങിന്റെ ആ പ്രവചനം ഇന്നും അദ്ദേത്തിന്നൊരത്ഭുത രഹസ്യമാണെന്നു്, നമ്മുടെ കളിയെപ്പററി അന്നത്തെ പത്രങ്ങൾ എഴുതിയതു നോക്കുക "De-Valkskrant" എന്ന പത്രം എഴുതി:—"സ്വർണ്ണമെഡലിന്നുള്ള ഊതിവീർപ്പിച്ച ആശകരം തകർത്തുകളഞ്ഞ, ഹോക്കി മാന്ത്രികന്മാരായ ഇന്ത്യൻ കളിക്കാരോടു് ഡച്ചുകാർക്ക പററിയ തോൽവിയിൽ അവക്ക്വമാനകരമായി യാതൊന്നുമില്ല."

"De Telegraph" എഴുതുന്നു:—Holland had not the ghost of a chance against the Indian grand masters, who immediately started a tempo, with which the Dutch players could not keep up." "Equippe" എന്ന പത്രം എഴുതിയതിങ്ങനെയായിരുന്നു:—"The Dutch players were swept off the field and the whole game was a one-sided affair. The team from India was so much superior in every respect that their goal-geeper could have stayed at the bar during the game without being needed in the field." എന്നാൽ നമ്മുക്കേററവും മഹത്തായ പ്രശംസ ലഭിച്ചതു് ഡച്ചുകോച്ചു് ആയ Vriensinga യിൽ നിന്നാണു്. അദ്ദേഹം പറഞ്ഞു:—" I saw the Indians win their first hockey title at Amsterdam in 1928; I saw them win again at 1936 at Berlin and yet again at London; they were just as wonderful as at Amsterdam. What a team!."

കാലം നീങ്ങിക്കൊണ്ടിരുന്നു. 1956 വന്നെത്തി. അക്കൊല്ലത്തെ ഒളിമ്പ്യാഡു് മെൽബോണിൽ വെച്ചാണു് നടന്നതു്. ഇന്ത്യൻനാഷണൽ ചാമ്പ്യൻ ഷിപ്പു് മത്സരങ്ങളിൽ നിന്നു് 30 കളിക്കാരെ തിരഞ്ഞെടുത്തു് കഠിനമായ ട്രെയിനിങ്ങിന്നു ശേഷം നമ്മുടെ ഏററവും സുശക്തമായ ടീമിനെത്തന്നെ നാം പുറത്തിറക്കി. പിന്നീടു് "പദ്മവിഭൂഷൺ" ബഹുമതി നല്ലപ്പെട്ട ബൽബീർ സിങ്ങു് ആയിരുന്നു നമ്മുടെ കാപ്ററൻ. വസന്തകാലവും പ്രതീക്ഷിച്ചു് ആസ്ട്രേലിയയിലിറങ്ങിയ നമ്മുടെ കളിക്കാരെ എതിരേററതു് കൊടും തണുപ്പും ശീതക്കാററുമായിരുന്നു. പക്ഷെ കുറച്ചു ദിവസത്തിന്നുള്ളിൽ അനുകൂലകാലാവസ്ഥയായി മാറി. ആദ്യത്തെ കളി തുടങ്ങി, രണ്ടു മിനിട്ടിന്നുള്ളിൽത്തന്നെ നമ്മുടെ കാപ്ററൻ ബൽബീറിന്റെ വലതു കൈയ്യു് പരിക്കു പററി. എങ്കിലും അഫ്ഘാനിസ്ഥാനെ അന്നു് എതിരില്ലാത്ത 14 ഗോളിന്നു തോല്പിക്കുവാൻ നമുക്കു് കഴിഞ്ഞു. കളി കഴിഞ്ഞപ്പോഴാണു് ബൽബീറിന്റെ പരുക്കിൽ ഭാരവാഹികൾ എത്രത്തോളം അസ്വസ്ഥരാണെന്നു് മന

സ്റ്റിലായതു്. ''ഒടിഞ്ഞ കൈകൊണ്ടുകൂടി ബൽബീറിന്നു് കളിക്കാൻ പററു''മെന്നു് പറഞ്ഞു് അശ്വിനികുമാർ ബൽബീറിനെ സമാധാനിപ്പിച്ചു. ഇന്ത്യൻ ഹോക്കി ഫെഡറേഷൻ പ്രസിഡണ്ടായിരുന്ന പങ്കജ്ഗുപ്ത മൂകനായി അടുത്തു നിന്നിരുന്നു. ടീം മാനേജർ ഡോക്ടറുമായി ചർച്ചചെയ്യുന്നതിൽ വ്യാപൃതനായിരുന്നു. നമ്മുടെ ഹോക്കികോച്ച് കാപ്ററൻെറ ആരോഗ്യത്തിന്നുവേണ്ടി പ്രാത്ഥിച്ചുകൊണ്ടിരുന്നു. ഏതായാലും പിന്നത്തെ രണ്ടുകളികളിൽ, അമേരിക്കയെ 16–0ന്നും, സിംഗപ്പൂരിനെ 6–0ന്നും തോല്പിച്ചപ്പോഴും ബൽബീർ കളിച്ചിരുന്നില്ല.

ഭാരവാഹികളുടെ നീണ്ടുനിന്ന ആലോചനക്കു ശേഷം സെമി ഫൈനലിൽ ജർമ്മനിക്കെതിരായി ബൽബീറിനെ കളിപ്പിക്കുവാൻതന്നെ തീച്ച്യാക്കി. ഒററക്കൈകൊണ്ടായാലും, നമ്മുടെ ടീമിൻെറ നട്ടുന്ളും ക്യാപ്ററനുമായ ബൽബീർ കളിക്കുന്നതു് മററു കളിക്കാക്കു് ഒരു പ്രചോദനമാവുമെന്നു കരുതിയാണു് ഇങ്ങിനെ ഒരു തീരുമാനമെടുത്തതു്. വളരെ പരുക്കൻ മട്ടിൽ കളിച്ച ജമ്മനിയെ നമുക്കു് കഷ്ടിച്ചു് ഒരു ഗോളിന്നു തോല്പിക്കുവാനേ കഴിഞ്ഞുള്ളു. ഒരു ജർമ്മൻ കളിക്കാരൻെറ ചവിട്ടേററു് നമ്മുടെ കളിക്കാരൻ ചാറത്സിൻെറ കാലൊടിഞ്ഞു പോയി. ഫൈനലിൽ അയാൾക്കു പകരം കളിച്ചതു് രഘുബീർ ലാൽ ആയിരുന്നു. നമ്മുടെ അയൽരാജ്യമായ പാകിസ്ഥാനെ, ലോകചാമ്പ്യൻഷിപ്പിൽ നമുക്കേററവും അടുത്ത എതിരാളിയായ പാകിസ്ഥാനെ, ഫൈനലിൽ നാം ഏകപക്ഷീയമായ ഒരു ഗോളിന്നു തോല്പിച്ചു. ആകെ 38 ഗോളടിച്ച ഇന്ത്യക്കെതിരെ ഒരൊററ ഗോളും വീണില്ല. അങ്ങിനെ രണ്ടാം ലോകമഹായുദ്ധത്തിന്നു ശേഷവും നാം മൂന്നൊളിമ്പിക്സിലും വിജയിച്ചു് ''ഹാട്രിക്കു്'' പൂത്തിയാക്കി. ജയ്പാൽ സിങ്ങ്, ലാൽഷാ, ധ്യാൻചന്ദ്, കിഷൻലാൽ, ബാബു എന്നീ ജേതാക്കളുടെ കൂടെ ബൽബീറിൻെറ പേർകൂടി ചേക്കപ്പെട്ടു.

പക്ഷെ നമ്മുടെ മേധാവിത്വം അധികകാലം നിലനിന്നില്ല. മററു രാജ്യങ്ങളിൽ നിന്നും ഉണ്ടായിക്കൊണ്ടിരുന്ന വെല്ലുവിളി ശ്ശൊത്തു് നാം ഉയന്നില്ല. നമ്മുടെ സഹോദരരാഷ്ട്രമായ പാകിസ്ഥാന്നു് നമ്മുടെ കളിയുടെ സവ്വ വശവും സുപരിചിതമായിരുന്നു. 1956 പാകിസ്ഥാനെ നമുക്കു് ഒരൊററ ഗോളിന്നു തോല്പിക്കാൻ കഴിഞ്ഞുവെങ്കിൽ '58ൽ ടോക്കിയോവിൽ വെച്ചു നടന്ന ഏഷ്യൻ ഗെയിംസിൽ നമുക്കവരോടു് ഡ്രോ ആക്കുവാനേ കഴിഞ്ഞുള്ളു. ആ പരമ്പരയിൽ ഏററവും കൂടുതൽ ഗോളടിച്ച പാകിസ്ഥാൻ നമ്മിൽനിന്നു് ചാമ്പ്യൻ ഷിപ്പും സ്വണ്ണമെഡലും തട്ടിയെടുത്തു. ഹോക്കിചരിത്രത്തിൽ നമുക്കാദ്യം പററിയ അടിയായിരുന്നു അതു്. 32 കൊല്ലത്തെ ലോകാധിപത്യം നമുക്കു നഷ്ടപ്പെട്ടു.

എന്നിട്ടും നമ്മുടെ ഹോക്കി ഭാരവാഹികളുടെ കണ്ണു തുറന്നില്ല. അണിയറയിൽ പല കുചേഷ്ടിതങ്ങളും നടന്നുകൊണ്ടിരുന്നു. ലോകം പ്രതീക്ഷിച്ചിരുന്ന 1960ഉം വന്നെത്തി. ഇന്ത്യയുടെ അജയ്യതയെ ടോക്കിയോവിൽ വെച്ചു് ചോദ്യം ചെയ്ത പാകിസ്ഥാൻ, റോം ഒളിമ്പ്യാഡിൽ നമ്മെ വ്യക്തമായ ഒരു ഗോളിന്നു് തോല്പിച്ചു്

സ്വർണ്ണമെഡൽ കരസ്ഥമാക്കി. ഈ പരാജയത്തിന്റെ പിന്നിൽ ഭാരവാഹികളുടെ നെറികെട്ട പ്രവർത്തികളാണ് നാം കാണുന്നതു്. പരിശീലനത്തിന്നു ശേഷം റോമിലേക്കു കൊണ്ടുപോകുവാൻ തിരഞ്ഞെടുത്ത 22 കളിക്കാരിൽ 21 പേരെ കൊണ്ടുപോകാൻ മാത്രമേ ഭാരവാഹികൾ തയ്യാറായുള്ളു. 17 കളിക്കാർക്കു മാത്രം പ്രവേശനം നല്കിയിരുന്ന ഒളിമ്പിക് വില്ലേജിലെത്തിയപ്പോൾ ബാക്കിയുള്ളവരെ അത്‌ലറ്റുകളെന്ന പേരിൽ ചേർത്തി. അവിടെയും നിന്നില്ല ''തമാശ". കൊണ്ടുപോയവരിൽ 13 പേരെ മാത്രമേ കളിപ്പിച്ചുള്ളു. ഏകപക്ഷീയമായ ഒരു ഗോളിന്നു നമ്മെ തോല്പിച്ചു്, പാകിസ്ഥാൻ, ടോക്കിയോവിൽ അവർ നേടിയ ആധിപത്യം വെറും ഭാഗ്യംകൊണ്ടല്ലെന്നു തെളിയിച്ചു. അവസാനമായി 1962 ആഗസ്റ്റിൽ ജകാർത്തയിൽവെച്ചു നടന്ന ഏഷ്യൻ ഗെയിംസിൽ വീണ്ടും രണ്ടു ഗോളിന്നു തോല്പിച്ചപ്പോൾ നമ്മുടെ സകല ആശകളും തകർന്നുപോയി. വളരെ പണം ചിലവഴിച്ചു് നല്ല പരിശീലനം സിദ്ധിച്ച ടീമിനെയാണ് നാം കൊണ്ടുപോയിരുന്നതു്. പക്ഷെ ഫൈനലിൽ നമ്മുടെ സെൻറർ ഹാഫിന്നു് പരിക്കു പററുകയാൽ പത്തു കളിക്കാരോടുകൂടിയാണ് നാം കളിച്ചതു്. 2-0ന്നു നമ്മെ തോല്പിച്ചു പാകിസ്ഥാൻ ഒളിമ്പിക്സിലും അവരുടെ മേധാവിത്വം ഉറപ്പിച്ചു.

ഇനിയും നമുക്കു നമ്മുടെ ആധിപത്യം വീണ്ടെടുക്കണമെങ്കിൽ ഹോക്കിയോടുള്ള നമ്മുടെ സമീപനത്തിൽ സാരമായ ചില മാററങ്ങൾ വരുത്തേണ്ടതുണ്ടു്. സ്കൂളുകളിൽ നിന്നു തുടങ്ങി കാര്യക്ഷമമായ കോച്ചിങ്ങ് പദ്ധതികളിൽക്കൂടി മാത്രമേ നമ്മുടെ ഹോക്കിനിലവാരം ഇനിയും ഉയർത്താൻ കഴിയുകയുള്ളു. ഏതായാലും 1958ൽ ടോക്കിയോവിൽ വെച്ചു് നഷ്ടപ്പെട്ട നമ്മുടെ പദവി 1964ൽ ടോക്കിയോ ഒളിമ്പിക്സിൽവെച്ചു് നാം വീണ്ടെടുക്കുമെന്നാശിക്കാം.

# INDUSTRIALISATION OF KERALA

M. MOHAMED, II B.COM.

KERALA'S economy is a study in contrast. Though endowed by Nature with vast resources, she has yet one of the most backward economies in India. The heavy rainfall assures the steady supply of water and the numerous rivers assure the cheap supply of power. Transport facilities are more than adequate. People are highly literate. Efficient manpower, skilled and unskilled, is available in plenty.

Yet it remains backward industrially and economically. Kerala is the smallest state in India with the thickest population. Her density of population is 1,127 per sq. mile whereas India's average is 313 per sq. mile. Kerala has no heavy industry to speak of and her per capita income is very low. The population is increasing at a greater speed. About 82% are engaged in small scale and cottage industries. Certain areas are specialised in certain industry, eg. Cashew in Quilon and Coir in Alleppy.

The performance of the agricultural sector is not impressive. While for the whole of India 70% of the working force are engaged in agriculture, it is only 51% in Kerala. In non-agricultural sector 22% of the population are engaged as against 11.7% for the whole of India. The pressure of land is so high that it is physically impossible for agriculture to support more than 51% of the population.

Every country must have a well developed industrial sector. There must be a balanced growth of industry and agriculture, but we lack it. Industrialisation will raise the standard of living by providing more employment and augmenting the income of the people. The richest countries are those which are industrially developed.

The high pressure of population and the limited area available for food production make rapid industrialisation a *sin que non* for the economic development of the country. But Kerala has remained industrially backward (and is meagre compared to other states). Industrial sector of the state's economy is the least productive. Most of the Industrial units are extremely small, producing mainly consumer goods and the production of basic investment goods is negligibly small.

The rapid industrialisation of Kerala has become a major pre-occupation of the State Government. Despite all facilities available, the State's industrial development during the past makes disappointing reading. The growing scare of unemployment, the explosive population growth and the low standard of living, only aggravate the maladies of this problem-ridden state. The All India Manufacturers Organisation dispell the notions about the relatively little scope for industrialisation offered by Kerala.

The non-availability of adequate quantum of risk capital and the lack of entrepreneural skill are the two serious impediments to industrial progress. The political instability is a thing of the past. Labour unrest is less. Nevertheless, other factors of production still lie untackled. Another obstacle in the way of industrialisation is the unaccountable delay in land acqusition proceedings, supply of electricity and civic amenities in industrial centres.

It is a matter of sore disappointment that inspite of the crying need for industrialisation in Kerala, not much progress could be made (in this sphere under the

plans. While the whole country progressed, as Kerala lagged behind.) Kerala has not been given the share it deserved by the Centre. During the II plan, out of a total Central investment of Rs.770 crores Kerala got only a Rs. 0.79 crore D. D. T. Factory. In fact a decade of planning has only widened the gap between Kerala and other states.

However in the Third Plan, Central investment in industries in the state is encouraging i.e. Rs. 43 crores, of which 20 crores goes to Cochin shipyard. Other Central schemes are (1) Rs. 7 crores Russian aided Phyto-Chemical plant at Neriyamangalam (2) Czech-aided Precision Instrument Factory (Rs. 8 crores) at Puthussery and Rs. 8 crores for the expansion of F. A. C. T. Alwaye. The new oil refinery may be located here. Medium sized and Small Scale Industries are also given a pride of place under the III plan. Under private sector licences are issued for the promotion of many industries.

Progress of the industrial sector in Kerala was unimpressive. Most of the industries started before planning and are continuing as they were before. The outlay of the state in industries in the First and the Second Plans were only 3.7% and 7.9% of the total outlay. The Third Plan too, has not anything ambitious to offer. State's outlay on industry is Rs. 17.19 crores out of Rs. 170 crores for India. It will be used mainly for expansion, modernisation and re-organisation of the existing state owned industries.

Attention has to be paid in choosing the type of industries that are to be promoted in the state. There are heavy, medium and small scale industries. We want more labour invested industries than capital invested. Small scale industries will solve the problems of unemployment and lack of capital. Large scale industries must go side by side. Then only a planned development of industrial sector in Kerala should entitle a balanced growth.

Industries in Kerala are divided into four kinds:

1. **Agriculturally based industries:**–The rich agricultural resources can serve as the basis for new industries. Coir industry employs nearly 6 lakhs workers. Cashew nut industry is localised in Quilon and Trichur. As the producer of cash crops Kerala's position is something unique. It earns Rs. 90 crores by export and its possibilities of being used as a source of industrial raw-material, is immense. It is in view of this that the National Council of Applied Economic Research (N.C.A.E.R.) has made the suggestion that the state should give up the aim of self sufficiency in food and concentrate on its special suitability for plantations and other cash-crops. Kerala is the leading rubber producing state but it is least utilised. Tea, Coffee, Sugar industries etc., are included in this category.

2. **Industries based on forests:**—There is ample scope in this direction.

3. **Marine based industries:**–There is a 330 mile coastline in Kerala. Big sized units for the canning of fish, fish-meal and oil can be set up.

4. **Industries based on minerals:**–Kerala has considerable deposits of monazite, ilmenite etc. So there is ample scope for these industries.

The panoramic beauty of Kerala offers immense scope for developing tourism as a highly remunerative industry. Tile factories are located in Feroke and timber in Kallai. Both these are under private sector.

The National Council of Applied Economic Research, which conducted a


Techno-Economic survey of the state last year has suggested a ten year programme for accelerated economic growth, aiming at a 101.6% rise in the State's income by 1971. The programme calls for an investment of Rs. 1,000 crores in the 10 years period—Rs. 400 crores in the Third Plan and Rs. 600 crores in the Fourth Plan.

The state govt. will have to launch a vigorous drive towards attracting investors. The natural advantage i.e. the availability of hydro power in plenty at low cost makes up for the lack of coal or mineral oil. The power resources in the state are estimated at 2100 M. W.

Kerala's industrial potential is immense. Plenty of raw-material, cheap power, abundant man power, better systems of transport — these are the ideal conditions for industrial expansion. High density of population and high incidence of educated unemployment are the basic problems and these can be solved only by further industrialisation. That, the industrial sector will have to be the spearhead of future growth is an axiom-applicable to the whole nation and especially to Kerala State due to her peculiar circumstances.

# ജനകീയപ്രസ്ഥാനം

— മുക്കം ബഷീർ, യ. പി. സി.



1498-ൽ വാസ്ക്കോ ഡിഗാമ കേരളക്കരയിൽ കാലെടുത്തു വെച്ചതോടെ നമ്മുടെ സാമ്പത്തിക വ്യവസ്ഥയിലെന്നതുപോലെ സാഹിത്യമണ്ഡലത്തിലും നവ്യമായ ഒരദ്ധ്യായം ആരംഭിച്ചു. ഈ പുതിയ അദ്ധ്യായം മലയാള സാഹിത്യത്തെസംബന്ധിച്ചിടത്തോളം ഒരു ശുക്രനക്ഷത്രത്തിന്റെ ഉദയമായിരുന്നു.

അന്നേവരെ മുരടിച്ച സംസ്കൃതത്തിന്റെയും, ചെന്തമിഴിന്റെയും സ്വാധീനവലയത്തിൽ പെട്ട് മലയാളത്തിന്റെ തനതായ പ്രഭാവം നഷ്ടപ്പെട്ടിരുന്ന അവസ്ഥക്ക് ഏതാണ്ട് പാശ്ചാത്യരുടെ വരവോടെയാണ് ചില വ്യതിയാനങ്ങൾ സംഭവിക്കുവാൻ തുടങ്ങിയത്. പടിഞ്ഞാറൻ മിഷനറിമാരുടെ നിരന്തരമായ സേവനവും ഇംഗ്ലീഷ് ഭാഷയുടെ പ്രചാരവും മലയാള സാഹിത്യത്തിന്റെ ത്വരിതമായ വളർച്ചക്ക് കാരണമായി.

16-ാം നൂററാണ്ടിൽ എഴുത്തച്ഛൻ, പൂന്താനം തുടങ്ങിയവർ രംഗത്തുവന്നു. ഇവർ ഒരു നവ്യപ്രസ്ഥാനവുമായാണ് പ്രത്യക്ഷപ്പെട്ടതെങ്കിലും ഭക്തിയുടെയും തത്വചിന്തയുടെയും സരണിയിൽപ്പെട്ട ഈ പ്രസ്ഥാനത്തിന്ന് അത്രകണ്ട് വളരുവാൻ സാധിച്ചില്ല. ഏതാണ്ട് 18-ാം നൂററാണ്ടോടുകൂടി മലയാളഭാഷാസാഹിത്യം ഒരു നൂതനപന്ഥാവിലേക്ക് പ്രവേശിച്ചു. ഇത് കുഞ്ചൻനമ്പ്യാരുടെ പ്രവേശനത്തോടെയാണ്. അന്നുവരെ ക്ഷേത്രങ്ങളിലും രാജകൊട്ടാരങ്ങളിലും കഴിഞ്ഞുകൂടിയിരുന്ന ഭാഷാസാഹിത്യം കാലത്തിന്റെ നീളത്തിൽ യഥേഷ്ടം വെളിച്ചവും, വായുവുമുള്ള ഒരു വിശാലമണ്ഡലത്തിൽ തളിരിടുകയും പൂവണിയുകയും ചെയ്തു. ഇത് ഒടുക്കമില്ലാത്ത ഒരു തുടക്കത്തിന്റെ അതെ—ജനകീയസാഹിത്യപ്രസ്ഥാനത്തിന്റെ പ്രാരംഭം കുറിക്കലായിരുന്നു.

അങ്ങനെ കുഞ്ചൻനമ്പ്യാർ തുടങ്ങിവെച്ച ആ പ്രസ്ഥാനത്തിന് ആംഗലഭാഷാപ്രചാരത്തോടെ കൂടുതൽ വളരുവാൻ സാധിച്ചു. ഇതോടുകൂടി ദന്തഗോപുരങ്ങളിൽ പ്രഭുക്കളുടെയും, രാജാക്കന്മാരുടെയും താളത്തിനൊത്ത് തുള്ളിക്കൊണ്ടിരുന്ന സരസ്വതീദേവി സാധാരണക്കാരന്റെ മദ്ധ്യത്തിലോട്ട് ഇറങ്ങിവന്നു. ഇതിന്റെയെല്ലാം ഫലമായാണ് 1889ൽ മലയാളത്തിലെ ആദ്യത്തെ നോവൽ—''കുന്ദലത''—അപ്പു നെടുങ്ങാടി പ്രസിദ്ധീകരിച്ചത്. ഏറെത്താമസിയാതെതന്നെ ''ഇന്ദുലേഖ''യേയും, ''ശാരദ''യേയും, ''മാർത്താണ്ഡവർമ്മ''യേയും മററും കൈയ്യിൽ പിടിച്ചുകൊണ്ട് ചന്തുമേനനും, സി. വി.യും മററും രംഗത്തു വന്നു. ഇന്ദുലേഖയിലെ വൈത്തിപ്പട്ടരും, മാധവനും മററും സാധാരണജീവിതത്തിൽനിന്നും അടർത്തിയെടുത്ത ഓരോ കഥാപാത്രങ്ങളാണ്.

കാലം പിന്നെയും കഴിഞ്ഞു. എ. ആർ. രാജരാജവർമ്മ വഴി തെളിയിച്ച റൊമാൻറിസ്റ്റ് പ്രസ്ഥാനവുമായി ആശാൻ, ഉള്ളൂർ, വള്ളത്തോൾ തുടങ്ങിയവർ രംഗത്തു വന്നു. അന്ന് കേരളത്തിലെ സാമൂഹ്യ രാഷ്ട്രീയ മണ്ഡലത്തിൽ നിലവിലിരുന്ന വർഗ്ഗീയ

ചിന്താഗതികളുടെയും; അസമത്വങ്ങളുടെയും കനത്ത ഭിത്തികളെ ഭേദിച്ചുകൊണ്ട് ആ കവിത്രയം മുന്നോട്ടു പോയി. ഭാരതത്തിലങ്ങോളമിങ്ങോളം സ്വാതന്ത്ര്യസമരത്തിന്റെ പ്രചണ്ഡമാരുതൻ ആഞ്ഞടിച്ചിരുന്ന ഒരു കാലഘട്ടമായിരുന്നു അതു. ഈ സാഹചര്യത്തിൽ നാട്ടിന്റെ ആധുനാതന പരിതസ്ഥിതികളുമായി സാഹിത്യകാരൻ ബന്ധപ്പെട്ടിരിക്കണമെന്നും, ജീവിതത്തിന്റെ പരുപരുത്ത യാഥാർത്ഥ്യങ്ങളുമായി അവൻ താദാത്മ്യം പ്രാപിക്കണമെന്നും മനസ്സിലായതിന്റെ ഫലമായി അവരുടെ ചിന്ത ആ വഴിക്കു് തിരിഞ്ഞു. സ്വന്തം അനുഭവങ്ങളെ പ്രകൃതിയിലെ നിത്യ സത്യങ്ങളുമായി കൂട്ടിയിണക്കി; തത്വചിന്താപരമായ കൃതികൾ സാധാരണക്കാരന്റെ മദ്ധ്യത്തിലവതരിപ്പിച്ചപ്പോൾ അതു് കണ്ടു് കൺമിഴിക്കാനല്ലാതെ മറെറാന്നും ചെയ്യുവാനവനു് സാധിച്ചില്ല. ഈ സാഹചര്യത്തിൽ ലളിതമായ ഒരു പ്രതിപാദനരീതി സ്വീകരിക്കുവാൻ നമ്മുടെ സാഹിത്യകാരന്മാർ നിർബന്ധിതരായി. അങ്ങിനെ മലയാള ഭാഷാ സാഹിത്യം, സുപ്രധാനവും, സുഗമവുമായ ഒരു നവീന പന്ഥാവിലേയ്ക്കു് പ്രവേശിച്ചു.

ജന്മി, മുതലാളിത്തമേധാവിത്വത്തിനടിപ്പെട്ടു് ജീവിതമഖിലവും തന്റെ മേലാളന്റെ വളർച്ചയ്ക്കു് വേണ്ടി അടിയറവെച്ച പാവപ്പെട്ടവന്റെ മദ്ധ്യത്തിലേക്ക് "തിയ്യക്കുട്ടിയുടെ കരച്ചിലും" "ദുരവസ്ഥ" യുംമററുമായി ആശാൻ കടന്നു വന്നു.

"നെല്ലിൻ ചുവട്ടിൽ മുളക്കും കാട്ടു–
പ്പുല്ലല്ല സാധു പുലയൻ''

എന്നു് സമുദായത്തിലെ മേലേക്കിടയിലുള്ളവരോടായി അദ്ദേഹം ആജ്ഞാപിച്ചു.

''Workers have nothing to loose, but their chain''

എന്ന കമ്മ്യൂണിസ്റ്റാശയത്തിനു് കേരളത്തിൽ പ്രാബല്യം ലഭിച്ചിരുന്ന കാലത്താണു് ചങ്ങമ്പുഴ രംഗത്തു വന്നതു്. അദ്ദേഹത്തിന്റെ ''യവനിക''യും ''രക്തപുഷ്പങ്ങ''ളും സാധാരണക്കാരനിൽ വളരെയധികം സ്വാധീനം ചെലുത്തി.

''വരട്ടെ വിശപ്പിന്റെ വിപ്ല
വകൊടുങ്കാററി–
ലൊരിയ്ക്കൽ തകർന്നുപോം
മതിക്കും മുതലാളി
ഈശ്വരൻ നിരർത്ഥമാപദം പറഞ്ഞിനി
ശാശ്വത മാക്കാനാകാണങ്ങതാം
തന്നടിമത്തം''

എന്നു് കവി പാടുകയാണു്.

ചങ്ങമ്പുഴയ്ക്കു്ശേഷം അനവധി സാഹിത്യകാരന്മാർ മലയാള ഗദ്യ–പദ്യ സാഹിത്യത്തിലുണ്ടായിട്ടുണ്ടു്. നഗ്നമായ രാഷ്ട്രീയ പക്ഷപാതത്തിന്റെയും; വർഗ്ഗീയ ചിന്താഗതികളുടേയും ദുർഗ്ഗന്ധം വമിക്കുന്ന ഓടയിൽനിന്നു് നരക യാതനയനുഭവിക്കുന്ന തോട്ടിയുടെ മക്കളെ കരാവലംബം നൽകി കര കയററുവാൻ ശ്രമിക്കുകയും, ശ്രമിച്ചു് കൊണ്ടിരിക്കുകയും ചെയ്യുന്നവരാണു് അവരിലധികം പേരും. തകഴിയുടെ ചെമ്മീനും; ബഷീറിന്റെ ബാല്യകാലസഖിയും, ദേവിന്റെ തോട്ടിയുടെ മകനും, വൈലോപ്പിള്ളിയുടെ കുടിയൊഴിപ്പിക്കലും, വയലാറിന്റെ മുളങ്കാടും, ജി.യുടെ ഓടക്കുഴലും എല്ലാം ജീവിതത്തിന്റെ നിത്യ യാഥാർത്ഥ്യങ്ങളിൽനിന്നും പിച്ചിച്ചീന്തി എടുത്ത ഓരോ ഏടുകളാണു്. സാധാരണക്കാരന്റെയും ഇടത്തരക്കാരന്റേയും വേദനയിലും, കണ്ണീരിലും നെയ്തെടുത്തു് അവരുടെ പുഞ്ചിരികൊണ്ടു് നിറം പിടിപ്പിച്ചതാണു്.

ചുരുക്കിപ്പറഞ്ഞാൽ ക്ഷേത്രത്തിന്റെ ദന്തഗോപുരങ്ങളുടെയും ഇരുളടഞ്ഞ കോണുകളിൽ വെളിച്ചം കാണാതെ അസ്തപ്രജ്ഞയായി കഴിഞ്ഞിരുന്ന സാഹിതീ ദേവി ഇന്നു് പൂർണ്ണ വെളിച്ചവും വായുവുമുള്ള ഒരു വിശാല മണ്ഡലത്തിലേക്കു് ഇറങ്ങിത്തിരിച്ചിരിക്കയാണു്.

# കാർഷികത്തൊഴിലാളികഠം – ഭാരതത്തിൽ

വി. ഹാരീസ്, ബി.കോം II

ഏതാണ്ട് 438 ലക്ഷം ജനങ്ങഠം അധിവസിക്കുന്ന ഭാരതത്തിൽ ഏകദേശം 70% ജനങ്ങളും കൃഷിയെ ആശ്രയിച്ചാണല്ലോ ജീവിതനിർവ്വഹണം നടത്തുന്നത്. ഇത്രയും വലിയൊരു വിഭാഗം കൃഷിയിലേർപ്പെട്ടിട്ടും നമ്മുടെ രാജ്യം ഭക്ഷ്യകാര്യത്തിൽ ഇനിയും സ്വയം പര്യാപ്തത കൈവരിച്ചിട്ടില്ലെന്നാണ് കണക്കുകഠം തെളിയിക്കുന്നത്. ഈ ഒരു സ്ഥിതിവിശേഷത്തിന്റെ കാരണങ്ങഠം നാം മനസ്സിലാക്കാൻ ശ്രമിക്കുമ്പോഴാണ് നമ്മുടെ പാവപ്പെട്ട, അനുകമ്പയർഹിക്കുന്ന കർഷകത്തൊഴിലാളികളുടെ ദുരിതപൂർണ്ണമായ കഥകഠം നമ്മുടെ മനോമുകുരത്തിൽ തെളിഞ്ഞു വരുന്നത്.

ഭാരതത്തിന്റെ കാർഷികപ്രശ്നങ്ങളിൽ വെച്ചേററവും പ്രധാന്യമർഹിക്കുന്ന ഒന്നാണ് കർഷകത്തൊഴിലാളികളുടേത്. വസ്തുനിഷ്ഠമായിപ്പറയുകയാണെങ്കിൽ, സംഖ്യാബലത്തിൽ മുന്നിട്ടുനില്ക്കുന്ന ഈ വിഭാഗത്തിന്റെ പ്രശ്നങ്ങളിൽ ഇനിയും ശ്രദ്ധപതിയേണ്ടതായിട്ടാണിരിക്കുന്നത്. രണ്ടു പഞ്ചവത്സരപദ്ധതികഠംകൊണ്ട് കർഷകർക്ക് ആശ്വാസം ലഭിച്ചിട്ടുണ്ടെങ്കിലും വ്യവസായികരംഗത്തുണ്ടായത്ര പുരോഗതി കാർഷികരംഗത്തുണ്ടായിട്ടില്ലെന്നതാണ് പരമാർത്ഥം. കഴിഞ്ഞ കാൽ നൂററാണ്ടിന്നിടയിൽ ഭാരതത്തിലെ കഷ്ടതയനുഭവിക്കുന്ന കർഷകത്തൊഴിലാളികളുടെ പ്രശ്നങ്ങഠം അവഗണിക്കപ്പെട്ടു കിടക്കുകതന്നെയായിരുന്നു.

ഒരു പക്ഷെ ഇന്ത്യയിലെ ആകെ ജനസംഖ്യയിൽ ഏററവുമധികം അവഗണന സഹിക്കേണ്ടിവന്ന വിഭാഗം കർഷകത്തൊഴിലാളികളുടേതാണെന്നു പറഞ്ഞാൽ അതിൽ തെററുണ്ടാവുകയില്ല. 1956–57ലെ ''അഗ്രികഠംച്ചറൽ ലേബർ എൻക്വയറി'' വെളിപ്പെടുത്തിയ കണക്കുകളനുസരിച്ച് ഇന്ത്യയിലെ ആകെയുള്ള കുടുംബങ്ങളിൽ 24.47% കാർഷികത്തൊഴിലാളികളുടേതാണെന്നു കാണാം. സംഖ്യാബലത്തിൽ ഈ വിഭാഗം എത്രകണ്ടു പ്രാധാന്യമർഹിക്കുന്നുവെന്നതിന്ന് ഇത് മതിയായൊരു തെളിവാണ്. ആകെയുള്ള കാർഷികത്തൊഴിലാളികളുടെ എണ്ണം നമ്മുടെ രാജ്യത്തിൽ 350 ലക്ഷമാണ്. ഇവരിൽ പകുതിയിലധികം പേരും സ്വന്തമായി ഭൂമിയില്ലാത്തവരും ബാക്കിയുള്ളവർ ഏററവും വിസ്തീർണ്ണം കുറഞ്ഞ ഭൂമിയുള്ളവരുമാണ്. കൈവശമുള്ള ഇവരുടെ ഭൂമിയുടെ വിസ്തീർണ്ണം പരിഗണനയിലെടുക്കുമ്പോഠം അവ ലോകത്തിൽവെച്ചേററവും ചെറുതാണെന്ന് കാണാവുന്നതാണ്. ഇത്തരം ഭൂമിയിൽനിന്നുള്ള വരുമാനം കർഷകകുടുംബങ്ങളുടെ ജീവിതാവശ്യങ്ങഠം നിർവ്വഹിക്കുവാൻ പര്യാപ്തവുമല്ല തന്നെ. ദൈനംദിന ജീവിതാവശ്യങ്ങഠം നിർവ്വഹിക്കുവാൻ തന്നിമിത്തം ഇക്കൂട്ടർ മററുജോലികളന്വേഷിക്കുകയേ നിർവ്വാഹമുള്ളൂ. ആകെയുള്ള വാർഷികവരുമാനത്തിന്റെ വലിയൊരുഭാഗം ഈ അന്യതൊഴിലുകളിൽനിന്നാണ് ലഭിക്കുന്നത്.

നമ്മുടെ കർഷകരുടെ, അതെ പട്ടിണിയും, പരിവട്ടവും മാത്രം കൂടപ്പിറപ്പായ, ഇവരുടെ വേദന തോന്നുന്ന വേതനത്തെ സംബന്ധിച്ച കരളലിയിപ്പിക്കുന്ന കണക്കുകഠം ഉദ്ധരിക്കാൻ പ്രയാസമാക്കിത്തീർക്കുന്നത്, അവക്കു ലഭിക്കുന്ന വേതനം വിവിഭിന്നപ്രദേശങ്ങളിൽ ഭിന്നതരത്തിൽ ആണ് എന്നുള്ളതാണ്. ഈ വേതനം ലഭിക്കുന്നതോ ധാന്യമായിട്ടാണുതാനും. പിന്നിട്ട ദശാബ്ദത്തിൽ കാർഷികത്തൊഴിൽ വേതന നിലവാരത്തിൽ പറയത്തക്ക വദ്ധനവൊന്നുമുണ്ടായിട്ടില്ല എന്നത്ഒരു വാ

സ്തവം മാത്രമാണ്. നമ്മുടെ കൃഷ്കർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന കൂലിനിരക്ക് നിത്യോപയോഗസാധനങ്ങളുടെ വിലയിലുള്ള വർദ്ധനവിൽനിന്നും രക്ഷപ്രാപിക്കാൻ പര്യാപ്തങ്ങളല്ലതന്നെ. നമ്മുടെ പാവപ്പെട്ട കൃഷ്കത്തൊഴിലാളികളിൽ ഒരു പുരുഷനു് ലഭിക്കുന്ന വേതനം 96 നയാപൈസയും, ഒരു സ്ത്രീക്ക് കിട്ടുന്നത് 59 നയാപൈസയും ഒരു കുട്ടിക്ക് കിട്ടുന്നത് 53 നയാപൈസയുമാണ്. മേലെഴുതിയ സംസാരിക്കുന്ന കണക്കുകൾ നമ്മുടെ ദരിദ്രരായ അർദ്ധപട്ടിണിക്കാരായ കൃഷ്കത്തൊഴിലാളികളുടെ വേതനത്തിൻെറ കണക്കുകളാണല്ലോ ? ഈ കണക്കുകൾ തന്നെയാണ്, നമ്മുടെ കൃഷ്കർ പട്ടിണിയിൽ ജനിച്ചു, പട്ടിണിയിൽ വളന്നു, പട്ടിണിയിൽ മരിക്കുന്നുവെന്നു് നമ്മെ മനസ്സിലാക്കിക്കുന്നതും. ഈ കൂലി നിരക്ക് വ്യവസായത്തൊഴിലാളികളുടെ വേതനവുമായി തട്ടിച്ചു നോക്കുമ്പോൾ കൃഷ്കരുടെ വേതനം തുലോം തുച്ഛമാണ്. ജീവിതാവശ്യങ്ങൾ നിവ്വഹിക്കുവാൻ അപര്യാപ്തങ്ങളായ ഈ കൂലിനിരക്ക് അവരെ തൊഴിലില്ലായ്മയിലേക്ക് വലിച്ചിഴക്കുകയാണ് ചെയ്യുന്നത്. കൊല്ലത്തിൽ മൂന്നു മാസത്തിലധികം തൊഴിൽ രഹിതരായിരിക്കേണ്ട ഒരു ഗതിയാണ് ഭാരതീയ കൃഷ്കനുള്ളത്. ''അഗ്രികൾച്ചറൽ ലേബർ എൻക്വയറി''യുടെ കണക്കുകൾ പരിശോധിക്കുന്നതായാൽ, കൃഷ്കർ ഏതാണ്ട് 189 ദിവസങ്ങളോളം വേതനത്തിൻെറ അടിസ്ഥാനത്തിൽ അന്യരുടെ വയലുകളിലും 50 ദിവസങ്ങളോളം സ്വന്തം ജോലികളിലും 29 ദിവസങ്ങളോളം കാഷികമല്ലാത്ത മററു ജോലികളിലും ഏപ്പെടുന്നുവെന്ന് കാണാവുന്നതാണ്. ഈ തൊഴിലില്ലായ്മയുടെ കാലങ്ങളിൽ ഹുണ്ടികക്കാരുടെ ചൂഷണത്തിന്നിരയായിത്തീരുകയെന്നുള്ളത് കൃഷ്കരുടെ ദയനീയ ചരിത്രത്തിൻെറ മറെറാരദ്ധ്യായമാണ്.

നൂററാണ്ടുകളോളം പഴക്കമുള്ള ദുഷിച്ചു നാറിയ കുടിയായ്മ സമ്പ്രദായത്തിൻെറ നിലനില്പാണ് കൃഷ്കത്തൊഴിലാളികളുടെ ശോചനീയാവസ്ഥക്ക് പ്രധാന കാരണം. മിക്ക പ്രദേശങ്ങളിലും സമുദായത്തിലെ ഏററവും താഴെക്കിടയിലുള്ള അധഃകൃതരാണ് കൃഷ്കരിലധികവും. നിത്യവൃത്തിക്കുവേണ്ടി ഏതെങ്കിലും ഭൂവുടമയെ ആജീവനാന്തം സേവിക്കാൻ കടപ്പെട്ടവരായിത്തീരുകയാണിവർ. മറെറാരു തരത്തിൽ പറയുകയാണെങ്കിൽ ഭൂവുടമകൾ കർഷകത്തൊഴിലാളികളെ വിലക്കു വാങ്ങുകയാണ് ചെയ്യുന്നത്. പ്രകൃത്യാതന്നെ സമുദായത്തിലെ അടിത്തട്ടിലുള്ളവരായതു് നിമിത്തം ഒരടിമത്ത മനോഭാവം നമ്മുടെ കർഷകരിൽ നിലനിന്നു വരുന്നതാണ് പരമാത്ഥം. കേരളത്തിലെ പുലയരും, ചെറുമരും, ബോമ്പെയിലെ കൂലികളും, ഒറീസ്സയിലെ ചക്കാറും, മദ്ധ്യപ്രദേശിലെ ഷൽക്കാരികളും ദുഷിച്ചു നാറിയ കുടിയായ്മ സമ്പ്രദായത്തിൻെറ പ്രതീകങ്ങളാണ്. ഇത്രയും വലിയൊരു ജനവിഭാഗത്തിൻെ ഈ ശോച്യാവസ്ഥ തുടരുന്നിടത്തോളം കാലം സാമുദായികവും, രാഷ്ട്രീയവുമായ ഒരു ബഹുജനമുന്നേററത്തിനുള്ള സാഹചര്യം നിലവിലിരിക്കുകയാണ്.

പ്രഭാതം മുതൽ പ്രദോഷംവരെ നട്ടെല്ലു മുറിയെ പാടങ്ങളിൽ പണിയെടുക്കുന്ന ഭാരതീയ കർഷകർ അക്ഷരജ്ഞാനമില്ലാത്തവരാണെന്ന വസ്തുത ഒരു സ്ഥിതിവിശേഷം തന്നെയാണ്. അടിമത്തത്തിൽനിന്നും രക്ഷ പ്രാപിക്കാനുള്ള പുരോഗമനാശയങ്ങളോ, ചിന്താഗതികളോ അവർക്കപരിചിതങ്ങളാണുതാനും. യാഥാസ്ഥിതിക മനോഭാവക്കാരായ ഇവർക്ക് പുരോഗമനാശയങ്ങളുടെനേരെ പ്രതിഷേധമുണ്ടാകുന്നത് സ്വാഭാവികം മാത്രമാണ്.

വിവിധങ്ങളായ വിഷമതകൾ അനുഭവിക്കുന്ന നമ്മുടെ കൃഷ്കൻെറ സാമ്പത്തികവും, സാമൂഹ്യവുമായ ഉന്നമനത്തിന്നുവേണ്ടിയുള്ള നിർദ്ദേശങ്ങളിൽ ചിലതിവിടെ കുറിക്കുന്നത് നന്നായിരിക്കുമെന്നു തോന്നുന്നു.

രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയ ഭാരതത്തിലെ കർഷകത്തൊഴിലാളികൾ ഇപ്പോഴും കുടിയായ്മ സമ്പ്രദായത്തിന്റെ ബലിഷ്ഠ ഹസ്തങ്ങളാൽ ബന്ധിക്കപ്പെട്ടു് കിടക്കുകയാണെന്നു് നാം നേരത്തെതന്നെ കണ്ടുവല്ലോ? പ്രഥമവും പ്രധാനവുമായ ഒരു നിർദ്ദേശം ഈ മലീമസമായ സമ്പ്രദായം എന്നെന്നേക്കുമായി അവസാനിപ്പിക്കുകയെന്നുള്ളതാണു്. മററു തൊഴിലാളികളെപ്പോലെതന്നെ ജീവിതാവശ്യങ്ങൾ നിറവേററുവാൻ പര്യാപ്തമായ ഒരു കൂലി നിരക്കു്, കൎഷകത്തൊഴിലാളികളുടെ വേതനത്തിലും നിജപ്പെടുത്തേണ്ടതായിട്ടുണ്ടു്. നമ്മുടെ രാജ്യത്തിൽ തരിശായിക്കിടക്കുന്ന ഭൂമി വീണ്ടെടുത്തു് കൃഷിക്കുപയുക്തങ്ങളാക്കി മാററി ഭൂരഹിതർക്കു് വിതരണം ചെയ്യുകയെന്നുള്ളതാണു് മറെറാരു നിർദ്ദേശം. ഭൂരഹിതക്കു് ഭൂമി ദാനം നല്കുകയെന്ന മഹത്തായ ഒരാശയം ഈയിടെയാണു് ഉടലെടുത്തതു്. ഈ ആശയം വിനോബ ഭാവേയുടെ നേതൃത്വത്തിൽ ഇന്നൊരു പ്രസ്ഥാനമായിത്തീൎന്നിരിക്കുന്നുവെന്നതു് സ്വാഗതാർഹവും പ്രോത്സാഹനാർഹവുമാണെന്നതിൽ സംശയമില്ല. ഭൂപരിധി നിൎണ്ണയിച്ചുകൊണ്ടുള്ള നിയമനിർമ്മാണം പല സംസ്ഥാനങ്ങളിലും ഉണ്ടായിട്ടുണ്ടെങ്കിലും അതിന്റെ പരിപൂർണ്ണത ഇപ്പോഴും കൈവന്നിട്ടില്ലെന്നുള്ളതാണു് പരമാൎത്ഥം. അതിനാൽ പരിധി നിൎണ്ണയിച്ചുകൊണ്ടുള്ള സത്വര നടപടികൾ അതാതു സംസ്ഥാന ഗവൺമെണ്ടുകൾ കൈക്കൊള്ളേണ്ടതായിട്ടുണ്ടു്. സഹകരണാടിസ്ഥാനത്തിൽ അനുയോജ്യങ്ങളായ ഗ്രാമീണ വ്യവസായങ്ങൾ പുനരുദ്ധരിക്കുകയെന്നതു് അടിയന്തിരമായും നിൎവ്വഹിക്കേണ്ടുന്നൊരു കാര്യമാണു്. കാരണം തൊഴിലില്ലായ്മയുടെ കാലങ്ങളിൽ ദരിദ്രരായ നമ്മുടെ കർഷകൎക്കു് ഇതാശ്വാസപ്രദമായിരിക്കും.


തരിശുഭൂമി കൃഷിക്കുപയുക്തങ്ങളാക്കി മാററി ഭൂരഹിതൎക്കു് വിതരണം ചെയ്യുവാനുള്ള പദ്ധതിക്കുവേണ്ടി ഒന്നാംപഞ്ചവത്സര പദ്ധതിയിൽ 2 കോടി രൂപ നീക്കിവെക്കപ്പെട്ടിരിക്കയാണു്. രണ്ടാം പദ്ധതിയിൽ പ്ലാനിങ്ങു് കമ്മീഷന്റെ നിർദ്ദേശപ്രകാരം ഇതിന്നുള്ള സംഖ്യ വൎദ്ധിപ്പിക്കുകയുണ്ടായി. കൂടാതെ 14 സംസ്ഥാനങ്ങളും ഉൾക്കൊള്ളുന്ന ഒരു പദ്ധതി, 20,000 ഭൂരഹിതരായ കുടുംബങ്ങളെ ഒരു ലക്ഷം ഏക്രസ്ഥലത്തു് കുടിയിരുത്തുവാൻ, ആവിഷ്കരിക്കപ്പെട്ടിട്ടുണ്ടു്. 5 കോടി രൂപയാണു് ഇതിന്നു നീക്കിവെക്കപ്പെട്ടിട്ടുള്ളതു്.

വിവിധ സംസ്ഥാനങ്ങളിൽ അതാതു് ഗവൺമെണ്ടുകൾ കർഷകൎക്കാശ്വാസം നൽകുന്ന മിനിമം വേജസു് ആക്ടുകൾ നടപ്പിലാക്കണമെന്നു് 1948-ലെ ''മിനിമംവേജസു് ആക്ടു്'' നിർദ്ദേശിക്കുകയുണ്ടായെങ്കിലും ഇന്നും നമ്മുടെ കർഷകത്തൊഴിലാളികൾ കൂലിനിരക്കിന്റെ വേദനിപ്പിക്കുന്ന അനുഭവങ്ങളുമായി കാലം കഴിക്കുകയാണു്.

നമ്മുടെ രാജ്യത്തെ കൎഷകരുടെ ദയനീയാവസ്ഥയുടെ ഒരേകദേശരൂപം നാം കണ്ടുകഴിഞ്ഞുവല്ലോ? യന്ത്രവല്ക്കരണം പരിപൂൎണ്ണമായും സാധിച്ചിട്ടില്ലാത്ത ഇന്നത്തെ സ്ഥിതിക്കു് ഈ വിഭാഗത്തിന്റെ നീറുന്ന പ്രശ്നങ്ങൾക്കു് പരിഹാരം കണ്ടെത്തേണ്ടതു് ഒരു ജനാധിപത്യരാഷ്ട്രമായ ഭാരതത്തിന്റെ കടമയാണു്. നമ്മുടെ ഗവർമ്മേണ്ടു്, മണ്ണിൽനിന്നും പൊൻ വിളയിക്കുന്ന കർഷകന്റെ കാര്യം പല വിധ ആസൂത്രിത പദ്ധതികൾമുഖേന പരിഗണിക്കുന്നുണ്ടെന്ന യാഥാൎത്ഥ്യം നമുക്കു് വിസ്മരിച്ചുകൂടാത്തതാണു്. ഇന്നത്തെ അടിയന്തിരാവസ്ഥയിൽ അപ്രധാനമല്ലാത്ത ഒരു ഭാഗമാണു് നമ്മുടെ കർഷകൎക്കഭിനയിക്കാനുള്ളതു്. അങ്ങിനെയുള്ള നമ്മുടെ കർഷകത്തൊഴിലാളികൾക്കു് സുഖസമ്പൂൎണ്ണമായ ഒരു നില കൈവരുമെന്നു് നമുക്കാശിക്കാം.

# മലയാളചെറുകഥാപ്രസ്ഥാനം—ഒരെത്തിനോട്ടം

രാജൻ, കൊളത്തറ, II ബി. എസ്സ്.സി.



ചെറുകഥക്ക് സമഗ്രവും സർവ്വോദ്ദതവുമായ ഒരു നിർവ്വചനം ഇന്നേവരെ ഉണ്ടായിട്ടില്ലെന്നിരിക്കെ സോമർസെററ് മോം, എച്ച്. ജി. വെത്സ്, ഹഡ്സൻ, എഡ്ഗാർ അല്ലാൻപോ തുടങ്ങിയവരുടെ അപൂർണ്ണങ്ങളായ അഭിപ്രായങ്ങളുദ്ധരിക്കാൻ ഞാൻ മെനക്കെടുന്നില്ല. ചെറുകഥയുടെ ഭാവരൂപാദികളെക്കുറിച്ച് നമുക്ക് ചില ധാരണകളുണ്ട്. തുടിക്കുന്ന ചില നിമിഷങ്ങളുടെ ചിത്രമാണ് ചെറുകഥ. അതു് ഭാവരൂപഭദ്രമായിരിക്കും, രൂപത്തിൽ ചെറുതായിരിക്കും. വികാരപൂർണ്ണമായ ഒരു സംഭവത്തെ ചുററിപ്പററിയായിരിക്കും അതിലെ കഥ നടക്കുന്നതു്. ഇത്രയും മതിയോ? പോര. അനുഭവസമ്പന്നതയും നിരീക്ഷണചാതുരിയും സഹൃദയത്വവുമുള്ളവർ അനവദ്യസുന്ദരമായ ആഖ്യാനവൈഭവത്തോടെയും മേൽ സൂചിപ്പിച്ച ഗുണവിശേഷങ്ങളോടെയും എഴുതുന്ന കഥകളാണ് ചെറുകഥകൾ. ചെറുകഥയുടെ ജീവൻ ഭാവൈകാഗ്രതയാണ്. അതുകൊണ്ടുതന്നെ നോവൽ സംഗ്രഹിച്ചാൽ ചെറുകഥയാവില്ല.

മലയാള ചെറുകഥാപ്രസ്ഥാനത്തിലെ പ്രാരംഭകഥകളെ പരിശോധിക്കുന്ന ഒരു സാഹിത്യവിദ്യാർത്ഥിക്കു ഈ ഗുണവൈശിഷ്ട്യങ്ങൾ മുഴവനുമടങ്ങിയ കഥകൾ കണ്ടെത്താൻ കഴികയില്ല. പാശ്ചാത്യസാഹിത്യവുമായുള്ള സമ്പർക്കത്തിന്നു് വളരെ വത്സരങ്ങൾക്ക് ശേഷം ഉണ്ടായ, മലയാള ചെറുകഥാപ്രസ്ഥാനത്തിലെ, ആദ്യകാലകാഥികരുടെ സൃഷ്ടികളെ ചെറുകഥയെന്ന് കയറിവിളിക്കുന്നതിൽ പന്തികേടുണ്ടെങ്കിലും സ്ഥലകാലക്രിയൈക്യം പാലിച്ചുകൊണ്ടു് നർമ്മരസം തുളുമ്പുന്ന കഥയെഴുതിയവരാണ് കെ. സുകുമാരൻ (മലബാർ), നായനാർ, ഈ. വി. തുടങ്ങിയവർ. വിനോദരസപ്രധാനങ്ങളായിരുന്നു അന്നത്തെ കഥകൾ. അവയുടെ ഉദ്ദേശ്യവും ആനന്ദിപ്പിക്കുകമാത്രമായിരുന്നു എന്ന് മൊത്തത്തിൽ പറയാം. ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, നാരായണപ്പൊതുവാൾ, എം. ആർ. കെ. സി. തുടങ്ങിയവർ ധാരാളം കഥകളെഴുതി. പക്ഷേ അവർക്കാക്കുംതന്നെ മലയാളചെറുകഥകളെ പ്രഫുല്ലമാക്കാൻ കഴിഞ്ഞില്ല.

ആധുനിക മലയാളഗദ്യസാഹിത്യത്തിലെ ഭീഷ്മാചാര്യനായ കേസരി, എ. ബാലകൃഷ്ണപിള്ളയാണ് മലയാള ചെറുകഥാപ്രസ്ഥാനത്തെ ഒരു പുത്തൻ വഴിത്താരയിലൂടെ പുരോഗതിയുടേയും പൂർണ്ണതയുടേയും സങ്കേതത്തിലേക്ക് നയിച്ചത്. കേസരി പകർന്നുകൊടുത്ത നവ ചൈതന്യദായകമായ ചിന്താധാര ചെറുകഥയുടെ അധുനാതന ചരിത്രത്തിൽ ഒരു നിശ്ശബ്ദ വിപ്ലവത്തിന്നു് പ്രേരണ നൽകി. ചെറുകഥാകൃത്തായ തകഴിയെ സൃഷ്ടിച്ചത്

കേസരിയാണെന്നു് പറഞ്ഞാൽ അതില ധികം പതിരുണ്ടാവില്ല. സാമൂഹ്യജീർണ്ണ തയേയും ലൈംഗികാരാജകത്വത്തേയും പച്ചയായിതന്നെ ചിത്രീകരിക്കണമെന്ന ചിന്താഗതിക്കാരനായിരുന്ന കേസരി. ഈ അഭിപ്രായത്തെ തകഴി ശിരസാവ ഹിച്ചു.

ഇവിടം മുതൽ മലയാളചെറുകഥയുടെ ചരിത്രത്തിൽ നിത്യഭാസുരമായ ഒരു പുതു യുഗം ആരംഭിക്കുകയാണ് — തകഴിയു ടേയും ദേവിൻേറയും കാലംതൊട്ടു്.

ഉല്ക്കടങ്ങളായ വികാരങ്ങൾ തുടിച്ചുനി ല്ക്കുന്ന വേദനയിററിററുവീഴുന്ന ജീവിതചി ത്രങ്ങൾ അന്യാദൃശമായ രചനാവൈഭവ ത്തോടെയും ഭാവദീപ്തിയോടെയും തകഴി വരച്ചുകാട്ടി. കാല്പനികത്വത്തിൻെറ കര വലയത്തിൽനിന്നും കുതറിമാറിയ തകഴി മോപ്പസാങ്ങു്, ഫ്ലാബർട്ടു്, ബത്സാക്ക്, ഫ്രോയിഡ് തുടങ്ങിയവരുടെ പിന്നാലെ പ്പോയി. കുത്തഴിഞ്ഞ നഗര ജീവിതത്തെ നഗ്നമായിത്തന്നെ ചിത്രീകരിച്ചു. എതി പ്പുകളുടെ കൂരമ്പുകൾ ഇരച്ചുപാഞ്ഞു. ജീവൻ തുളുമ്പുന്ന ശൈലിയിൽ സാമ്രാജ്യ കാധഃപ്പതനത്തെപ്പററി തകഴി വീണ്ടും വീണ്ടുമെഴുതി. ''സൂചീസൂക്ഷ്മവും വസ്തുനി ഷ്ഠവുമായ ചിന്താവ്യാപാര വിശകലനം, നിരാർഭാടവും നിരാർദ്രവുമായ രീതി യിൽ ഞടുക്കുന്ന സത്യങ്ങൾപോലും വിളി ച്ചുപറയുന്ന ശീലം, പ്രാകൃതവും അനലംകൃ തവും സുശക്തവുമായ ഭാഷാശൈലി എ ന്നിവ ഗ്രദ്ധു്റദൃഷ്ടിയായ തകഴിയുടെ കഥ കൾക്കുള്ള പ്രത്യേകതകളാണു്.''

കേശവദേവും തൻെറ കഥകൾക്കു് വിഷ യമാക്കിയതു് നഗ്നസത്യങ്ങളെയായിരു ന്നുവെങ്കിലും സ്ഫുടികസ്ഫുടം പ്രകാശിപ്പിക്ക പ്പെടുന്ന ജീവിതത്തിന്നൊപ്പം ഭാവനയെ മുട്ടിയുരുമ്മി നില്ക്കാനനുവദിച്ചിരുന്നു. സാ മ്പത്തികവും സാമൂഹ്യവുമായ ഉച്ചനീചത്വ ത്തിലേക്കാണു് ദേവു് വിരൽ ചൂണ്ടിയതു്. ലക്ഷണസമന്വിതമായ, മനുഷ്യസ്നേഹമൊ ലിക്കുന്ന ആ കഥകളിൽ ''ദുഃഖത്തിൻെറ തീച്ചൂളയിൽ വെന്തുപൊരിയുന്ന'' മനുഷ്യാ ത്മാക്കളുടെ ദീനരോദനം കേൾക്കാം. തകഴി നിസ്സംഗനായി ആ അവശരെ നോക്കിക്കാ ണുമ്പോൾ അവരുടെ കണ്ണുകളിൽനിന്നും അടന്നുപതിക്കുന്ന രക്തകണങ്ങളൊപ്പാൻ ശ്രമിക്കാതെ മാറിനില്ക്കുമ്പോൾ ദേവു് ആഞ്ഞടുക്കും ആ മനുഷ്യരെ ആശ്വസിപ്പി ക്കാൻ, അവരുടെ മിഴിനീർ തുടക്കാൻ. ഇതാണു് തകഴിയും ദേവും തമ്മിലുള്ള വ്യത്യാസം.

പ്രകൃതിസൌന്ദര്യത്തിൻെറ ദേവലോക ത്തിരുന്നു് കദനവും ഹർഷവും കണ്ണീരും പുഞ്ചിരിയും സമീചിനലാസ്യമാടുന്ന കഥ കളെഴുതി ഇതേകാലഘട്ടത്തിൽ തകഴിക്കും ദേവിന്നും തുല്യനായി പ്രസിദ്ധിനേടിയ ദേഹമാണു് ഇന്നു ലോകസഭാസാമാജികൻ കൂടിയായ ശ്രീ. എസ്. കെ. പൊറേ ക്കാട്ടു്. നിതാന്തവിമോഹനങ്ങളായ ആ കഥകളുടെ പശ്ചാത്തലം ആകാശവിശാല മായ ഈ ലോകമാണു്. അദ്ദേഹത്തിൻെറ ഭാവനാബന്ധുരങ്ങളായ കഥകൾ അചും ബിതങ്ങളായ വർണ്ണനകളുടെ കേളീരംഗവു മാണു്. ഭാവനയുടെ ഏഴാം സ്വർഗ്ഗത്തിൻെറ മണിയറയിൽ സ്വപ്നംകണ്ടു് ശയിച്ചാലും വർണ്ണനയുടെ വൃന്ദാവനത്തിലൂടെ അനുഭൂതി കളുടെ മദിരമോന്തി ആടിപ്പാടി നടന്നാലും ജീവിതസത്യങ്ങളെ 'എസ്കേ' വിസ്മരിക്കാ റില്ല. അസുലഭമായ ഈ കഴിവുതന്നെ യാണു് 'എസ്കേ'ക്കഥകളുടെ ആകർഷകശ ക്തിക്കു് നിദാനവും.

അടുത്തപടി നാം കാണുന്നതു് വൈക്കം മുഹമ്മതു്ബഷീർ, പൊൻകുന്നം വർക്കി, കാരൂർ, പുളിമാന, ലളിതാംബിക എന്നി വരേയാണു്.

ജീവിതാനുഭവങ്ങളെ ഈഷദ്ഭേദവും വരുത്താതെ നൈസർഗ്ഗികമായ ശൈലി

യിൽ സാധാരണവും മിതവുമായ ഭാഷയിൽ, ആവിഷ്ക്കരിച്ച അവക്ക ഫലിതംകൊണ്ടുയിർകൊടുത്തു ഉജ്ജ്വലങ്ങളായ നല്ല ഒറിജിനാലിററിയുള്ള കഥകൾ വിരചിച്ച വൈക്കം ബഷീർ മലയാളത്തിലെ സമുന്നതനായ ഫോട്ടോഗ്രാഫിക് റിയലിസ്റ്റാണ്.[1] അടക്കവും ഒതുക്കവുമുള്ള, തീക്ഷ്ണമായ ജീവിതാനുഭവംകൊണ്ടാർദ്രമായ ഈ കഥകളിൽ അനുവാചകൻെറ ഹൃദന്തരാളത്തെ കീറിമുറിക്കാൻ വെമ്പുന്ന സന്ദർഭങ്ങളും വിരളമല്ല. അദ്ദേഹത്തിൻെറ കഥകളിലെ നർമ്മരസത്തിൻെറ മന്ദഹാസംപോലും വേദനയുടെ പരിവേഷം പൂണ്ടതാണ്.

''ക്രിസ്തുവിൻെറ നീതിബോധത്തെ കുരിശിലേററികൊശാക്കുന്ന'' പരീശരെ കൊന്തയിൽ നിന്നും കുരിശിലേക്ക് നയിക്കാനും അസമത്വത്തിന്നും സാമൂഹ്യാനീതികക്കുമെതിരായി പടവെട്ടാനും തൂലികയെടുത്ത കാഥികനാണ് പൊൻകുന്നം വർക്കി. ഹ്യൂമനിസമാണ് ആ കഥകളുടെ ജീവൻ. വിങ്ങുന്ന ഹൃദയത്തിൻെറ വിതുമ്പലിന്ന്, അകൃത്രിമമായ നാടൻ ശൈലിയിൽ രൂപമേകാൻ വർക്കിയോളം മററാർക്കും കഴിഞ്ഞിട്ടില്ല. ആ, 'ശബ്ദിക്കുന്ന കലപ്പ' മാത്രം മതി വർക്കിയ്ക്ക് ശാശ്വതത്വം നൽകാൻ. പക്ഷെ, ഒന്നുണ്ട്. പലപ്പോഴും ആ മനുഷ്യസ്നേഹി പ്രചരണത്തിൻെറ തോക്കെടുത്തു് തൂവെള്ളക്കടലാസിലെഴുതി ആ കടലാസ് കീറിക്കളഞ്ഞിട്ടുണ്ട്.

സമുദായത്തിൻെറ എട്ടുകാലി വലകൾക്കിടയിൽപ്പെട്ട് നട്ടം തിരിയുന്ന നിസ്സഹായരായ മനുഷ്യാത്മാക്കളെ ഹൃദയസ്പൃക്കാംവിധം ചിത്രീകരിച്ച ലളിതാംബികയും അനുകമ്പയുടെ കഥകളെഴുതിയ കാരൂരും, ഭാവാത്മക കഥകളെഴുതിയ പുളിമാനയും ഒന്നാംതരം ചെറുകഥകൾ രചിച്ച നാഗവള്ളി വെട്ടൂർ എന്നിവരും ഇത്തരുണത്തിൽ സ്മരണീയരാണ്.

ഇവക്കൊപ്പം നമുക്ക് ഉറൂബിനെയോർക്കാം. ''അസ്സല് കഥകളെഴുതിയിട്ടുണ്ട് ഉറൂബ്.'' അദ്ദേഹത്തിൻെറ; അട്ടഹാസമോ, ആക്രന്ദനമോ, സമരകാഹളമോ തീണ്ടാത്ത, നല്ല കൈയ്യൊതുക്കമുള്ള കഥകൾ മനുഷ്യസ്നേഹത്തിൻെറ വൈജയന്തികളാണ്. അന്തർജ്ഞാനോപലഭ്യമായ ജീവസത്യവ്യഞ്ജനവും നർമ്മബോധവും ഭാവനയാൽ വികസ്വരമാക്കപ്പെട്ട താദൃശകഥാകുസുമങ്ങളുടെ മധുവാണ്. അഭിവ്യഞ്ജകമായ രീതിയിൽ, ഭാവനോത്സിക്തമായ, മനുഷ്യസ്നേഹത്തിൻെറ സന്ദേശമുൾക്കൊള്ളുന്ന കഥകളെഴുതുവാൻ പി. സി. ക്കുള്ള പാടവം ഒന്നു വേറെത്തന്നെയാണ്.

ദിവ്യപ്രേമത്തിൻെറ പേരും പറഞ്ഞ് സ്ത്രീയെ ചതിക്കുന്ന പുരുഷൻെറ നെറികേടിനെ തുറന്നുകാട്ടി പ്രചണ്ഡമായ കഥകളെഴുതി കെ. സരസ്വതിയമ്മ. സ്ത്രീപുരുഷസമത്വവാദിയാണ് അവരെന്നു പറയാം.

നമ്മുടെ ചെറുകഥാപ്രസ്ഥാനത്തെ പരിപോഷിപ്പിച്ച, പരിപോഷിപ്പിക്കുന്ന, അതിൻെറ അഭിമാനകരമായ വളർച്ചയിൽ പങ്കുവഹിച്ച, വഹിക്കുന്ന എത്രയെത്ര നാമധേയങ്ങൾ ഇനി ബാക്കിയുണ്ട്. റാഫി, എം. ടി, പാറപ്പുറത്തു്, കോവിലൻ, നന്തനാർ, മാധവിക്കുട്ടി, കെ. ടി. മുഹമ്മദ്, ഡി. എം. ചെറോക്കാട്, ടി. പത്മനാഭൻ.................ഇതൊരു വിഭാഗമാണ്. മറെറാരു വിഭാഗംകൂടിയുണ്ട്, വളർന്നുവരുന്ന എണ്ണമററ കാഥികരുടെ വിഭാഗം. ആ പട്ടിക വളരെ വളരെ നീണ്ടതാണ്, ഞാനുദ്ധരിക്കുന്നില്ല.

1 ജീവിതചിത്രങ്ങളൊപ്പിയെടുത്തതേപടി അവതരിപ്പിച്ചവരെ ചിലർ ഒരു കാലത്ത് പരിഹാസപൂർവ്വം ഫോട്ടോഗ്രാഫിക്ക് റിയലിസ്റ്റ്കളെന്നു വിളിച്ചു. ആ പരിഹാസം വാസ്തവത്തിൽ ബഹുമതിയായിരുന്നു എന്നവരോർത്തില്ല.

അവധാനപൂർവ്വം, എന്നാൽ നിരീക്ഷണവ്യഗ്രതയോടെ പരീക്ഷണങ്ങളിൽ വ്യാപൃതരായിരിക്കുന്ന ഇന്നത്തെ യുവകാഥികരുടെ നീണ്ട വ്യൂഹം ഒരഭ്യുദയകാംക്ഷിക്ക് ആശ്വാസവും അഭിമാനവും ഏകുന്നതാണ്. ഒരുപിടി സാഹിത്യത്തമ്പുരാക്കന്മാർ തങ്ങളെഴുത്ത് നിറുത്തിയതുകൊണ്ട് മലയാള ചെറുകഥാസാഹിത്യശാഖ മുരടിച്ചുവെന്നൂറ്റം കൊള്ളുന്നുവെങ്കിൽ അവർ ജീവിക്കുന്നത് വിഡ്ഢികളുടെ സ്വർഗ്ഗത്തിലാണ്, കൂത്താക്കൂരിരുട്ടിലാണ്. ഭാവരൂപഭദ്രമായ, ഒരാദിയും അന്തവുമുള്ള ജീവിതത്തിന്റെ ചൂരും ചൂടുമുള്ള ഇന്നത്തെ യുവകാഥികരുടെ കഥകൾ കണ്ട് പതറിപ്പതഞ്ഞ ഹൃദയത്തോടെ തൂലിക താഴെവെച്ചവരാണവർ. ഒന്നു തീർച്ച, ഈ ദുരഭിമാനികളുടെ കഥകളെക്കാളും അന്യൂന സൌഭഗം വഴിഞ്ഞൊഴുകുന്ന കഥകളെഴുതിയവരാണ് ഇന്നത്തെ യുവകാഥികരിൽ പലരും.

‘മാതൃഭൂമി’യിലും അതുപോലെ മററു പ്രമുഖവാരികകളിലും പ്രത്യക്ഷപ്പെടുന്ന, ലക്ഷണമൊത്ത, ജീവിതം സ്പന്ദിക്കുന്ന, വൈവിദ്ധ്യം നിറഞ്ഞ കഥകൾ വായിക്കുമ്പോൾ അഭിമാനത്തിൽ പൊതിഞ്ഞ മന്ദസ്മിതമാണെന്റെ ചുണ്ടിലൂറുന്നത്. ശാസ്ത്രവിഷയം കൈകാര്യം ചെയ്തുകൊണ്ടുള്ള കഥകളും മനഃശാസ്ത്രതത്വാധിഷ്ഠിതമായ കഥകളും മലയാളത്തിൽ അംഗുലീപരിമിതമായിരിക്കാം. എന്നാൽ ഇന്ന് നമ്മുടെ ചെറുകഥയ്ക്ക് ഏത് ഭാരതീയ ഭാഷകളിലെ ചെറുകഥകളേയും വെല്ലുവിളിക്കാം; വിശ്വചെറുകഥകളോട്[2] മത്സരിച്ചു നോക്കാം. അത്രമാത്രം ശുഭപ്രതീക്ഷയുണ്ടെനിയ്ക്ക് ചെറുകഥകളുടെ കാര്യത്തിൽ.

പണ്ടത്തെ ഒന്നാംകിടക്കാരെ നൂറാംകിടക്കാരാക്കി ആധുനിക മലയാള ചെറുകഥ ബഹുദൂരം സഞ്ചരിച്ചു കഴിഞ്ഞു. ഇതറിയാതെ, ‘‘ചെറുകഥ പോയി. സർവ്വത്ര സ്തംഭിച്ചുപോയി. പുതിയ ഒരൊററ എഴുത്തുകാരനെപ്പററിയും എനിയ്ക്ക് പൂർണ്ണമായ പ്രതീക്ഷ തോന്നുന്നില്ല.’’ എന്ന് ആരെങ്കിലും വിലപിച്ചാൽ മൂക്കത്ത് വിരൽ വെക്കയേ നിവൃത്തിയുള്ളൂ.

---

2 വിശ്വകഥാമത്സരത്തിലേക്കുള്ള ഏററവും നല്ല ഭാരതീയ കഥയായി കെ. ടി. മുഹമ്മദിന്റെ ‘കണ്ണുകൾ’ തിരഞ്ഞെടുക്കപ്പെട്ടു എന്ന വസ്തുത ഓർക്കുക

# MUSLIM CONTRIBUTION TO SCIENCE

(M. A. PAREED, P. U. C.)

ISLAM enjoins its followers emphatically the necessity of education. Holy Quran has many times urged upon the Muslims to meditate over the creation of the universe and to study how the Heavens and the Earth have been made subservient to man. On several occasions prophet Mohamed [May peace and blessings of Allah be upon him] has emphasised the inevitability of education for Muslims. On an occasion he said, "to seek knowledge (education) is compulsory for every Muslim man and women". On another occasion the prophet said, "you attain education even if it is in China". The early Muslims lived according to these teachings and instructions. They studied and made elaborate researches on various matters. They paid much attention to scientific studies and invented many things. Their contributions to science are of great value. The Europeans are very much indebted to the early Muslims in this field.

The Arabs had a highly developed system of medicine. They studied and made researches in the medical writings of Galan. Humayun Ibn Ishak, the court physician of Al Mamun was one of the greatest scholars and noblest personalities of the time. He translated innumerable books on medicine in Arabic. The works of Al Razi (Latin—Razes) and Ibn Sina (Latin—Avisenna), two important Muslim scholars in medicine, remain the basis of all medical study in Europe. Al Razi was the greatest surgeon of the medieval ages. His greatest work, Al Hawi, is an encyclopedia of medicine. This book was used as text book in schools of Europe for several centuries. The circulation of blood was not unknown to the early Muslim doctors. They made extraordinary progress in Anatomy and Pharmacology. The Arabs organised hospitals and gave training to the doctors before beginning practice. During the days of Abdul-Rahman III, in Spain there were a hundred hospitals in the city of Cordova alone. The Arabs studied Physiology and hygiene. The credit of firstly-performed operation also goes to the Arabs.

The Muslims have contributed much to Chemistry and Physics. The word Chemistry itself is an Arabic word. The Arab introduced objective experiments, accurate observation of phenomena in their researches. A Chemistry student cannot forget the names of Khalidbin Yaseeth Jafaral-sadiquand, Jabiribn Hayyam and others who remain unforgettable figures in the sphere of Chemistry. Jabiribn Hayyam who is better known by the Christian name Geber, is the father of Arabic Alchemy. Jabir discovered several compounds. He developed the methods of evaporation, sublimation, crystallisation etc.


The names of Al-kurdi, Al-Farabi, Ibn Sina, Al-Biruni and others, who are the representatives of Muslim science, go down as immortal in the history of science. The Arabs did not leave the idea of flying without making any attempt in it. They invented mechanical instruments for flying. Abbasibn Firnas, who had invented an apparatus, with which he flew a long distance, was an Arab. If his attempts were a failure, we are reminded of his name when we think about the discovery of flying. The early Muslims invented the pendulum and mariner's compass. The Arabs also deserve the credit of the invention of the first telescope.

*(Continued on page 24)*

# ഞങ്ങൾ യാത്ര ചോദിക്കുന്നു

എ. കെ. ഉണ്ണികൃഷ്ണൻ നായർ, ബി.കോം III

കണ്ണുനീർ നിറഞ്ഞ കണ്ണുകളോടെ തീർത്താലും തീരാത്ത ഹൃദയവേദനയോടുകൂടി കലാലയമേ ഇന്നിതാ ഞങ്ങൾ വിടചോദിക്കുന്നു. പ്രശാന്ത മനോഹരമായ പരിസരങ്ങളാൽ ചുററപ്പെട്ട് ആനന്ദത്തിൻെറയും സമാധാനത്തിൻെറയും ഐശ്വര്യത്തിൻെറയും വിജയപതാകയെന്നോണം വിലസുന്ന കലാലയമേ നിന്നിൽനിന്നുള്ള വേർപാടു വളരെ ദുസ്സഹമാണ്. പക്ഷെ ദൈനംദിനജീവിതത്തിൽ ഈ വേർപാടുകൾ വളരെയധികമാണ്. ഞങ്ങളുടെ ജീവിതത്തിനു ചൈതന്യം നല്കിയ കലാലയമേ, പൂജ്യപാദരായ ഗുരുഭൂതന്മാരെ, നിങ്ങളുടെ മുമ്പിലിതാ ഞങ്ങൾ തലകുനിക്കുന്നു.



വിദ്യാർത്ഥി ജീവിതമാകുന്ന പൂന്തോട്ടത്തിൽ പൂമ്പാററകളെപ്പോലെ ഞങ്ങൾ ഏറെക്കാലം പാറിക്കളിച്ചു. അല്ലലും അലട്ടും എന്തെന്നറിയാത്ത ഞങ്ങൾ ഇന്നിതാ ജീവിതത്തിൻെറ വിവിധ വശങ്ങളിലേക്കു പ്രയാണാർത്ഥം പുറപ്പെട്ടിരിക്കുന്നു.

ശാന്തിയും സമാധാനവും കളിയാടുന്ന കലാലയമേ, നിൻെറ ശിക്ഷണത്താൽ ഹൃദയം പരിപാവനവും ശിരസ്സ് വിജ്ഞാനഭണ്ഡാഗാരവുമായിതീർന്നിരിക്കുന്നു. ജീവിതത്തിലെ സുഗമവും സുന്ദരവും ആശാവഹവുമായ വിദ്യാർത്ഥിജീവിതം ഇങ്ങിനി വരാതെവണ്ണം പോയ്ക്കഴിഞ്ഞു. മറക്കാനാവാത്ത സ്മരണകളുടെ മഹനീയവും മഹത്തരവുമായ സന്ദേശം അരുളുന്ന വിദ്യാർത്ഥി ജീവിതത്തിലെ തേൻതുളുമ്പുന്ന മധുരസ്മരണകൾ അയവിറക്കി ആനന്ദിക്കേണ്ട കാലം ആസന്നമായിത്തുടങ്ങി.

ഞങ്ങളുടെ സുഖസൌകര്യങ്ങൾക്കുവേണ്ടി സകല കഷ്ടപ്പാടുകളും സഹിച്ച് ഞങ്ങൾക്കുവേണ്ടി അനവരതം പ്രയത്നിച്ചവരും ഞങ്ങളുടെ ഭാസുരമായ ഭാവിക്ക് അസ്ഥിവാരമിട്ടു തന്നവരുമായ ബഹുമാന്യരായ അദ്ധ്യാപകവൃന്ദങ്ങളോട് തോരാകണ്ണുനീരോടെ വിടചോദിക്കുന്നു. ബഹുമാന്യരും ആദരണീയരുമായ അദ്ധ്യാപികാദ്ധ്യാപകന്മാരെ! ജീവിതത്തിലെ ധാർമ്മികമൂല്യങ്ങളെ മുറുകെ പിടിച്ചുകൊണ്ട് സുഖസമ്പൂർണ്ണമായ ഒരു നല്ല 'നാളെ'യെ സൃഷ്ടിക്കുവാൻ വേണ്ടി വിദ്യാഭ്യാസജീവിതമാകുന്ന പന്ഥാവിൽ ഞങ്ങളുടെ പ്രയാണത്തിനു മുമ്പിൽ വിലങ്ങടിച്ചുനിന്ന സകല പ്രതിബന്ധങ്ങളേയും തട്ടിതകർത്തു ഒരു പരിശുദ്ധമായ മാർഗ്ഗം നിങ്ങൾ, ഞങ്ങൾക്ക് വെട്ടിത്തെളിയിച്ചുതന്നു.

പ്രിയപ്പെട്ട കലാലയമേ, സ്നേഹസ്വരൂപന്മാരായ അദ്ധ്യാപക വൃന്ദങ്ങളെ, മന്ദബുദ്ധികളും കളങ്കരഹിതരുമായ ഞങ്ങൾ ചെയ്തുപോയ സകല അപരാധങ്ങളും ഈ അന്ത്യനിമിഷത്തിലെങ്കിലും വിസ്മരിച്ച് ഞങ്ങളെ അകമഴിഞ്ഞനുഗ്രഹിച്ചാലും.

ചിരകാലമായി ഈ കലാലയവുമായി അലിഞ്ഞു ചേൎന്നുകൊണ്ടുള്ള ഞങ്ങളുടെ ജീവിതം കണ്ണുനീർക്കണങ്ങളോടുകൂടിയല്ലാതെ വേർപെടുത്തുവാൻ സാദ്ധ്യമല്ല. ഈ കലാലയത്തിലെ സ്നേഹസ്വരൂപന്മാരും അഭിവന്ദ്യരും ആയ ഗുരുഭൂതരെയും അവരുടെ സാരവത്തായ ഉപദേശങ്ങളേയും ഞങ്ങളുടെ നിഷ്കളങ്കരായ സുഹൃത്തുക്കളേയും ജീവിതാവസാനം വരെ ഞങ്ങരം സ്മരിക്കും. ഈ കലാലയത്തിലെ മായാത്ത മധുരസ്മരണകരം ഞങ്ങളുടെ ഹൃദയമണ്ഡലത്തിൽ എന്നെന്നും നിലനില്ക്കും.

വിദ്യയുടെ ഇരിപ്പിടമായ കലാലയമേ, സ്നേഹത്തിന്റെ നിറകുടമായ പ്രിയപ്പെട്ട കലാലയമേ, ഭാരതത്തിന്റെ പല ഭാഗങ്ങളിൽ നിന്നും വന്നവരായ ആയിരക്കണക്കിൽ വിദ്യാൎത്ഥികരം ഓരോ കൊല്ലവും നിന്റെ മടിത്തട്ടിൽ വിഹരിക്കുന്നു. ഇന്നിതാ ഞങ്ങരംക്കു് ഈ മടിത്തട്ടു് വിട്ടു പോകണം. നാലഞ്ചു് സംവത്സരകാലത്തോളം ഞങ്ങരം ഒന്നിച്ചു ജീവിച്ചു, പഠിച്ചു അങ്ങിനെ, ഇന്നു ഞങ്ങരം വിജ്ഞാനഭണ്ഡാഗാരവുമായ ശിരസ്സോടെ പരിപാവനമായ ഹൃദയത്തോടെ ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലേക്കും ജീവിതത്തിന്റെ വിവിധ വശങ്ങളിലേക്കും പ്രയാണാൎത്ഥം പുറപ്പെട്ടിരിക്കുകയാണു്.

നിന്റെ കലാവേദിയിലെ ഞങ്ങളുടെ മധുരമനോഹര ജീവിതം ഉച്ചവെയിലിനെപ്പോലും പൂനിലാവാക്കി മാറ്റുന്നതായിരുന്നു. വിജ്ഞാനത്തിന്റെ നികേതനമേ, ഞങ്ങളുടെ ജീവിതത്തിന്നു ചൈതന്യം നല്കിയ കലാലയമേ, ഇന്നു ഞങ്ങരം ജീവിത സമരാങ്കണത്തിൽ ഇറങ്ങുവാൻ തെയ്യാറായിക്കഴിഞ്ഞു. അതിന്നു വേണ്ട അറിവും ശിക്ഷണവും പൂജ്യപാദരായ ഗുരുഭൂതന്മാരെ, നിങ്ങരം ആവോളം ഞങ്ങരംക്കു് നല്കിക്കഴിഞ്ഞു.

അതിന്നു നിങ്ങളോടും പ്രിയപ്പെട്ട കലാലയത്തോടും ഞങ്ങരംക്കുള്ള കൃതജ്ഞതയും ആദരവും വാചാമഗോചരമാണു്.

ഈ കലാലയത്തിലെ ഓരോ മണൽത്തരിയോടും ഞങ്ങരം സാദരം വിടവാങ്ങിക്കൊള്ളുന്നു. ഞങ്ങളുടെ നിഷ്കളങ്കമായ ഭക്ത്യാദരങ്ങളുടെ ഏക സങ്കേതമായ അദ്ധ്യാപകവൃന്ദത്തോടും ഞങ്ങരം ബാഷ്പനിരുദ്ധമായ കണ്ഠത്തോടെ സവിനയം വിടവാങ്ങുന്നു.

# ON HOBBIES

K. M. AJITH MOHAN GOPAL III B.COM.

A hobby is a pleasurable pastime. It is an unhurried pleasurable living among our personal enthusiasms — getting away from the daily routine to find oneself in a world of his own. It makes one's leisure hours highly interesting. A free afternoon spent in a library, or walking through fields picking up rare specimens, or sorting out stamps to affix them in an album, these are amongst the common pastimes of a hobby rider which yield unending delight.

What characterises a hobby is that it engrosses your interest. It affords you healthy recreation and incidentally helps you in conversation and brings you new acquaintances. The best criterion of a person's life is the manner in which he spends his leisure hours. His hobby gives the colour and interest to his life. It has its own novelties no less than the cinema and the radio.

Whatever a person's hobby be it should provide him with some healthy enjoyment. It should be one that creates a deep interest in him that he loves to devote his leisure hours to it. This will keep him away from mischief and idleness. Besides, it enriches his mind and keeps him happily occupied. It makes him broad-minded, and serves to bridge the gap between one individual and another. Two persons having a common hobby have something in common to talk about — something worthwhile.

A person who has 'reading' for his hobby spends a number of delightful hours in the company of kings and queens, of philosophers and poets, and of dramatists and novelists. There is not a dull hour when he is at his books. The past becomes the present to him in the society of men and women of the early centuries. He is as familiar with travel on an ox-cart or on mule back as a ride in a jet plane. He enjoys it all in a snug corner in a library. There is no spot on earth where his flight of fancy has not taken him.

Other popular hobbies are photography, painting, gardening, philately etc. All these hobbies enrich the mind and develop the personality of the person.

There would be few places in the world that a philatelist has not come to know about, and he acquires a good knowledge of the rulers, and the coinage of various countries.

Photography is another hobby that provides innumerable hours of delight. It brings the person into close contact with nature and helps him a great deal in being an orderly person. Painting is such another hobby. To the painter nothing is more kindly than nature. Nature offers him a wealth of subjects to be captured by his brush.

On the whole there is no dull moment in the life of a hobby-ridder whether his hobby be reading, photography, philately or any other subject. But a hobby-rider should take particular care to prevent his hobby from growing into a passion; for then it will over-ride all other interests and consequently he will turn out to be a bore — as tedious as a tired horse, or a railing wife.

# പരിഷ്ക്കാരം ഉരുണ്ടതാണ്

**കെ. ബാലകൃഷ്ണൻ,** ബി. എസ്സ്‌സി. III



**എ**ന്താണീ പരിഷ്കാരമെന്നു പറഞ്ഞാൽ? നാം അമ്പലങ്ങളിലും, കൊട്ടാരങ്ങളിലും, സർവ്വകലാശാലകളിലും, നഗരങ്ങളിലും, ബുദ്ധിയെ ഓടിച്ച് ഒരുത്തരം ലഭിക്കാൻ ശ്രമിക്കുന്നു. എന്നിട്ട് "പരിഷ്ക്കാരിപ്പെണ്ണെ"ന്ന് ലോകം കൂകി വിളിക്കുന്ന "ഒരൾട്രാ മോഡേൺ ലേഡിയെ" ത്തേടിപ്പിടിക്കുന്നു. ഓർമ്മയിൽനിന്നല്ല നമ്മുടെ നഗ്നദൃഷ്ടിയിൽ നിന്നാണീ ഉദാഹരണമെടുത്തു സമ്മാനിക്കുന്നത്. അവൻ പരിഷ്കൃതനാണ്, അല്ലെങ്കിൽ അവൾ പരിഷ്കൃതയാണെന്നു പറയുമ്പോൾ നാമെന്താണ് ധരിക്കുന്നത്? അയാളുടെ ബാഹ്യമായ പരിഷ്കാരത്തെയാണ് നാം കാണുന്നത്. അയാളുടെ ആന്തരമായ പരിഷ്കാരത്തെ നാം ഗൗനിക്കുന്നില്ല. നാം കാണുന്ന പരിഷ്കാരം ഉടുപ്പിലും നടപ്പിലും മാത്രമേയുള്ളുവെന്ന് സാരം. ആധുനികമനുഷ്യൻ പരിഷ്കൃതനും ആദിമ മനുഷ്യൻ അപരിഷ്കൃതനുമാണെന്നു നാം ഉൽഘോഷിക്കുന്നു. കാടരും, കുറുമ്പരും, തോഡരുമെല്ലാം അപരിഷ്കൃതരെന്ന് മുദ്രയടിച്ചു കഴിഞ്ഞ ഈ അവസരത്തിൽ 'പരിഷ്ക്കാര'മെന്നതിന്റെ അതിർ വരമ്പുകളും സത്ത്വനമ്പറും മനസ്സിലാക്കുന്നത് നന്നായിരിക്കും. പരിഷ്കൃതനും അപരിഷ്കൃതനും തമ്മിലുള്ള വ്യത്യാസം 'അ' കാരമാത്രമാണോ; അല്ല അതിലുപരി വല്ല വ്യത്യാസവുമുണ്ടോ?

ഇന്നലെത്തേതിൽ നിന്ന് വ്യത്യസ്തമായതെന്തും പരിഷ്ക്കാരമാണ്. പുതുമയുള്ളതെല്ലാം പരിഷ്ക്കാരമാണ്. അപ്പോൾ 'ഇന്നലെ' അപരിഷ്കൃതവും 'ഇന്ന്' പരിഷ്കൃതവുമെന്ന് ഒട്ടും സന്ദേഹമില്ലാതെ പറയാം. എന്നാൽ, എവിടെ വെച്ചാണിന്നലെ 'ഇന്നാ'വുന്നത്. വേർതിരിക്കാൻ വിഷമം. മിനിഞ്ഞാന്നെന്നും ഇന്നെന്നും പറഞ്ഞാൽ ഉടനെ അവ തമ്മിലുള്ളന്തരം നമുക്കു മനസ്സിലാവുന്നു. അതുപോലെ, ആദിമ മനുഷ്യൻ അപരിഷ്കൃതനെന്നും നൂതനമനുഷ്യർ പരിഷ്കൃതരെന്നും മനസ്സിലാക്കാൻ വലിയ വിഷമം കാണുന്നില്ല. എന്നാലവയ്ക്കും നമുക്കുമിടയിൽ ഒരു വന്മതിലുണ്ട്—സംസ്കാരത്തിന്റെ വന്മതിൽ. എന്താണീ സംസ്കാരം? പ്രായംചെന്ന പരിഷ്കാരമാണ് സംസ്കാരമായി വേഷം മാറുന്നത്. ബാബിലോണിയക്കാരുടേയും, ഈജിപ്ഷ്കാരുടേയും പരിഷ്കാരത്തേയാണ് നാമിന്ന് ബാബിലോണിയൻ സംസ്കാരമെന്നും, ഈജിപ്ഷ്യൻ സംസ്കാരമെന്നും പറഞ്ഞു വരുന്നത്. നാം ഇന്ന് സ്തുതിക്കുന്ന ഈ പരിഷ്കാരം എവിടെനിന്നു വന്നു; എങ്ങോട്ടു പോവുന്നു എന്ന് നിശ്ചയിക്കുക ക്ലേശകരമാണ്. പൊതുവിൽ അതനന്തതയിൽനിന്നുത്ഭവിച്ച് അനന്തതയിലേക്ക് പ്രവഹിക്കുന്നുവെന്ന് പറയാം. ക്രിസ്തുവിന്ന് മുമ്പ് നമുക്കൊരു സിന്ധുതട സംസ്കാരമുണ്ടായിരുന്നുവെന്നും, കുറേക്കാലത്തിന്ന് ശേഷം അതൊരു വെള്ളപ്പൊക്കത്തിലോ, ഭൂകമ്പത്തിലോ ചെന്നവസാനിച്ച് മറ്റൊരു സംസ്കാരം കുരുത്തുവന്ന് അതിന്റെ ചില്ലയിലാണ് നാമിന്ന് കയറി നില്ക്കുന്നതെന്നും ചരിത്രം പ്രഖ്യാപി

കുന്നു. അപ്പോൾ പരിഷ്കാരത്തിന്നു് ഒരു ദയവും മയവും ഇല്ലേ? ഈജിപ്ഷ്യൻ സംസ്കാരത്തിനും ബാബിലോണിയൻ സംസ്കാരത്തിനും ശേഷം ഒരപരിഷ്കൃത വർഗ്ഗം ഉടലെടുത്തു് അവരുടെ പിന്മുറക്കാരായ നാം പരിഷ്കാരികളായിച്ചമഞ്ഞുവെന്നതു് ഒരു ചരിത്രസത്യം മാത്രമാണു്. എങ്കിലും പരിഷ്ക്കാരത്തിന്റെ അല്ലെങ്കിൽ സംസ്ക്കാരത്തിന്റെ ആയുഷ്ക്കാലം ഗണിച്ചെടുക്കാൻ വിഷമമാണു്. പരിഷ്ക്കാരം മനുഷ്യന്റെ കൂടപ്പിറപ്പായതു കൊണ്ടു് അതിനൊരു ജനനവും മരണവുമുണ്ടെന്നതിനു് സന്ദേഹമില്ല.

ഉടുപ്പിലും നടപ്പിലുമാണു് പരിഷ്കാരത്തെ നാം അളന്നു കണക്കാക്കുന്നതെന്നു പറഞ്ഞല്ലോ. അങ്ങിനത്തെ പരിഷ്കാരത്തിനു് പ്രകൃതിയുമായി വല്ല ബന്ധവുമുണ്ടോ? ഒരു സൈക്കിൾ ചവിട്ടുമ്പോഴാകട്ടെ, ഒരു ഘടീയന്ത്രത്തിന്റെ ചുരുൾക്കമ്പി നിവരുമ്പോഴാകട്ടെ, അന്യോന്യം ബന്ധിക്കപ്പെട്ടിരിക്കുന്ന ചക്രങ്ങൾ അതിനനുസൃതമായി ചലിക്കുന്നു.'' അതുപോലെത്തന്നെ, പരിഷ്കാരവും പ്രകൃതിയുടെ പൽചക്രത്തിൽ കുരുങ്ങി അനുസൃതമായി ചലിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ പൂർവ്വികന്മാർ കാട്ടിലും മലയിലുമാണു് ജീവിച്ചിരുന്നതു്. ചിലപ്പോൾ പ്രകൃതിയോടനുകൂലിച്ചും മററു ചിലപ്പോൾ അതിനോടു പൊരുതിയും അവർ ജീവിച്ചുവന്നു. അവർ പൂർണ്ണ നഗ്നരായിട്ടാണു് കഴിഞ്ഞിരുന്നതു്. എന്താണതിനു കാരണം: അന്നു് നഗ്നത മറക്കുകയെന്ന ഒരു പ്രശ്നമേ ഉണ്ടായിരുന്നില്ല. ഇന്നത്തെപ്പോലെ മനുഷ്യർ പെററു പെരുകിയിരുന്ന ഒരു കാലമല്ലായിരുന്നു അതു്. സ്ത്രീയെന്നും പുരുഷനെന്നുമുള്ള ഭേദത്തെ നാം സിംഹാസനത്തിലേററി പൂജിക്കുന്നുവെങ്കിൽ ആദിമമനുഷ്യരങ്ങനെയൊരു ഭേദമുണ്ടോയെന്നു തന്നെ അറിയാത്തവരായിരുന്നു. അങ്ങനെ ചെയ്തതുകൊണ്ടു ജാതിയിൽനിന്നു പുറത്തുപോകേണ്ടി വരികയോ പട്ടിണി കിടക്കേണ്ടി വരികയോ ഒന്നും ഉണ്ടായില്ല. ഒരു കുറവുമവർക്കു് സംഭവിച്ചതുമില്ല, ''ആവശ്യം കണ്ടുപിടിത്തങ്ങളുടെ മാതാവാണെ''ന്ന പഴഞ്ചൊല്ലിൽ പതിരുണ്ടെന്നു തോന്നുന്നില്ല. പ്രകൃതിയുടെ നിയമങ്ങൾക്കും നിയാമകങ്ങൾക്കുമനുസരിച്ചു് നാം ജീവിക്കുന്നു, പരിഷ്ക്കരിക്കുന്നു. ശിലായുഗത്തിലെ മനുഷ്യൻ അതിന്നനുസരിച്ചു് ജീവിച്ചു; ആററംയുഗത്തിലെ മനുഷ്യൻ അതിന്നനുസരിച്ചു, ശിലായുഗത്തിൽനിന്നും ലോഹയുഗത്തിലേക്കു പ്രവേശിച്ചതോടെ അവൻ സ്വല്പം പരിഷ്ക്കരിച്ചു. അതോടെ മനുഷ്യൻ സുരക്ഷിതനും പരാക്രമിയുമായി മാറി. പാത്രങ്ങളും ആയുധങ്ങളും ആഭരണങ്ങളും ഉണ്ടാക്കാനറിഞ്ഞതോടെ അവന്റെ പരിഷ്ക്കാരം ഒരു പടികൂടെ കയറി. സ്ത്രീയെന്നും പുരുഷനെന്നുമുള്ള ഭേദവും തജ്ജന്യമായ ലജ്ജയും ആ ആദിമമനുഷ്യരിൽ സ്ഥാനം പിടിച്ചു. മൃഗത്തോലുകൊണ്ടും മരവുരികൊണ്ടും അവനു നഗ്നതമറക്കാൻ തുടങ്ങി. പാത്രം നിർമ്മിക്കാനും വീടുപണിയാനും, വസ്ത്രമുണ്ടാക്കാനും അവർ പരിശീലിച്ചതോടെ നഗ്നനും അപരിഷ്കൃതനുമായിരുന്ന ആദിമമനുഷ്യൻ പരിഷ്ക്കരിച്ചു - പുരോഗമിച്ചു. ഇങ്ങനെയുണ്ടാവുന്ന ദൈനംദിന പുരോഗമനത്തെയാണു് പരിഷ്ക്കാരമെന്ന വാക്കുകൊണ്ടു് നാം വിവക്ഷിക്കുന്നതു്. നൂററാണ്ടുകളെത്താണ്ടിയെത്തുന്ന പരിഷ്ക്കാരകദംബമാണു് സംസ്ക്കാരത്തിന്റെ വെൽവെററു കുപ്പായവുമിട്ടു് പുറത്തുവരുന്നതു്. മനുഷ്യന്റെ സംസ്ക്കാരത്തിനു് അവനോളംതന്നെ പ്രായമായിരിക്കുന്നു. സംസ്ക്കാരം ഭൂതകാലംപോലെ പിന്നോട്ടു നീണ്ടുകിടക്കുന്നു; എന്നാൽ പരിഷ്ക്കാരം നൈമിഷികമാണു്. വർത്തമാനകാലം പോലെ ഹ്രസ്വമാണു്. ഓരോ നിമിഷാർദ്ധങ്ങൾക്കിടക്കും അവ മാഞ്ഞു് മാഞ്ഞു്

സംസ്കാരത്തോട് ചെന്നു ചേരുന്നു. സെക്കണ്ടുകൾ മണിക്കൂറുകളായി മാറുമ്പോഴല്ലേ നാം അറിയൂ. അതുപോലെ പരിഷ്ക്കാരം സംസ്ക്കാരത്തിന്റെ രൂപം പ്രാപിക്കുമ്പോഴേ തിരിച്ചറിയാൻ കഴിയൂ.

ഒരുവൻ എത്രത്തോളം സംസ്കാരസമ്പന്നനാണെന്നറിയാൻ അവന്റെ നാഡി പിടിച്ചു നോക്കേണ്ടതില്ല. സംസ്കാരത്തിന്റെ ഒരു ശകലം പോലും ഉള്ളിൽ ഒളിഞ്ഞിരിക്കുകയില്ല. അവന്റെ ദൈനംദിന ജീവിതത്തിലതു പ്രതിഫലിച്ചേ തീരൂ! അവന്റെ ഉടുപ്പിലും നടപ്പിലും പരിഷ്കാരത്തിന്റെ മുദ്രകൾ പതിഞ്ഞു കാണുന്നു. ഇതുവരെ നഗ്നത മറക്കുകയെന്നതായിരുന്നു വസ്ത്രധാരണത്തിന്റെ ആവശ്യമെങ്കിൽ ഇന്നതല്ല—ഇന്നു് വസ്ത്രധാരണം ഒരു കലയാണ്. അതു് ചിത്രകലപോലെ നയനാനന്ദകരമാണ്, സംഗീതം പോലെ ഹൃദയകാരിയാണ്, മധുരമാണ്. സ്ത്രീയും പുരുഷനും ഒരേപോലെ പരിഷ്കരിക്കുന്നു—വസ്ത്രധാരണത്തിലൂടെ. ചിലപ്പോളവർ മത്സരിക്കുകൂടി ചെയ്യുന്നു. ഇങ്ങനെ മനുഷ്യനെ പരിഷ്കരിപ്പിക്കുന്നവർ തയ്യൽക്കാരാണ്. തയ്യൽക്കാരനു പറ്റുന്ന ഓരോ അബദ്ധവും നാം പരിഷ്ക്കാരമായി (ഫാഷനായി) പരിഗണിക്കയും, അങ്ങനെ കൂടുതൽ കൂടുതൽ അബദ്ധം വരുത്താനയാളെ പ്രേരിപ്പിക്കയും ചെയ്യുന്നു. ഇത്തരത്തിലുള്ള പരിഷ്ക്കാരം എന്തു വില കൊടുത്തും നേടിക്കാനും നാം തയാറാവുന്നു. പ്രത്യേകിച്ചു് സ്ത്രീകളെയാണയാൾ കുരങ്ങു കളിപ്പിക്കുന്നതു്. മറച്ചുവെക്കുന്നതെന്തിനു്?—പുരുഷവർഗ്ഗത്തെ അയാൾ കതിരകയറുന്നു. കലിയുഗ വൈഭവം! അല്ലാതെന്തു പറയാൻ? കുറച്ചു മുമ്പു് ബനിയൻ പോലുള്ള ഒരുതരം ബ്ലൗസ്സായിരുന്നു പ്രയോഗത്തിലുണ്ടായിരുന്നതു്. അതിന്റെ ഒരു രൂപാന്തരമാണ് ''()നക്കു് ചോളി''. കുറച്ചു കഴിഞ്ഞപ്പോൾ ആ ചോളി ബ്ലൗസ്സിനു് 4" നീളത്തിൽ രണ്ടു കൈ മുളച്ചു. പട്ടണത്തിലാണീ പരിഷ്ക്കാരം ഉദയം ചെയ്തതു്. മിന്നൽ വേഗത്തിലോടുന്ന ഫേഷനിൽ കയറി ഈ പരിഷ്ക്കാരം ഗ്രാമങ്ങളിലെ മൺമാടങ്ങളിലും, പട്ടിണിപ്പുരകളിലും ചെന്നിറങ്ങി. രണ്ടു സെക്കന്റുകൾക്കു മുമ്പു് ബോഡിയുടെ ഇറക്കം കുറയാനും കൈ നീളം കൂടാനും തുടങ്ങി. ഇന്നത്തെ തയ്യൽക്കാരൻ ഇംഗ്ലീഷെങ്കിലും പഠിച്ചിട്ടില്ലെങ്കിൽ അപകടമാണ്. പാടേ പറ്റൂ. കാരണം, ഇന്നു് തയ്യൽക്കടയിൽ തുണിയുമായി വരുന്ന നിരക്ഷരകുക്ഷി പോലും 'V-നക്കു് ഫുൾ കൈ' എന്നും 'W-നക്കു് ഹാഫ് കൈ' എന്നും മറ്റുമുള്ള സാങ്കേതിക പദങ്ങളാണ് അയാളോടു് പറയുന്നതു്. ഇംഗ്ലീഷു പരിജ്ഞാനം കുറവായതുകൊണ്ടു് ഒരു ബാർബറും ഇതേപോലെ കുഴങ്ങിയിട്ടുണ്ടു്: മീശയുടെ ഫാഷനെല്ലാവരും അയാളോടു് ഇംഗ്ലീഷിൽ പറഞ്ഞു കൊടുക്കും. ഒന്നും മനസ്സിലാവാതെ അയാൾ മറ്റൊരു വിധത്തിലായിരിക്കും വെച്ചുകൊടുക്കുക. അതിനാൽ ഇപ്പോളയാൾ കുറേ മീശകളുടെ സേമ്പിളടങ്ങുന്ന ഒരു ഫോട്ടോ തന്റെ ഷോപ്പിൽ കൊണ്ടു വെച്ചിരിക്കുന്നു. ഷേയ്‌വ് ചെയ്യിക്കാൻ വരുന്നവർക്കു് അയാൾ ആദ്യം ഒരു പെൻസിൽ കൊടുത്തു് അവരെ ആ ഫോട്ടോവിന്റെ സമീപത്തേക്കയക്കുന്നു. അര മണിക്കൂറിനുള്ളിൽ അവർ സേമ്പിൾ തിരഞ്ഞു പിടിക്കുന്നു. ബാർബറുടെ പ്രശ്നം തല്ക്കാലം പരിഹരിച്ചു വരുന്നുണ്ടു്. രസകരമായ മറ്റൊരു സംഭവം: കഴിഞ്ഞ വർഷത്തിൽ ഒരു സ്ത്രീ ഒരു സിനിമാനടിയുടെ ഫോട്ടോവുമായി ബ്ലൗസ്സ് തയ്യിപ്പിക്കാൻ വന്നു. ഇക്കാണുന്ന ഫാഷനിലെന്നും പറഞ്ഞവൾ ആ ഫോട്ടോ തയ്യൽക്കാരനു നീട്ടി. ഓഹോ! ഇതാണു ഫാഷനെങ്കിൽ വേലക്കാരിക്കു് അല്ലെങ്കി 'ലങ്ങോർക്കു്' ഒരു പണികൂടെ ആയി, എന്നു ഞാൻ മന്ത്രിച്ചു. ഒരു ഡസൻ ബട്ടൺ

വാങ്ങി അതിന്ന വെച്ചാൽ പിന്നെ രണ്ടേ ണ്ണത്തിനകൂടെ ആ ചെറുക്കനെ ഓടിക്കേണ്ടിവരും. അതുമല്ല രസം; ഇപ്പറഞ്ഞ ബട്ടൺ മുഴവൻ വെക്കുന്നതു് ബ്ലൌസ്സിൻെറ ബേക്കു് സൈഡിലാണു്! ബീച്ചിലെ മണൽത്തിട്ടിൽ സായാന്നസവാരി നടത്തുന്ന കോളേജു കുമാരികാംക്കും, സിനിമാശാലകാംക്കു മുമ്പിൽ സമരം ചെയ്യുന്ന കോളേജു കുമാരന്മാക്കും ഇത്തരത്തിലുള്ള പരിഷ്ക്കാരപ്പേ പിടിച്ചിരിക്കയൊണു്. ഈ പുറം മോടിക്കാണോ പരിഷ്ക്കാരമെന്നു പറയുന്നതു് എന്നു നാം മൂക്കിന്മേൽ വിരൽ വെച്ചു പോകുന്നു. അതെ; അതൊരടിയന്തരാവശ്യമാണു്—ഈ ലോകത്തു മാനമായി ജീവിക്കണമെങ്കിൽ നിങ്ങളും ഞാനുമടങ്ങുന്ന പൊതുജനം ഇത്തരത്തിലുള്ള വിസ്ലിവേഷം കെട്ടിയേ തീരൂ! ''കനഡയിൽ 'ഫ്രോക്കു' ധരിക്കുന്ന മദാമ്മമാരേക്കാരം കേരളത്തിൽ സാരിയും ബ്ലൌസ്സും ധരിക്കുന്ന കേരളീയ വനിതകാംക്കാണു് ആകഷകത്വം കൂടുതലെന്നു് ''കനഡയിലെ ഒരു സാമൂഹ്യപ്രവത്തകയായ മിസ്സു്— ജോയി വൃംഫ്രി അഭിപ്രായപ്പെട്ടിരിക്കുന്നതു് ഇത്തരുണത്തിൽ സ്മരണീയമാണു്. എന്നാൽ നമ്മുടെ സംസ്ക്കാരത്തിന നിരക്കാത്ത പരിഷ്ക്കാരം ത്രലോം വേദനാജനകമാണു്—ഉടുത്തൊരുങ്ങി പടിയിറങ്ങിവരുന്ന ആ സ്ത്രീരൂപത്തെ നോക്കൂ; അവളാണിവിടുത്തെ നമ്പർ വൺ പരിഷ്ക്കാരി—എല്ലാ പരിഷ്ക്കാരങ്ങളും അവളിൽനിന്നുമാണിവിടുത്തുകാർ പകത്തിയും, മററവസരങ്ങളിൽ, കട്ടമെടുക്കുന്നതു്. അവരം കറുപ്പു്, പച്ച, ചുവപ്പു് എന്നിങ്ങനെ വേർതിരിഞ്ഞിരിക്കുന്നു. ആ പച്ചപ്പാവാട നൈലോൺ സാരിയെ വകവെക്കാതെ യഥാ വെട്ടിത്തിളങ്ങുന്നു. ബലാല്ക്കാരമായി എൻെറ ദൃഷ്ടിയേയും അവരം അങ്ങോട്ടു പിടിച്ചുവലിച്ചു. ഈ തെരുവിലെ അന്ധന്മാരുടെ ഇന്നത്തെ അവസ്ഥ ഒരനുഗ്രഹമായിട്ടുവേണം കരുതാൻ! പാവം! ആ ഡ്രൈവർ ഇവളുടെ ബൌസ്സു കണ്ടിട്ടായിരിക്കാം ഇത്രയും ബുദ്ധിമുട്ടി വണ്ടി നിറുത്തിയതു്. നോക്കൂ—തേനിച്ചക്കൂട്ടമല്ലെ അവളുടെ തലയെ വലയം ചെയ്തിരിക്കുന്നു. അതെ ഭാരം ചുമക്കുന്നവരും അദ്ധ്വാനിക്കുന്നവരും ഇവർതന്നെയാണു്!! ഇല്ല; നാളത്തെ ബാലികമാർ—പരിഷ്ക്കാരത്തിൻെറ പുത്തൻ സന്ദേശവുമായി വരുന്ന യുവതലമുറ—ടി. യാളെ കൂകിവിളിക്കും— സന്ദേഹമില്ല.

പുരുഷപുംഗവൻ ടൈലറുടെ മരപ്പാവയാണു്—ടൈലറവനെ എന്തെല്ലാം വേഷം കെട്ടിക്കുന്നു. ഷട്ടിൽനിന്നു പോയി സ്ലേക്കിലും ജൂബ്ബായിലും പ്രവേശിച്ചു് അകത്തും പുറത്തും ബനിയനായി, ഇന്നു് മടക്കയാത്ര തുടങ്ങിയിരിക്കയാണു്. ഇതുവരെ ഫുരംകൈയും കപ്പുമെല്ലാമായിരുന്നു. ഇതാ; കുറച്ചുമുമ്പു് തുണിക്കു് വില കൂടിയെന്നു കേട്ടപ്പോരം, ഇനി 'ഹാഫു് കൈ' തന്നെ മതി, ഫേഷനാവണമെങ്കിൽ അതൊന്നു് മടക്കികൂടെ വെച്ചേക്കണം എന്നായിരിക്കുന്നു നമ്മുടെ പക്ഷം. അതിലിടക്കു് ഒരു ജുബ്ബാപ്രസ്ഥാനമുണ്ടായി— ''ഞങ്ങളും ഭരണകച്ചീലു് വിസ്വതിക്കുന്നു'' എന്നു പറഞ്ഞു് ഒരു ജുബ്ബാജാഥ മൂന്നു മിനട്ടുമുമ്പു് ഇവിടെ വന്നു ഇൻഷ്വറൻസ്സേജൻറു് സ്ലേക്കും പേൻറും നൈലോണിനാണത്രെ വാരെത്തടുത്തിരിക്കുന്നതു്. ഇനി ഈ ചെറുപ്പക്കാരെല്ലാം അതിലൊരു പോളിസിയെടുക്കുമോ എന്നാണെൻെറ സംശയം! ''എൻെറ പരദേവതേ; ഇതൊന്നും കാണാനും കേരംക്കാനും ഇടവരുത്താതെ എന്നെ അങ്ങോട്ടു് കൊണ്ടോയാൽ മതിയായിരുന്നേ!''—എന്നാ കാരണവർ പറഞ്ഞതു് വളരെ ശരിയാണു്—പരിഷ്ക്കാരത്തിനുവേണ്ടി എന്തെല്ലാം ത്യാഗമാണു് നാം സഹിക്കുന്നതു്—അങ്ങനെ ഒരിക്കൽ നമ്മളെല്ലാവരും ആ കാരണവ

രുടെ വാക്കുകൾ ഉരുവിടാതിരിക്കുകയില്ല. അടിയന്തിരമായി ഒരു ചെറിയ സൈസ് റോക്കററു നാം വാങ്ങിച്ചിട്ടില്ലെങ്കിൽ പരിഷ്കാരത്തിൻെറ ഒപ്പമെത്താൻ നന്നെ വിഷമം !

ഇതുപോലെത്തന്നെ കലയിലും സാഹിത്യത്തിലുമുണ്ട് ഫാഷൻ—രീതിയില്ലാത്ത സംഗീതവും, ലിപിയില്ലാത്ത എഴുത്തുകളും ഇന്ന് നിലവിൽ വന്നിരിക്കയാണ് —വായനയിൽത്തന്നേയും ചില ഫാഷൻ വന്നിറങ്ങിയിരിക്കുന്നു—ഭക്ഷണക്ഷാമം കൊണ്ടോ സമയ ദൗർലഭ്യംകൊണ്ടോ എന്തോ ചില വാക്കുകളുടെ ചില എല്ലുകൾ മാത്രമേ ചിലരുടെ വായിൽ പെട്ടാൽ പുറത്തുവരാനുണ്ടാവുകയുള്ളു. 'സെയ്ൻസ്' എന്നതു് 'സെൻസ്' ആവുന്നതും, 'അനദർ' എന്നതു 'നദർ' ആവുന്നതും എന്തു ചെപ്പിടിവിദ്യയാലാണ്—ഇതും സഹിക്കാം, എന്നാൽ തീരെ പിടികിട്ടാത്ത ചില വില്ലന്മാരുണ്ട്—അവരുടെ 'എന്നം', 'എൻറും', 'ആണ്ടും' എല്ലാം ഒന്നുപോലെയിരിക്കും—വളയമില്ലാതെ ചാടുന്നവർ ; ഭയങ്കരന്മാർ തന്നെ ! ഭാഷക്കു് ഉദാരമായി സംഭാവനകൾ ചെയ്യുന്നവരും ഇല്ലെന്നില്ല. 'ഇക്കാമിനേഷൻ', 'മൺഡി' എന്നെല്ലാമാണവ. ഇനി കലാവേദിയിലേക്കു കടക്കാം : കഥകളിയും, ഭരതനാട്ട്യവും, എന്നും മററുമുള്ള പേരുകൾ കേട്ടാൽ തന്നെ ഛർദ്ദിക്കുന്ന, ഇന്നലത്തെ പുതുമഴക്കു് പൊട്ടിമുളച്ച ചില ചെറുപ്പക്കാരുണ്ട് നമ്മുടെയിടയിൽ—ഉടൻ തന്നെ നിങ്ങൾ "പാലും തേനും", "ചക്കും മാങ്ങും" എന്നു പറഞ്ഞു നോക്കൂ അവരുടെ തല കറക്കവും ഛർദ്ദിയും ഒക്കെ മാറി—കാരണം അതു സിനിമയുടെ പേരെന്നാ വിചാരം കഷ്ടം! സിനിമക്കു് വിളക്കു് കൊളുത്തുന്നവരെ തിരക്കിയിട്ട് ടിക്കററ് കിട്ടാതെ മടങ്ങിപ്പോരുമ്പോൾ അതിനടുത്തു് സൌജന്യമായി നടത്തുന്ന കഥകളിയൊന്നു കാണാമെന്നു

ണല്ലോ, അതവർ ചെയ്യുകയില്ല—ഒട്ടും വ്യത്യാസമില്ല സാഹിത്യത്തിൻെറ കഥയിലും—ഭാരതവും രാമായണവും, ബൈബിളും ഖുർആനും എല്ലാം വലിച്ചെറിഞ്ഞു് അശ്ലീല സാഹിത്യത്തിൻെറ മുന്തിരിച്ചാറൊഴുകുന്ന ചെറുകഥകളും നോവലുകളും അവർ തിരഞ്ഞെടുക്കുന്നു. ഇന്ത്യയിൽ കിട്ടാനില്ലെങ്കിൽ ബിലാത്തിയിൽനിന്നെഴുതി വരുത്തിക്കുന്നു — ഇതിനെല്ലാം പരിഷ്കാരമെന്നു പറഞ്ഞാൽ പരിഷ്കാരത്തിൻെറ സുന്ദരകായത്തിൽ ചെളിപുരളുകയില്ലേ ? ഇത്തരത്തിലുള്ള നെറികെട്ട സമീപനങ്ങൾ പരിഷ്കാരത്തെ വ്യഭിചരിക്കലാവില്ലേ ?

എന്നാൽ ലോകം എത്രമാത്രം പരിഷ്കരിച്ചിട്ടുണ്ട് ? എന്താണീ പരിഷ്കാരം? അതിനിനിയും ഒരു നല്ല നിർവ്വചനം കിട്ടിക്കഴിഞ്ഞിട്ടില്ല. ഇതൊരു വിവാദവിഷയമായിനിയും അവശേഷിച്ചിരിക്കയാണ്—''പരിഷ്കാരം ഒരാവശ്യമാണ്" ; "പരിഷ്കാരം സാർവ്വലൗകികവും യഥാകാലികവുമായ ഒരു മതമാണ് ;" എന്നെല്ലാം പലരും നിർവ്വചിച്ചിരിക്കുന്നു. തൃപ്തിയായില്ല. ഞാൻ പറയുന്ന പരിഷ്കാരം ഉരുണ്ടതാണെന്ന് ! നമുക്കൊന്നു് പരിശോധിക്കാം : ഭൂമി ഉരുണ്ടതാണെന്ന് നാം സമ്മതിച്ചു കഴിഞ്ഞതാണല്ലോ. അതുപോലെ പരിഷ്കാരവും ഉരുണ്ടതാണ്—സമ്മതിച്ചേ തീരൂ. ആദിമ മനുഷ്യൻ നഗ്നനായിരുന്നുവെന്ന് നാമേവരും തലയാട്ടി സമ്മതിച്ചതല്ലേ. ആദിമമനുഷ്യരും ഇന്നത്തെ നൈലോൺ പരിഷ്കാരികളും തമ്മിലെന്താണന്തരം ? ഇരുകൂട്ടരും ഉടുക്കാത്ത ഭ്രാന്തന്മാർതന്നെ ! ആ കാട്ടുമനുഷ്യൻ പച്ചിറച്ചിയും പച്ച കായ്കനികളും തിന്നു് ജീവിച്ചു—ഇന്നീ പരിഷ്കൃതരെന്ന് മീശചുരുട്ടി ഞെളിയുന്ന നമ്മളും അവിടെത്തന്നെയല്ലേ എത്തിയിരിക്കുന്നതു് ? വേവിക്കുമ്പോൾ വിററാമിൻ 'സി' നഷ്ടപ്പെട്ടുപോവുമെന്നു

കററമാരോപിച്ചുകൊണ്ടു് ശാസ്ത്രം നമ്മെ പച്ചതന്നെ തിന്നാൻ പ്രേരിപ്പിക്കുന്നു — തീററിക്കുന്നു ! അപരിഷ്കൃതരെന്നു് നാം കൂകിവിളിക്കുന്ന ആ കാട്ടുവർഗ്ഗം കല്ലുകൾ കൂട്ടിഉരസിയായിരുന്നു തീ ഉണ്ടാക്കിയിരുന്നതെന്നതിനു് ചരിത്രം സാക്ഷിനില്ക്കുന്നു. പച്ചപ്പരിഷ്കാരികളായ ഈ ഇരുപതാം നൂററാണ്ടുകാരോ? അവരും തഥൈവ. സിഗരററിനേക്കാൾ ചിലവിറങ്ങുന്നതു് "സിഗർലൈററാ''ണത്രെ ഇന്നു്. അടുക്കളപ്പണിക്കാരിയായ 'അകത്തോൾ' പോലും 'സിഗർലൈററി'നെ ആശ്രയിക്കാൻ തുടങ്ങിയിരിക്കുന്നു — അവളും പറയുന്നു നാം പരിഷ്കരിച്ചുവെന്നു്. എന്താണിതിന്റെ അർത്ഥം? കല്ലുരസി തീ ഉണ്ടാക്കുന്നു, സിഗർ ലൈററിൽ നിന്നും തീയുണ്ടാക്കുന്നു. രണ്ടും ഒരേ തത്വം. അപ്പോൾ മലയാളം ഇംഗ്ലീഷായതുകൊണ്ടാണോ നാം പരിഷ്കരിച്ചതു്? ഹന്ത പരിഷ്ക്കാരമേ നിന്റെ പേർ 'പരിശ്ക്കാര'മെന്നാണു് ! ഇതിൽ നിന്നെല്ലാം നാമെന്തു മനസ്സിലാക്കുന്നു. നാം പരിഷ്ക്കരിച്ചു് പരിഷ്ക്കരിച്ചു് അപരിഷ്കൃതർ തന്നെയായി. നാം സഞ്ചരിച്ചു വളരെ ദൂരം സഞ്ചരിച്ചു; അവസാനം പിന്തിരിയാതെ തന്നെ പോന്നിടത്തെത്തിച്ചേർന്നു. നാമിന്നു് നേടിയെടുത്ത പരിഷ്ക്കാരവും തജ്ജന്യമായ സംസ്ക്കാരവും ഒരു മൂന്നാംലോകമഹായുദ്ധത്തിനു് ബലിയർപ്പിക്കാനുള്ളതാണു്. എന്നിട്ടു് പരിഷ്ക്കാരം പിന്നയുമിങ്ങനെ വൃത്തംവെച്ചുകൊണ്ടിരിക്കും. മെസപ്പട്ടോമിയൻ സംസ്ക്കാരവും, ബാബിലോണിയൻ സംസ്ക്കാരവും എല്ലാം — 1-ാം ലോകമഹായുദ്ധത്തിലോ — 2-ാം ലോകമഹായുദ്ധത്തിലോ അവസാനിച്ചതായിരിക്കാം — ഇന്നത്തെ പരിഷ്ക്കാരത്തെ നാളത്തെ പരിഷ്ക്കാരം അതിജീവിക്കുന്നു — ഇതിൽ നിന്നും നാളെ നാം അപരിഷ്കൃതരാവുമെന്നു് എന്റെ പ്രിയ വായനക്കാർ കരുതരുതു്. പരിഷ്ക്കാരം എന്തായാലും ശരി നമുക്കൊരുറച്ച സംസ്ക്കാരമുണ്ടായിരിക്കും — ഉണ്ടു്. എന്നാൽ പരിഷ്ക്കാരം കലാശാലകളിലും സിനിമാശാലകളിലും യന്ത്രശാലകളിലും മാത്രമേ നിലനില്ക്കുന്നുള്ളൂ — പ്രത്യുത സംസ്ക്കാരം ചരിത്രത്തിന്റെ ചലിക്കുന്ന താളുകളിൽ മായാതെ നിലനില്ക്കും — നിശ്ചയം. പരിഷ്ക്കാരം തന്നെയാണു് സംസ്ക്കാരം എന്ന വിശ്വാസമാണു് നമ്മെ പരിഷ്ക്കാരികളാക്കി മാററുന്നതും അതിനുവേണ്ട പ്രത്യാശ പകർന്നുതരുന്നതും — പ്രകൃതീദേവിയുടെ പൂഞ്ചേലച്ചുളിയിൽ ഒളിഞ്ഞുകിടക്കുന്ന പല പരിഷ്ക്കാരവും എന്റെ നഗ്നദൃഷ്ടിക്കു് ഗോചരമല്ലാതെ പോയേക്കാം. നമ്മൾ കണ്ടേടത്തോളം പരിഷ്ക്കാരം ഹൃദയഹാരിയാണെന്നു പറയുന്നതു് ആത്മഹത്യാപരമാണു് — അവ ഹൃദയഭേദകമാണു് — ഇതൊന്നും പ്രചരിപ്പിക്കരുതു് ചെവിക്കൊള്ളരുതു് : കാരണം, നമ്മുടെ ഭാവിതലമുറയും ആസ്വദിക്കട്ടെയല്ലം —

# പ്രാചീന ഈജിപ്തിലെ ഭാഷയും കണക്കും

എം. മൊഹമ്മദ്, ബി. എ II



പ്രാചീന നദീതടസംസ്കാരങ്ങളിൽ കാലപ്പഴക്കം കൊണ്ടും സാംസ്കാരികോന്നമനം കൊണ്ടും മുൻപന്തിയിൽ സ്ഥിതിചെയ്യുന്നതു ഈജിപ്ഷ്യൻ സംസ്കാരമാണല്ലൊ. ഏതാണ്ടു് 6000 കൊല്ലങ്ങൾക്കു മീതെ ഈ സംസ്കാരത്തിന്നു പഴക്കമുണ്ടെന്നു പറയപ്പെടുന്നു. ലോകത്തിന്നു് പല സംഭാവനകളും നല്കാൻ ഈ സംസ്കാരത്തിന്നു സാധിച്ചു. ഈജിപ്തിലെ ജനങ്ങൾ ഭരണനിർവ്വഹണം, നീതിന്യായം, ജ്യോതിശ്ശാസ്ത്രം, ഗണിതശാസ്ത്രം, ഭാഷ മുതലായവയിൽ അതിനിപുണരായിരുന്നു. ഭാഷയും ഗണിതശാസ്ത്രവും അവിടെ വികാസം പ്രാപിച്ച രണ്ടു വിഭാഗങ്ങളായിരുന്നു.

അവർ എഴുതുവാനുപയോഗിച്ചിരുന്നതു് മുപ്പതടിയോ അതിലധികമോ നീളമുള്ള 'പാപ്പറിസു്' കൊണ്ടുണ്ടാക്കിയ നീണ്ട പത്രച്ചുരുളുകളായിരുന്നു. ഒരു ചെറിയ തണ്ടിന്മേൽ ബ്രഷുപിടിപ്പിച്ചു് പശയും ഉള്ളുക്കരിയും, കൂട്ടിച്ചേർത്തുണ്ടാക്കിയ മഷിയിൽ മുക്കിയാണു് അവർ എഴുതിയിരുന്നതു്. ആദ്യം ചിത്രലിപികളേ ഉണ്ടായിരുന്നുള്ളു. കാലാന്തരത്തിൽ ഈ ചിത്രങ്ങൾക്കു് രൂപത്തിൽ കവിഞ്ഞൊരു അർത്ഥം കല്പിക്കുവാൻ തുടങ്ങി. ഉദാഹരണമായി വീണയുടെ ചിത്രത്തിന്നു് 'വീണ' എന്നും 'നല്ലതു്' എന്നും അർത്ഥമായി. 'വേക്ക' എന്നുള്ളതിന്നു് ഈജിപ്ഷ്യ് ഭാഷയിലെ വാക്കു് 'ഖൗപിറു' എന്നായിരുന്നു. ഇതിനെ അരിപ്പ (ഖൗ), പായ (പി) വായ (റു) എന്നീ മൂന്നു ചിത്രങ്ങളെക്കൊണ്ടെഴുതി. അപ്പോൾ അരിപ്പയുടേയും പായയുടേയും വായിന്റേയും ചിത്രം ക്രമത്തിൽ വരച്ചാൽ 'ഭവിക്ക' എന്ന അർത്ഥം മനസ്സിലാക്കി. ഇങ്ങനെ ഏകപദസ്വരസംജ്ഞകളുണ്ടായി.

ഈജിപ്ഷ്യ് ഭാഷയിൽ 'പെർ' എന്നതിന്നു് വീടു് എന്നാണർത്ഥം. ഇതിന്റെ ചിത്രസംജ്ഞ 'പെർ' എന്ന ശബ്ദത്തെക്കുറിച്ചു. ഈ ചിത്രം പിന്നീടു ലോപിച്ചു് ലോപിച്ചു് 'പി' എന്ന ശബ്ദത്തിന്റെ സംജ്ഞയായി. ഈ സംജ്ഞ പിന്നീടു് അക്ഷരമായി. അങ്ങനെ ഭാഷയിൽ ഇരുപത്തിനാലക്ഷരങ്ങളുണ്ടായി. ഇവയെല്ലാം വ്യഞ്ജനാക്ഷരങ്ങളായിരുന്നു. സ്വരാക്ഷരങ്ങൾ തീരെയുണ്ടായിരുന്നില്ല.

പക്ഷെ എഴുത്തുകാർ ഈ ശുദ്ധാക്ഷരങ്ങൾ മാത്രം ഉപയോഗിച്ചെഴുതുക പതിവില്ലായിരുന്നു. അവർ ശബ്ദസംജ്ഞ, അർത്ഥസംജ്ഞ, പദസംജ്ഞ, ചിത്രസംജ്ഞ എന്നിവയെല്ലാം കൂട്ടികലർത്തി ഉപയോഗിച്ചിരുന്നു. ഈ സങ്കീർണ്ണാക്ഷരമാലയിൽ ഏതാണ്ടു് 500 ചിത്രസംജ്ഞകളും അതിനടുത്ത മററുവിധ സംജ്ഞകളുമുണ്ടായിരുന്നു. ഇതിന്നും പുറമെ ദ്രുതഗതിയിലെഴുതുവാൻ പററിയ ഒരു കയ്യെഴുത്തും അവർ ഉപയോഗിച്ചിരുന്നു. സങ്കീർണ്ണാക്ഷരങ്ങൾ ഗ്രഹിക്കുവാൻ അത്ര എളുപ്പമായിരുന്നില്ല. അതിനാൽ എഴുത്തുകാർ ഒരു പ്രത്യേക വർഗ്ഗമായി മാറി. അവരെ വിദഗ്ദ്ധരെന്നു കരുതിപ്പോന്നു. ഉദ്യോഗങ്ങൾക്കു് ഈ അക്ഷരജ്ഞാനം നിർബ്ബന്ധമായിരുന്നു. അതിനാൽ എഴുത്തുകാരന്റെ പദവി പൊന്തി.

എഴുത്തുകാരൻെറ പദവിയെ കാണിക്കുന്ന ഒരു കുറിപ്പിലിങ്ങനെ പറയുന്നു. ‘‘കഠിനമായ അദ്ധ്വാനങ്ങളിൽനിന്നു രക്ഷ കിട്ടുവാനും വലിയ ഉദ്യോഗസ്ഥനാകുവാനും എഴുത്തിന്മേൽ മനസ്സുവെക്കുക. എഴുത്തുകാരനെ കൈവേലകളിൽനിന്നൊഴിവാക്കുന്നു. അവനാകുന്നു കല്പിക്കുന്നതു്. എഴുത്തുപലക നിൻെറ കയ്യിലില്ലേ? ഇതാകുന്നു നീയും തണ്ടുവലിക്കാരനും തമ്മിലുള്ള വ്യത്യാസം.’’

ഗണിതശാസ്ത്രത്തിലെ ചില സമ്പ്രദായങ്ങളിൽ ഈജിപ്തുകാർ സുമേരിയരെ അനുകരിച്ചുപോന്നു. പക്ഷെ അക്കങ്ങൾക്കു വ്യത്യാസമുണ്ടായിരുന്നു, ആദ്യകാലത്തെ അവരുടെ അക്കങ്ങൾ താഴെ കാണുംപ്രകാരമായിരുന്നു. 1=1 ; ∩=10 ; @=100 ; ഒമ്പതിന്നു് അവർക്കു ഒമ്പതു പ്രാവശ്യം ഒന്നിൻെറ സംജ്ഞകളെഴുതേണ്ടിവന്നു. ഇതുപോലെ ഇരുപതിന്നു് രണ്ടു പത്തിൻെറ അക്കങ്ങൾ എഴുതി (∩∩). അങ്ങനെ ഇരുപത്തൊമ്പതിന്നു് പതിനൊന്നു ക്കങ്ങൾ വേണ്ടിവന്നു അവർക്കു ഭിന്നസംഖ്യാപ്രയോഗവും വശമായിരുന്നു. ഇതുപോലെ അവരുടെ വൃത്തവാക്യം (പരിധി=വ്യാസം×3.16) വളരെ സൂക്ഷ്മതരമായിരുന്നു. അന്നത്തെ ശില്പികൾക്കു് എഴുത്തറിയാമായിരുന്നില്ല. അതിനാൽ അവർക്കറിയാവുന്ന മുഴുവൻ സംഗതികളും ലിഖിതം ചെയ്യപ്പെട്ടിട്ടില്ല. എഴുത്തുകാർക്കു ശില്പശാസ്ത്രവും വളരെ നന്നായറിയാമായിരുന്നില്ല. അവരുടെ ശില്പവേലകൾ ഗ്രന്ഥദ്വാരാ സംഭാവന ചെയ്ത ശാസ്ത്രത്തേക്കാൾ മികച്ചതായിരുന്നുവെന്നു് തോന്നുന്നു. ഈജിപ്തിൻെറ പ്രധാന ശാസ്ത്രീയ സംഭാവന പഞ്ചാംഗമാണു്. അവരുടെ പഞ്ചാംഗം സൂര്യനെ ആസ്പദിച്ചുള്ളതായിരുന്നു. ഒരു കൊല്ലത്തിലുള്ള $\frac{1}{4}$ ദിവസത്തെ കുറെ കാലങ്ങൾക്കു ശേഷം സിറിയസ്സിൻെറ (രുദ്രൻ) ഉദയം നോക്കിയാണവർ കണ്ടുപിടിച്ചതു്. പക്ഷെ അവർ തങ്ങളുടെ ഔദ്യോഗിക പഞ്ചാംഗത്തിൽ ഒരിക്കലും ഈ മാററം വരുത്തിയില്ല.

# PURE AND APPLIED SCIENCE

A. A. AZEEZ, III B. Sc.

THE controversy between pure science and applied science is a long standing one. There are some scientists like C. V. Raman, J. C. Bose, Meganath Saha who specialise in pure science. They invent new fundamental Principles and theories in physics, mathematics & Biology. But their abstract theories and Principles like the Raman effect or any other effect do not have any cash value at the moment. The majority of people however always demand some immediate utility or usefulness to humanity from the inventions of science. They are more attracted by the scientific inventions of Edison, like electric bulb, the gramophone records or cinematographic equipments. There is plenty of money in it. They are interested in sound waves or light waves or light waves only if these have commercial prospects like broad-casting and television. That is why nowadays more stress is placed on applied science than pure science. Technology or practical science is modern fashion.



It should be rememberd however that without the progress of pure science, no progress is possible to the applied science. Without a thorough knowledge of mathematical theory no engineer can build a new bridge. Without knowing about the human anatomy no one can qualify himself as a doctor. So also no one can become a great scientist unless he has a sound knowledge of theory. Pure science and applied science are like the two legs of a man which have to proceed together keeping company with each other. Pure science is the root of the tree, while the discoveries of applied Science are its fruits. All people may have the desire to eat fruits, but they should first of all plant the tree and water it carefully to see that root does not get dried up. If we want to get the benefits of applied science, equal amount of money must be spent for the progress of research.

India has only very few specialists in pure science, that is precisely why our scientists have not invented anything outstanding. Before we know the theory of nuclear disintegrator what is the fun of having an atomic reactor, except to give employment to some graduates? In all principles of production and manufacture we are displaying our ignorance. In the absence of any knowledge of the technical know-how of things, a lot of our money invested in many new industries is running to waste. Of course we send our scientists abroad to learn the theory, but most of them return after a world tour.

This sort of thing won't do. The need of the hour is, a more thorough study in the theory and fundamental principles of science even at an early stage. For this, greater dozes of higher mathematics are necessary. More money should be spent by the government on laboratory equipments, where research work is done, than on industrial factories or technological institutes. Only with such a re-orientation of policy towards pure science, India can march forward in scientific progres and keep pace with the other nations of the world.

# പുരോഗതിയുടെ മാർഗ്ഗം

പി. പി. മുഹമ്മദ്കുട്ടി, പി. യു. സി.

കേരളത്തിലെ, മുസ്ലീം സമുദായത്തിനിടയിൽ നടമാടുന്ന വിഭാഗീയതയും, വർഗ്ഗീയ വിവേചനങ്ങളും, മററു പല ഉച്ചനീചത്വങ്ങളും താമസംവിനാ ഉന്മൂലനം ചെയ്യേണ്ടതു് അവശ്യം ആവശ്യമായി തീർന്നിരിക്കയാണു്. മുസ്ലീംകൾ ഈ ലോകത്തിലെ ഇതര വർഗ്ഗങ്ങളെപ്പോലെ, തങ്ങൾ ഒരു വർഗ്ഗമല്ലെന്നും പ്രത്യുത ഒരു പാവനമായ—പരിശുദ്ധമായ ആദർശ മാനുഷികപാർട്ടിയാണെന്നും ഉള്ള യഥാർത്ഥ സത്യം വിശ്വസമക്ഷം പ്രകടിപ്പിക്കേണ്ടവരാണു്. ഉത്തമസമുദായം അഥവാ സത്യസാക്ഷികൾ എന്ന ഉൽകൃഷ്ടമായ പദവി നൽകി അവരോധിക്കപ്പെട്ടവരാണു് മുസ്ലീംകൾ എന്ന വസ്തുത വിസ്മരിക്കരുതു്. അനീതിയുടേയും ആക്രമണങ്ങളുടേയും, അനാചാരങ്ങളുടേയും സംഹാരതാണ്ഡവം മാനവസമുദായത്തിന്നിടയിൽ നഗ്നമായി നടമാടുമ്പോൾ, ലോകത്തെ ശാന്തിയുടേയും സമാധാനത്തിന്റേയും സമത്വത്തിന്റേയും സോപാനത്തിലേക്കു് ആനയിച്ചതു്—ആദർശസുന്ദരമായ ഇസ്ലാം ഒന്നു് മാത്രമാണു്. ബൃഹത്തായ ഈ വിശ്വത്തിന്റെ മഹത്തായ ചരിത്രത്തിന്റെ ഉൽകൃഷ്ടങ്ങളായ ഏടുകൾ, ഈ അനിഷേധ്യ യാഥാർത്ഥ്യത്തിന്നു് സാക്ഷികളാണു്. നാനാവിധ വിഭാഗീയ പക്ഷപാതങ്ങളേയും വെല്ലുവിളിച്ചുകൊണ്ടു് 'ഇസ്ലാം' മാനവരാശിയെ നിത്യസത്യ നിർദ്ദിഷ്ടമായ പന്ഥാവിലേക്കു് ആനയിച്ചു, ആദർശസുന്ദരമായ ഇസ്ലാം നാനാവിധങ്ങളായ ഉച്ചനീചത്വങ്ങളേയും ഈ ഭൂമുഖത്തുനിന്നു് പാടേ വിപാടനംചെയ്തു. ഇസ്ലാം ഭാവിമനുഷ്യരാശിക്കു് ഒരു മാതൃകാസമുദായം പണിതുയർത്തി. നീഗ്രോ അടിമയായ ബിലാലും, യൂറോപ്യനായ സുഹൈബും, അറബിയായ ഉമറും ആ സമുദായത്തിലുണ്ടായിരുന്നു. കറുത്തവനെന്നോ, വെളുത്തവനെന്നോ, അറബിയെന്നോ, അറബിയല്ലാത്തവനെന്നോ, കുബേരനെന്നോ, കുചേലനെന്നോ ഭേദമില്ലാതെ നാനാജാതി വർഗ്ഗക്കാർക്കും ആ സമുദായത്തിൽ ഒരേ പദവി നൽകി. കടൽ തൊഴിലാളിയും, കൃഷകനും, ജന്മിയും, കുടിയാനും, ബാർബറും, വെളുത്തേടനും ഒരേ അവകാശാധികാരങ്ങൾ ലഭിച്ചു. ആർക്കും ഒരു പ്രത്യേക പദവിയോ ബഹുമാനാദികളോ അനുവദനീയമല്ലായിരുന്നു, അതൊരിക്കലും 'ഇസ്ലാം' അനുവദിക്കുന്നില്ല. ഇസ്ലാം വാസ്തവത്തിൽ മനുഷ്യരാശിക്കു് ഒരു നവ ചൈതന്യം നൽകി, ഈ ഭൂമുഖത്തെ, വർഗ്ഗവർണ്ണ ഭാഷാ വൈവിധ്യങ്ങൾക്കു് ഇസ്ലാമിൽ സ്ഥാനമില്ല. അന്ത്യ പ്രവാചകനായ മുഹമ്മദ്നബി (സ: അ) യും അദ്ദേഹത്തിന്റെ അനുയായികളായ നേതാക്കളും മനുഷ്യന്നു് മാതൃകാ പുരുഷന്മാരായി പരിലസിച്ചു. അവർ ഊട്ടിവാർത്ത ഐക്യത്തിന്റേയും സമത്വത്തിന്റേയും, സഹിഷ്ണുതയുടേയും ഉരുക്കു് ഭിത്തിക്കു് യാതൊരു വാട്ടവും കോട്ടവും പററിയില്ല. നാനാവിധ ഉച്ചനീചത്വങ്ങൾക്കും ഈ ഭൂമുഖത്തു് സ്ഥാനമില്ലാതായി. ഇന്നു് ചന്ദ്രനിൽ വിജയപതാക പാറിപ്പിക്കുവാൻ വെമ്പുന്ന ശാസ്ത്രീയ യുഗത്തിനുപോലും അന്നു്, അതെ ആയിരത്തി നാനൂറു് വർഷങ്ങൾക്കുമുമ്പു് ഇസ്ലാം കെട്ടിപ്പടുത്ത ഐക്യവും ഉൽഗ്രഥനവും, സമാധാനവും നിലനിർത്തുവാൻ സാധിച്ചിട്ടില്ല. അഖിലലോകവും അന്നു് പരിപാവനമായ ആദർശസുന്ദരമായ ഒരു ജീവിതം

നയിച്ചു. അങ്ങിനെ ഭൂതലമാകെ മഹത്തായ വിപ്ലവം സൃഷ്ടിച്ചുകൊണ്ടു് മാനവസമുദായത്തിന്നു വഴികാട്ടിയായ് 'ഇസ്ലാം' പരിലസിച്ചു. ഇന്നും എന്നും 'ഇസ്ലാം' അതിൻെറ വിശിഷ്ടാദർശസ്തുത്യവുമായി പരിലസിക്കും.

പക്ഷെ നൂററാണ്ടുകൾക്ക് മുമ്പ് ഇസ്ലാം നടപ്പിലാക്കിയ ഐക്യമൊ സമാധാനമൊ, സമത്വമോ, ഉൽഗ്രഥനമോ, ഇന്നത്തെ മുസ്ലീം സമുദായത്തിന്നു് പ്രകടിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. മുസ്ലീം സമുദായം ഇന്നു് ഇസ്ലാം മതത്തിൻെറ മഹത്തായ ആദർശങ്ങൾ അവഗണിച്ചുകൊണ്ടു് നിന്ദ്യവും നീചവുമായ ചില മത വിരുദ്ധമായ സ്വഭാവദൂഷ്യങ്ങൾ വെച്ചുപുലർത്തുകയാണ. സർവ്വവിധ അനാചാര ദുരാചാരങ്ങളും സമുദായത്തിന്നിടയിൽ സ്വഛന്ദം വിഹരിക്കുകയാണ്. മത പണ്ഡിതൻ അവൻെറ സ്വാർത്ഥ താല്പര്യത്തിനൊത്തു് ഇസ്ലാമതാദർശത്തെ തകിടം മറിക്കുകയാണ്. ഇസ്ലാമതത്തിൻെറ പരിശുദ്ധിയെ മലീമസമാക്കുകയാണ്. ജാതീയത്വവും, വിഭാഗീയ ചിന്താഗതിയും തങ്ങൾക്കിടയിൽ വീണ്ടും തല പൊക്കുകയാണ്. സംസ്കാരസമ്പന്നരല്ലാത്ത, അഭ്യസ്തവിദ്യരല്ലാത്ത പാവപ്പെട്ട മുസ്ലീം സമുദായത്തെ കൊണ്ടു് അമ്മാനമാടുകയാണ്. അവർക്കിടയിൽ മതവിരുദ്ധരോ, അല്ലെങ്കിൽ മതദ്രോഹികളോ ആയ ചിലവർ അനിസ്ലാമികമായ ചില വാസനകളെ വളർത്തി വിട്ടിരിക്കുകയാണ്. തങ്ങളുടെ സ്വാർത്ഥ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന്നു് പുറമെ ഈ സമുദായത്തെ തരംതാഴ്ത്തി, അവരുടെ പുരോഗമനപരമായ വളർച്ചക്ക് ഒരു വിലങ്ങുതടിയും കൂടിയായ് ഇവർ സ്വഛന്ദം വിഹരിക്കുകയാണ്. ഇത്തരക്കാരുടെ ചൂഷണത്തിൽനിന്നു് പാവപ്പെട്ട മുസ്ലിം സമുദായത്തെ രക്ഷിക്കുവാൻ അവിശ്രമ പരിശ്രമം ചെയ്യുന്ന കർമ്മരംഗത്തിറങ്ങി പ്രവർത്തിക്കുന്ന സാമുദായികപ്രവർത്തകന്മാരെ സമുദായദ്രോഹികളും, മതവിരുദ്ധരുമായി ചിത്രീകരിച്ചു് കാട്ടുന്നതിൽ സമുദായത്തിൽനിന്നും ഒററപ്പെടുത്തുന്നതിൽ ഇത്തരം പണ്ഡിതന്മാർ സമർത്ഥരാണ്. അങ്ങിനെ മുസ്ലിംകൾ, പ്രത്യേകിച്ചു കേരള മുസ്ലിംകൾ ഇന്നു ഒരു വഴിത്തിരിവിലായി തീർന്നിരിക്കുകയാണ്. സംഘടനയില്ല, നേതാക്കളില്ല, ഉണ്ടെങ്കിൽതന്നെ മുൻപ് പ്രസ്താവിച്ച നിലയിലാണവർ, ഇസ്‌ലാമിൻെറ സുന്ദരവും പാവനവുമായ രൂപം കണ്ടാസ്വദിക്കുവാൻ ഭാഗ്യമില്ലാതെ നിരാശരായ് കഴിഞ്ഞുകൂടുകയാണ്. ഇത്തരമൊരു ഗുരുതരമായ അന്തരീക്ഷത്തിൽ സമുദായത്തെ നാം വിടുകയാണെങ്കിൽ, ഇസ്‌ലാമിൻെറ ഭാവി ശോചനീയമാവുക മാത്രമല്ല ആ പരിശുദ്ധ ആദർശം ഒരു നാമമാത്രപ്രസ്ഥാനമായി പരിണമിക്കുമെന്നു് ഭയപ്പെടേണ്ടി വരികയാണ് മാനവസമുദായത്തിൻെറ നിത്യജീവിതത്തിൻെറ—സാമൂഹ്യവും സാംസ്കാരികവും, ധാർമ്മികവുമായ ജീവിത വ്യവസ്ഥിതിയുടെ അടിസ്ഥാനപ്രമാണമായ മഹത്തായ ആദർശത്തെ ചവിട്ടിമെതിക്കുകയും, പ്രത്യുത വർഗ്ഗീയത്വവും, തറവാടിത്തവും, അസമത്വവും എന്നു വേണ്ട നാനാവിധ ഉച്ചനീചത്വങ്ങളും സൃഷ്ടിക്കുകയും ചെയ്യുന്ന ഇത്തരം സമുദായദ്രോഹികളെ, അവരുടെ ദുഷിച്ചനാറിയ പ്രചരണ പ്രവർത്തനങ്ങളിൽനിന്നും എന്നെന്നേക്കുമായി പാടേ വിപാടനം ചെയ്യേണ്ടതു് എല്ലാ നല്ല സമുദായപ്രേമികളുടേയും, ഇസ്‌ലാമതവിശ്വാസികളുടേയും കടമയായിതീർന്നിരിക്കുകയാണ്.

ചുരുക്കത്തിൽ തങ്ങളുടെ സാക്ഷാൽ ആദർശത്തിലേയ്ക്കു് തിരിച്ചുകൊണ്ടു്, പക്ഷപാത സ്വാർത്ഥതാല്പര്യങ്ങളിൽനിന്നു എന്നെന്നേക്കുമായി വിടവാങ്ങികൊണ്ടു്, നിത്യസത്യനിർദ്ദിഷ്ടമായ പന്ഥാവിലേക്കു്, അഥവാ സുന്ദരാദർശമായ ഇസ്‌ലാ

മിൻെറ സിദ്ധാന്തങ്ങളിലേക്കു സമുദായത്തെ നയിക്കുവാൻ തയ്യാറാവുക. ഇസ്ലാമതാനുശാസനകളെ മനസാവാചാകർമ്മണാ ജീവിതത്തിലേക്ക് പകർത്തുകയും, അവയുടെ പാവനത്വവും പരിശുദ്ധിയും ബഹുജനസമക്ഷം പ്രബോധനംചെയ്യുകയും ചെയ്യു എന്നതു് അടിയന്തിര കർത്തവ്യമാണ്. മുസ്ലിംകളുടെ ജീവിതത്തിലും, ജീവിതലക്ഷ്യത്തിലുമുണ്ടാകുന്ന ഈ വിപ്ലവകരമായ പരിവർത്തനം, അവശത അനുഭവിക്കുന്ന സമുദായത്തെ മതചൂഷകപണ്ഡിതപുംഗവന്മാരിൽനിന്ന് മോചിതരാക്കുമെന്ന് മാത്രമല്ല, സമുദായത്തിൽ നടമാടുന്ന തറവാടിത്തം, അസമത്വം തുടങ്ങിയ ഉച്ചനീചത്വങ്ങൾക്കാകമാനം കനത്ത പ്രഹരമേല്പിക്കുകയുംചെയ്യും. വർണ്ണ ജാതി വർഗ്ഗ തൊഴിലുകളാതിവിഭാഗീയ ചിന്താഗതിക്കാരിൽനിന്ന് മുസ്ലിം ജനലക്ഷങ്ങളെ, ഇസ്ലാമിൻെറ സുന്ദരമായ—പാവനമായ ആദർശസത്തയിലൂടെ നയിക്കുകയും, സമുദായത്തിൽ കുടികൊള്ളുന്ന നാനാവിധ അനാചാര ദുരാചാരങ്ങളും പാടേ ഉന്മൂലനം ചെയ്യുകയും ചെയ്യും. പരിശുദ്ധ ഖുർആനിനേയും, നബിതിരുമേനിയുടെ ഹദീസിനേയും, അതിൻെറ തനി നിറത്തിൽ ലോക സമക്ഷം പ്രബോധനം ചെയ്യുവാൻ പുരോഹിതവർഗ്ഗങ്ങൾ അവിശ്രമപരിശ്രമം ചെയ്യട്ടെ, എന്നാൽ മാത്രമേ എല്ലാവിധ വൈകല്യങ്ങളും അന്തർധാനം ചെയ്യുയുള്ളൂ. അങ്ങിനെ മനുഷ്യരാശിയുടെ സമ്പൂർണ്ണ ജീവിത വ്യവസ്ഥിതിയുടെ ആകെത്തുകയായ—പരിപാവന ആദർശസത്തായ ഖുർആൻ, റസൂൽ തിരുമേനിയുടെ ജീവിതമാതൃക, ഉൽകൃഷ്ടമായ ജീവിതചര്യ എന്നിവ ലോകസമക്ഷം കാണിക്കവെക്കട്ടെ അപ്പോൾ മാത്രമേ 'ഇസ്ലാം' എന്താണെന്നും, അവയുടെ വ്യവസ്ഥകളെന്തെന്നും ഈ ശാസ്ത്രീയ യുഗത്തിന്നു ഗ്രഹിക്കുവാൻ കഴിയുകയുള്ളൂ. അപ്പോൾ മാത്രമേ മാനവരാശിക്ക് 'ഇസ്ലാം' ചില ആചാരാനുഷ്ഠാനങ്ങളുടെ ഒരു പകർപ്പല്ല അതെന്നും പ്രത്യുത സമാധാനത്തിൻേറയും ശാന്തിയുടേയും, ഉൽഗ്രഥനത്തിൻേറയും എല്ലാപരിശുദ്ധ ആദർശാഭിലാഷങ്ങളുടേയും ആകെത്തുകയാണെന്നും നരവംശം ഗ്രഹിക്കുകയുള്ളൂ. എങ്കിൽ മാത്രമേ, കൂട്ടം വിട്ട ആട്ടിൻ പറ്റങ്ങളെപോലെ ഒരു വഴിത്തിരിവിൽ ഉഴലുന്ന, തരം താഴ്ത്തപ്പെട്ട, അവഗണിക്കപ്പെട്ട സമുദായത്തിന്ന് ആശാകേന്ദ്രത്തിൻെറ കവാടം തുറക്കപ്പെടുകയുള്ളൂ.

# RETENTION OF ENGLISH

P. M. A. HAKIM, II B. SC.

THE problem of official language has become a controversial issue. The question is whether English should continue or not as the official language of India. Different arguments in favour of and against the retention of English have been put forward. However this problem has taken the shape of a dangerous crisis. Therefore it is high time to find a sensible solution for this. Otherwise it will pave the way for disintegrating forces, and the integrity and unity of our country will be in jeopardy.

Our Constitution declares that Hindi will be the official language of India and the change-over from English to Hindi should take place before 1965. But it is wrong to impose Hindi on non-Hindi speaking people. The Government has to allay their legitimate fears. At present if Hindi is to be the sole official language, it will be disastrous for the non-Hindi speaking people. Therefore the Central Government has given a pledge that English will be retained as an associate language with Hindi even after 1965.

We are happy to note the Prime-Minister's assurance in firm tones that this pledge will be fulfilled whatever may happen. The deplorable stand taken by some Hindi fanatics has to be condemned. These so-called 'Hindi lovers' have launched a campaign against English. They can express their love for one language only in terms of antipathy to another one. Hindi may take its rightful place in due course; before that it has to be peacefully spread. Any attempt to impose Hindi will let loose the disintegrating forces in the country and therefore will be hazardous to the unity and integrity of the country. These linguistic fanatics by arguing for the imposition of Hindi, are trying to create a deep gulf between north and south. The decision of the Government to give an associate status to English, is therefore practical, desirable and necessary.

Retention of English does not mean any desire to by-pass the eminence of Hindi. English has been more or less the common language of all states. It goes without saying that if English is dropped, India will be divided into water-tight compartments. English is the window to the outside world of knowledge. We are bound to learn English if we want to keep in touch with the outside world. Many empires fell in India, because they lacked knowledge about the outside world. It is wonderful to see that the protagonists of Hindi object to the retention of English which has been a binding factor in India. In the face of disruptionst and secessionist forces, it helps to preserve national unity.

English is a valuable means of acquisition of knowledge in scientific and technical fields. A good knowledge of English gives access to a great and vast literature and also to high thought and achievement,


English should be retained as the medium of instruction in universities. In order to ensure high standard in universities and to bring different universities closer English should continue to be the medium of instruction.

English is the one great heritage left to us; but we dare throw it to the winds. The desire of Hindi fanatics to eliminate English is actuated by false national pride.

Therefore English should be preserved in the best interests of the people. The pledge given by Governments to give an associate status to English should be fulfilled. Any move against this should be fought tooth and nail.

# ശാസ്ത്രവും, മാനുഷികമൂല്ല്യങ്ങളും

എം. മുഹമ്മദ്, ബി. എസ്സ്സി. II



ഭീകരമായ വനാന്തരങ്ങളിൽ കാട്ടാളനിൽനിന്നും വ്യത്യസ്തനല്ലാതെ ജീവിച്ച ഒരു വർഗ്ഗത്തിൻെറ സന്തതികളാണു് മനുഷ്യരെന്നു് ആധുനികചരിത്രം ഉൽഘോഷിക്കുമ്പോൾ ലജ്ജയോ, വിസ്മയമോ നമുക്കുണ്ടായെന്നു വരാം. നൂററാണ്ടുകളിലൂടെയുള്ള വളർച്ച മനുഷ്യനെ ഇന്നു അമാനുഷനാക്കിയിരിക്കുകയാണു്. ഭൂമിയിൽ മാത്രം ഒതുങ്ങി ജീവിക്കാൻ പണ്ടത്തെപ്പോലെ അവനിന്നു് ഇഷ്ടപ്പെടുന്നില്ല. പ്രപഞ്ചത്തെപ്പററിയും, അതിലെ രഹസ്യങ്ങളെപ്പററിയും എന്നത്തെക്കാളേറെ വസ്തുതകൾ മനുഷ്യൻ മനസ്സിലാക്കിയിട്ടുണ്ടു. ഒരു ഗോളാന്തരയാത്രക്കു വേണ്ടിയുള്ള സാഹസം നിറഞ്ഞ പ്രവൃത്തിയിലാണു് ആധുനിക മനുഷ്യൻ തൻെറ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നതു്. വിദൂരമല്ലാത്ത ഭാവിയിൽ അവൻ അജ്ഞാതങ്ങളായ പല ഗോളങ്ങളിലും ചെന്നെത്തുമെന്നതിന്നു് ആധുനികശാസ്ത്രത്തിൻെറ പുരോഗതി സാക്ഷ്യം വഹിക്കുന്നുണ്ടു്.

ശാസ്ത്രവും, മനുഷ്യനും തമ്മിൽ അഭേദ്യമായ ഒരു ബന്ധമാണുള്ളതു്. ശാസ്ത്രമില്ലാത്ത ഒരു ജീവിതത്തെപ്പററി ചിന്തിക്കുകപോലും വിഷമമായിരിക്കും. വിടത്താനാവാത്ത ഈ ബന്ധത്തിൻെറ തുടക്കം എവിടം മുതല്ക്കാണാരംഭിച്ചതെന്നു് കണിശമായിപ്പറയുക സാദ്ധ്യമല്ല. ഒരു പക്ഷെ പുരാതന മനുഷ്യൻ ഈ ഭൂമുഖത്തു പ്രത്യക്ഷപ്പെട്ട നാൾതന്നെ അതിൻെറ ആരംഭം കുറിച്ചിട്ടുണ്ടായിരിക്കണം. അന്നുമുതൽ ശാസ്ത്രീയ മണ്ഡലത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന നേട്ടങ്ങൾ മനുഷ്യജീവിതത്തിൽ വിപ്ലവാത്മകമായ പരിവർത്തനങ്ങൾ സൃഷ്ടിക്കാൻ സഹായകമായിട്ടുണ്ടു്. സുഖസൌകര്യങ്ങളും, ജീവിതത്തിൻെറ ദൈർഘ്യവും വർദ്ധിപ്പിക്കുന്നതിൽ മാത്രമല്ല അത്ഭുതങ്ങളുടെ ഒരു ലോകം തന്നെ വെട്ടിത്തെളിയിക്കുന്നതിൽ അതു് വിസ്മയാവഹമായ വിജയം കൈവരിച്ചിട്ടുണ്ടു്. അതിനാൽ സയൻസിൻെറ വളർച്ച മനുഷ്യ വികാസത്തിൻെറ വളർച്ചയായിട്ടല്ലാതെ ഗണിക്കാൻ നിർവ്വാഹമില്ല.

ശാസ്ത്രത്തെപ്പററി കൂലങ്കഷമായ പഠനം നിർവ്വഹിക്കുന്ന ഒരാൾക്കു് അതു് എല്ലാപ്പോഴും മനുഷ്യൻെറ പുരോഗതിക്കും, നിലനില്പിന്നും നിദാനമായിരുന്നു എന്നു കാണാവുന്നതാണു്. കാലത്തിൻെറ നീലക്കയത്തിൽ അതിൻെറ രൂപത്തിന്നു് മാററവും, ആശയങ്ങൾക്കു് വ്യത്യാസവും വന്നിട്ടുണ്ടായിരിക്കാം. കാടത്തത്തിൽനിന്നും മനുഷ്യൻ സംസ്കാരത്തിലേക്കും, പരിഷ്കാരത്തിലേക്കും നീങ്ങിയതു് സയൻസിൻെറ പുരോഗതിക്കൊപ്പമാണെന്ന ചരിത്ര യാഥാർത്ഥ്യം നിഷേധിക്കവയ്യ. മാനുഷികമൂല്ല്യങ്ങളും, ധാർമ്മികമൂല്ല്യങ്ങളും ഉൾക്കൊള്ളാത്ത ഒരു സമുദായത്തിന്നു് ഇത്തരത്തിലുള്ള നേട്ടങ്ങൾ കരഗതമാകാൻ നിർവ്വാഹമില്ല. എന്നിട്ടും, ശാസ്ത്രം പുരോഗമിക്കുന്തോറും മാനുഷികമൂല്ല്യങ്ങൾ ഇല്ലാതാവു

കയോ, ധാമ്മികമൂല്ല്യങ്ങരം അധഃപതിക്കുകയോ ആണെന്നു് മുറവിളികൂട്ടുന്നവർ ധാരാളം ഉണ്ടു്. തീതുപ്പുന്ന യന്ത്രസാമഗ്രികളുടെ നിമ്മാണവും, ലോകത്തെ ചുട്ടെരിച്ചു് ഭാസ്വരതയുടെ ഒരു ഗോളം സൃഷ്ടിക്കാനുതകുന്ന കണ്ടുപിടുത്തങ്ങളുമായിരിക്കാം മേൽ സൂചിപ്പിച്ച അഭിപ്രായം രൂപീകരിക്കാൻ ചിലരെ പ്രേരിപ്പിച്ചതു്. പക്ഷെ ഇത്തരം മാരകായുധങ്ങളൊ, നശീകരണ വസ്തുക്കളൊ ഇല്ലാതിരുന്ന കാലങ്ങളിൽ മനുഷ്യൻെറ ധാമ്മികമൂല്ല്യങ്ങരം ഇന്നത്തെക്കാളേറെ ഉയന്നതായിരുന്നുവെന്നു് കാണാൻ പ്രയാസമാണു്.

ഇന്നത്തെപ്പോലെ സയൻസിൻെറ പുരോഗതി ഉച്ചകോടിയിലെത്താതിരുന്ന യുഗങ്ങളിലേക്കു് നമുക്കൊന്നെത്തി നോക്കാം. ഇരുളടഞ്ഞ യുഗമെന്നു് പാശ്ചാത്യർ വിശേഷിപ്പിക്കാറുള്ള മദ്ധ്യകാലഘട്ടത്തിൽ സാമ്പത്തികവും, ശാസ്ത്രീയവുമായ മണ്ഡലങ്ങളിൽ മനുഷ്യൻ പുരോഗതി ഇല്ലാതെ നിലകൊണ്ടു. ധാമ്മികമൂല്യങ്ങരം തൊട്ടുതെറിക്കാത്ത സംഭവങ്ങരം ചരിത്രത്തിലാവത്തിക്കപ്പെട്ടു. മതത്തിൻേറയും, അധികാരത്തിൻേറയും പേരിൽ മനുഷ്യർ യുദ്ധം ചെയ്തു; ചോരപ്പുഴകളൊഴുക്കി. അധികാരവർഗ്ഗത്തിൻെറ സുഖത്തിന്നും, സൌകര്യത്തിന്നും വേണ്ടി എത്രയോ പേർ നിഷ്ഠുരണം വധിക്കപ്പെട്ടു., എത്രയോ പേക്കു് ചാരിത്രം നഷ്ടപ്പെട്ടു. അവിടെയും നിന്നില്ല മനുഷ്യൻെറ ധമ്മക്ഷയം. കഴിഞ്ഞ ഏതാനും നൂററാണ്ടുകളിൽ കൂടി മനുഷ്യരെ മനുഷ്യൻ ആട്ടിൻപററങ്ങളെപ്പോലെ വില്ക്കുന്നതും, മൃഗീയമായ മദ്ദനത്തിന്നിരയാക്കുന്നതുമായ അടിമക്കച്ചവടവും അടിമവൃത്തിയും നിലനിന്നു. ഇതെല്ലാം മാനുഷികമൂല്ല്യങ്ങളുരംകൊള്ളുന്ന സംഭവങ്ങളാണെന്നു് ചിന്തിക്കുക പ്രയാസമാണു്.

എന്നാൽ ഇന്നു് ചരിത്രത്തിൻെറ ഗതി എത്രത്തോളം മാറിയിരിക്കുന്നു. സാമ്രാജ്യങ്ങളും, കൊട്ടാരക്കെട്ടുകളും തകന്നു് തരിപ്പണമായി. സ്വേച്ഛാധിപത്യ പ്രഭുക്കളുടേയും, വൈദികരുടേയും സ്ഥാനത്തു് ജനങ്ങരംക്കു്വേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ജനകീയ ഗവണ്മെൻറുകളാണു് ഭരണം നടത്തുന്നതു്. ജാതിയുടേയും, മതത്തിൻേറയും പേരിൽ ആരെയും അവഹേളിക്കാനൊ, ദേശത്തിൻേറയും വഗ്ഗത്തിൻേറയും പേരിൽ ആരെയും അകററാനൊ നിവ്വാഹമില്ല. അടിമക്കച്ചവടം കുററകരമായി ഗണിക്കുന്നു. സമത്വവും, സ്വാതന്ത്ര്യവും മനുഷ്യൻെറ മൌലികാവശ്യങ്ങളാണെന്നു് സമ്മതിക്കപ്പെട്ടിരിക്കുന്നു. ദേശത്തിൻേറയും, രാഷ്ട്രത്തിൻേറയും അതിർവരമ്പുകരം മായുന്നതിൻെറ ലക്ഷണങ്ങരം കണ്ടു തുടങ്ങിയിരിക്കുന്നു. മനുഷ്യരെല്ലാം ഒന്നാണു്., ഒന്നിക്കേണ്ടവരാണു് എന്നൊരു ധാരണ പൊതുവിൽ ഉണ്ടായിട്ടുണ്ടു്. മാനുഷികമൂല്ല്യങ്ങളിൽ ഉയച്ചയില്ലാതെ നവീനങ്ങളും, ക്രിയാത്മകങ്ങളുമായ ഇത്തരം ആശയങ്ങരം ഉടലെടുക്കുകയും തഴച്ചുവളരുകയും ചെയ്യുകയില്ല.

ലോകചരിത്രത്തിൽ വെട്ടലുകളും, തിരുത്തലുകളും ആവശ്യമായ ഒരു യുഗത്തിലാണു് നാം ജീവിക്കുന്നതു്. വാദങ്ങളും, വിവാദങ്ങളും ഒന്നിനു പുറകിൽ മറെറാന്നായി രൂപം പ്രാപിച്ചേക്കാം. അവയെല്ലാം അംഗീകരിച്ചുകൊള്ളണമെന്നില്ല. അതുപോലുള്ള ഒരഭിപ്രായമായി മാത്രമെ മാനുഷിക മൂല്ല്യങ്ങരംക്കു് അധഃപതനമാണെന്ന വാദത്തേയും എടുക്കേണ്ടതുള്ളു. പക്ഷെ ഈ വാദമുന്നയിക്കുന്നവർ, മാനുഷികമൂല്ല്യങ്ങരം ശാസ്ത്രത്തോടൊപ്പം 'വേണ്ടത്ര' വളന്നിട്ടില്ല എന്നു പറഞ്ഞിരുന്നുവെങ്കിൽ അതംഗീകരിക്കാമായിരുന്നു. പരമാത്ഥമുരംകൊള്ളുന്ന ഇത്തരം അഭിപ്രായങ്ങരം അനുഭവത്തിൻെറ വെളിച്ചത്തിൽ ആക്കും നിഷേധിക്കുവാൻ സാദ്ധ്യവുമല്ല.

പുരോഗതിയുടെ പന്ഥാവിലൂടെ പരിഷ്കാരത്തിൻെറ വെളിച്ചവുമായി മുന്നോട്ടു ഗമിക്കുമ്പോഠം അസമാധാനത്തിൻേറയും, അക്രമത്തിൻേറയും ഭീഷണി നമ്മിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നുണ്ട്. മാരകായുധങ്ങളുടെ നിമ്മാണത്തിലും പ്രയോഗത്തിലും ശാസ്ത്രം സൃഷ്ടിച്ച അത്ഭുതം മനുഷ്യരാശിയെ മുഴുവൻ നിമിഷനേരംകൊണ്ട് നശിപ്പിക്കാൻ സാധിക്കുന്ന ഒരു സ്ഥിതിവിശേഷം സൃഷ്ടിച്ചിട്ടുണ്ട്. ബലപ്രയോഗം കൊണ്ട് പ്രശ്നങ്ങഠം പരിഹരിക്കാമെന്ന ബിസ്മാക്കിൻെറ തത്വം പ്രായോഗികമാക്കാമെന്ന് ഇന്നാരും കരുതുന്നില്ല. എല്ലാവരും സമാധാനത്തിലും, സഹവർത്തിത്വത്തിലും വിശ്വസിക്കുന്നവരാണ്; അവയുടെ വക്താക്കളാണ്. എന്നിട്ടും ആയുധപ്പുരകളണിയിക്കാൻ സമ്പത്തും, സമയവും എന്തിനാണ് മനുഷ്യൻ ഉപയോഗിക്കുന്നതെന്ന് ചോദിച്ചാൽ മറുപടി ഒന്നേ ഉള്ളു: പരസ്പരവിശ്വാസമില്ലാത്തതുകൊണ്ട്. മനുഷ്യൻെറ നമ്പർ വൺ ശത്രുക്കളിൽ ഒന്നായി ഇതിനേയും ഗണിക്കേണ്ടിയിരിക്കുന്നു. നമ്മിൽനിന്നും ഗളഹസ്തം ചെയ്യേണ്ട ഈ പിശാച് മാനുഷികമൂല്ല്യങ്ങളെ വഴിതെററിക്കുകയും, നശിപ്പിക്കുകയും ചെയ്യുമെന്ന സംശയലേശമന്യേ പറയാവുന്നതാണ്.

നമ്മിൽത്തന്നെ കുടികൊള്ളുന്ന സ്നേഹത്തിൻേറയും, സാഹോദര്യത്തിൻേറയും ദീപശിഖ ഉയർത്തുകയും, അവയുടെ വളച്ചക്കും വികാസത്തിന്നും വേണ്ട സമയവും, സന്ദർഭവും ഒരുക്കുകയുമാണ് ഇന്ന് അടിയന്തിരമായും വേണ്ടത്. എന്നാൽ മാത്രമെ മനുഷ്യനിൽ വളൻവന്ന പരാജയബോധം തുടച്ചു നീക്കാനും, ധമ്മത്തിൻെറ പീയൂഷധാര കോരിച്ചൊരിയുവാനും സാദ്ധ്യമാവുകയുള്ളു.

ശാസ്ത്രപഠനം മനുഷ്യൻെറ ഹൃദയവളച്ചയെക്കാളേറെ ബുദ്ധിയുടെ വികസനത്തിന്നെ സഹായിക്കുകയുള്ളു. അതിനാൽ ഹൃദയത്തിൻെറ വളച്ച്ക്ക്–മാനുഷികമൂല്ല്യങ്ങളുടെ ഉന്നതിക്ക് സഹായകമാകുന്ന ഘടകങ്ങഠം ജീവിതത്തിലേക്ക് കടന്നു വരേണ്ടിയിരിക്കുന്നു. ആത്മജ്ഞാനവും, ദൈവവിശ്വാസവും ഇതിന്നു സഹായകമാകുമെങ്കിൽ നല്ലതുതന്നെ. പക്ഷെ ശാസ്ത്രത്തിൻെറ അടിസ്ഥാനതത്വങ്ങളും, അതിൻെറ സന്ദേശങ്ങളും ഉഠംക്കൊള്ളാത്ത തത്വജ്ഞാനമാണ് ഈ വിശ്വാസം വഴി മനുഷ്യന്നു ലഭിക്കുന്നതെങ്കിൽ അത് നാഗരികതയിലേക്കുള്ള ഒരു കാൽ വെപ്പായിരിക്കുകയില്ല; മറിച്ച് അന്ധവിശ്വാസത്തിലേക്കും, അപരിഷ്കൃതത്വത്തിലേക്കുമുള്ള പ്രയാണമായിരിക്കും.

മാനുഷികമൂല്ല്യങ്ങളുടെ വളച്ച്ക്ക് സാഹിത്യപഠനം സഹായിച്ചിരിക്കുമെന്ന് കണ്ടിട്ടായിരിക്കണം ശാസ്ത്രപഠനത്തോടൊപ്പം അതിന്നും തുല്ല്യസ്ഥാനം നല്കണമെന്ന് ചിലർ വാദിക്കാറുള്ളത്. മനുഷ്യൻെറ വികാരങ്ങളും വിചാരങ്ങളും കണ്ടറിയാനും, അവ ഉഠംക്കൊള്ളാനും കലകഠംക്ക് സാധിക്കും. നമ്മുടെ സംസ്കാരത്തെ പരിഷ്കാരത്തോടൊപ്പം വളത്തുന്നതിൽ സാഹിത്യം വിജയിച്ചിട്ടുണ്ട്. ഹൃദയത്തിൻെറ അഗാധതയിലേക്ക് ഇറങ്ങിച്ചെല്ലാനും, ഇരുളടഞ്ഞ മനുഷ്യഹൃദയങ്ങളിൽ സംസ്കാരത്തിൻെറ വെളിച്ചം വീശാനും ഉത്തമ കലാസൃഷ്ടികഠംക്ക് സാധിച്ചതായി ചരിത്രം നമ്മെ പഠിപ്പിക്കുന്നു. ഇന്നു മനുഷ്യനിൽ വേരൂന്നിയ പരസ്പരവിശ്വാസമില്ലായ്മയുടേയും, അക്രമണഭീതിയുടേയും വിഷപ്പല്ലുകഠം തെറിപ്പിച്ചുകളയാൻ അവക്ക് സാദ്ധ്യമാകുമെങ്കിൽ സംസ്കാരത്തിന്നും, മാനുഷികമൂല്ല്യങ്ങഠംക്കും അതൊരു മുതൽക്കൂട്ടായിരിക്കും.

# സിഗമണ്ട് ഫ്രോയ്ഡ് —

## ആധുനിക മനഃശാസ്ത്രത്തിന്റെ പിതാവ്



★

— **കെ. മുഹമ്മദ് കുട്ടി,** ബി. എസ്സ്സി. III

**1856** മേയ് 6-ാംനു- മൊറേവിയായിലെ, ഫ്രൈബെർഗിൽ സിഗമണ്ട്ഫ്രോയഡ് ഭൂജാതനായി. 1860 മുതൽ തന്റെ ജീവിതത്തിൽ ഏറിയകാലവും വിയന്നായിലാണ് അദ്ദേഹം ചിലവഴിച്ചതു്. ശാസ്ത്രീയ പരീക്ഷണങ്ങളിലായിരുന്നു ആദ്യം അദ്ദേഹം ശ്രദ്ധപതിപ്പിച്ചിരുന്നതു്. ഗീഥെയുടെ 'Die Natur' അദ്ദേഹം വായിക്കാനിടയായി. രസതന്ത്രത്തിലേക്കും, ജീവശാസ്ത്രത്തിലേക്കും തന്റെ ശ്രദ്ധ തിരിക്കാൻ 'Die Natur' ആണ് അദ്ദേഹത്തിനു് പ്രചോദനം നല്കിയതു്. 1876-മുതൽ 1882. വരെയുള്ള ആറു വർഷക്കാലം സിഗമണ്ട് ഫ്രോയ്ഡ്, ബ്രൂക്കിന്റെ ഫിസിയോളജിക്കൽ ലബോറട്ടറിയിൽ ചിലവഴിച്ചു. 1882-മുതൽ 1885-വരെ അദ്ദേഹം, മെയ്നട്ടിന്റെ കീഴിൽ അനോട്ടമി ഇൻസ്റ്റിറ്റ്യൂട്ടിൽ ജോലി നോക്കി.

1885-ൽ പാരീസ്സിൽവെച്ചു, അദ്ദേഹം ആദ്യമായി ന്യൂറോസിസിനു 'ഹിപ്നോട്ടിസം' മുഖേന പരിഹാരം കണ്ടെത്താൻ ശ്രമിച്ചു. എങ്കിലും ഏറെത്താമസിയാതെ 'ഹിപ്നോട്ടിസത്തേക്കാൾഭേദം, രോഗികളുമായി ''സ്വതന്ത്രമായി ഇടപഴകലാണെന്നദ്ദേഹം മനസ്സിലാക്കി. 1895-ൽ ഫ്രോഡ് തന്റെ സഹപ്രവർത്തകനായ ബ്രൂയറുടെ സഹായത്തോടെഴുതപ്പെട്ട ''Studies on Hysteria'' പ്രസിദ്ധപ്പെടുത്തി. ഫ്രോയ്ഡ് തന്റെ അപഗ്രഥന വൈദഗ്ധ്യം ന്യൂറോസിസ്സിലെന്നപോലെ, സ്വപ്നം, കല, സാഹിത്യം, മതം എന്നിവയിലെല്ലാം പ്രയോഗിച്ചു.

1906-ാം മാണ്ടുമുതൽ ഫ്രോയഡ്, മനഃശാസ്ത്ര വൈദഗ്ധ്യം നേടിയ ഭിഷഗ്വരന്മാരുമായി സമ്പർക്കം പുലർത്താൻ തുടങ്ങി. 1936-ൽ റോയൽ സൊസൈറ്റി അദ്ദേഹത്തെ ഒരു 'ഫെല്ലോ'വായംഗീകരിച്ചു. മാനസീകാപഗ്രഥനത്തിനു് ശാസ്ത്രീയച്ഛായ വന്നതിന്റെ സൂചനയായിട്ടാണ് ഫ്രോയ്ഡിന്റെ ഈ വിജയം വ്യാഖ്യാനിക്കപ്പെട്ടതു്.

എൺപതിലധികം വയസ്സ് പ്രായമായിട്ടും Inter National Journal of Psycho-Analysisന്റെ കഴിവുറ്റ ഡയറക്ടറായി അദ്ദേഹം പ്രശോഭിച്ചു. 1938-ൽ ആസ്ത്രിയയുടെ നേരെയുണ്ടായ ജർമ്മൻ ആക്രമണം കാരണം അദ്ദേഹം തന്റെ താമസം ഇംഗ്ലണ്ടിലേക്കു മാററി. 1939-ൽ 'Moses and Monotheism' എന്ന അദ്ദേഹത്തിന്റെ അന്തിമ ഗ്രന്ഥം പുറത്തുവന്നു. അതേ കൊല്ലം സപ്തമ്പർ 23-ാംനു- ശാസ്ത്ര

ലോകത്തെയാകമാനം ദുഃഖത്തിലാഴ്ത്തി കൊണ്ടു് ഫ്രോയ്ഡ് അന്ത്യശ്വാസം വലിച്ചു.

ആരായിരുന്ന ഫ്രോയ്ഡ് ? കാഴ്ചക്കു് ഒരു മാതൃകാവെനീസ് പ്രൊഫസ്സർ തന്നെയായിരുന്നു അദ്ദേഹം. ഉയർന്ന നെററിത്തടത്തോടുകൂടിയ ആ താടിക്കാരൻ സദാ ചിന്താനിമഗ്നനായാണു് കാണപ്പെട്ടിരുന്നതു്.

ബുദ്ധിപരമായ അച്ചടക്കത്തിൽ അദ്ദേഹം പരമമായ ആത്മാർത്ഥത പാലിച്ചിരുന്നു. കർമ്മനിരതമായിരുന്നു ആ ജീവിതം. എന്തു തടസ്സവും—തന്നെ കാർന്നുതിന്നുകൊണ്ടിരുന്ന അർബ്ബുദംപോലും—അദ്ദേഹം വിഗണിച്ചുകൊണ്ടിരുന്നു. തനിക്കു് ശരിയെന്നു തോന്നിയതെന്തും അദ്ദേഹം സുധീരം പ്രഖ്യാപിച്ചു. ആ പ്രഖ്യാപിക്കപ്പെട്ട സംഗതികളോ അദ്ദേഹം യഥാർത്ഥത്തിൽ ഉദ്ദേശിച്ചതും.

ലൈബനിററ്സും, ജോൺ സ്റ്റുവർട്ട മില്ലും തത്വശാസ്ത്രപരമായി ഫ്രോയ്ഡിൽ സ്വാധീനം ചെലുത്തിയിട്ടുണ്ടു്. എന്നാൽ ഹാർട്ട്മാനിന്റെ 'Philosophy of the unconcious' ആയിരുന്നു അദ്ദേഹത്തെ ഏററവുമധികം സ്വാധീനിച്ചതു്.

ആധുനികലോകത്തെ ഫ്രോയ്ഡ് എന്തുമാത്രം സ്വാധീനിച്ചു? ഈ ചോദ്യത്തിന്നുത്തരം നല്കാൻ നാം മനുഷ്യജീവിതത്തിന്റെ വിവിധമണ്ഡലങ്ങളിലേക്കു് ദൃഷ്ടി പായിക്കേണ്ടിയിരിക്കുന്നു. ഒന്നാമതായി സാഹിത്യത്തെത്തന്നെ ഫ്രോയ്ഡ് കാര്യമായു് സ്വാധീനിച്ചുവെന്നു കാണാം. അദ്ദേഹത്തിന്നു് ശേഷമുള്ള കാവ്യങ്ങളും ഗദ്യങ്ങളുമെല്ലാം മനുഷ്യമനസ്സിന്റെ സങ്കീർണ്ണങ്ങളായ വിവിധ വികാരങ്ങളെ, പൂർവ്വാധികം പ്രതിഫലിപ്പിക്കുന്നുണ്ടു്. കലയെ സംബന്ധിച്ചും ഇതുതന്നെയാണു് പരമാർത്ഥം. എന്തിനേറെപ്പറയുന്നു? മതം പോലും ഫ്രോയ്ഡിന്റെ ആശയഗതികളാൽ സ്വാധീനിക്കപ്പെട്ടിട്ടുണ്ടു്. 'പ്രൊട്ടസ്റ്റാനിസം' പ്രത്യക്ഷമായ സ്വാധീനതക്കു പാത്രീഭൂതമായിട്ടുണ്ടു്. റോളണ്ടു്സാൽബീസ്, ജാക്വസ് മാററയിൽ തുടങ്ങിയ എഴുത്തുകാരെപ്പോലും ഫ്രോഡു് കാര്യമായി സ്വാധീനിച്ചിട്ടുണ്ടെന്നു് അവരുടെ കൃതികൾ വ്യക്തമാക്കുന്നു. ഗോഡു് ബർനർ തുടങ്ങിയവരുടെ കൃതികളിൽ ഫ്രോഡിന്റെ പ്രത്യക്ഷമായ സ്വാധീനം കാണാവുന്നതാണു്. തത്വശാസ്ത്രവും ഫ്രോഡിന്റെ സ്വാധീനപരിധിയിൽനിന്നകന്നു നില്ക്കുന്നില്ല. ജീൻപോൾ സാർത്രയുടെ നാസ്തികസിദ്ധാന്തവും കാൾജാസ്പേറുടെ ആസ്തിക്യവാദവുമെല്ലാം ഫ്രോയ്ഡ് എന്ന മഹാത്ഭുതത്തെ അനുസ്മരിപ്പിക്കുന്നുണ്ടു്.

## കുററവാളി ഒരു രോഗി:

ക്രിമിനൽ നിയമങ്ങളിൽ ഫ്രോയ്ഡിന്റെ കാല്പാടുകൾ എത്രയും വ്യക്തമായി പതിഞ്ഞിട്ടുണ്ടു്. തെററു ചെയ്യാൻ മനുഷ്യൻ മുതിരുന്നതു് മാനസികമായ ചില അസമതുലിതാവസ്ഥകൊണ്ടാണെന്നു്വരെ ഫ്രോയ്ഡ് വാദിച്ചിട്ടുണ്ടു്; തെളിയിച്ചിട്ടുമുണ്ടു്. ശിക്ഷകൊണ്ടു മാത്രം കള്ളനെ കളവിൽനിന്നു് പിന്തിരിപ്പിക്കാനാവില്ല. അവന്റെ രോഗത്തിന്നു് ചികിത്സ കൂടിയേ കഴിയൂമെന്നു് ഫ്രോയ്ഡ് ആധുനികലോകത്തെ പഠിപ്പിച്ചു. വൈകാരികമായ വിദ്യാഭ്യാസത്തിൽ കൂടുതൽ ശ്രദ്ധയിരുത്തേണ്ട ആവശ്യകത അദ്ദേഹമു് ന്നിപ്പറഞ്ഞു.

## വൈദ്യശാസ്ത്ര പുരോഗതിയിൽ ഒരു നാഴികക്കല്ല് :

മാനസികാപഗ്രഥനം, മാനസിക രോഗങ്ങളുടെ ഉന്മൂലനത്തിന്നു് അവശ്യം ആവശ്യമാണെന്നദ്ദേഹം തെളിയിച്ചു. ശാരീരികമായ തകരാറുകൾക്കു് പലപ്പോഴും മാനസികമായ പശ്ചാത്തലങ്ങളുണ്ടായിരിക്കും. അവകൂടി കണക്കിലെടുത്താൽ മാത്രമെ ചികിത്സ വിജയിക്കുമെന്നു് ആധുനിക വൈദ്യശാസ്ത്രം സമ്മതിക്കുന്നുണ്ടു്.

## മനഃശാസ്ത്രം ഫ്രോയ്ഡിന്നു് മുമ്പും പിമ്പും :

ഫ്രോയ്ഡിന്നു മുമ്പു് ബോധാവസ്ഥ ('Conciousness') മാത്രമായിരുന്നു മനഃശാസ്ത്രത്തിലെ ചിന്താവിഷയം. എന്നാൽ അതുമാത്രം പോരാ മനഃശാസ്ത്രം കൂടുതൽ ബൃഹത്തായ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതുണ്ടെന്നു് ഫ്രോയ്ഡ് തെളിയിച്ചു. അബോധമനസ്സിനെക്കുറിച്ചും, പഞ്ചേന്ദ്രിയങ്ങൾ മുഖേനയല്ലാതെ ചില നിഗൂഢതകളെക്കുറിച്ചു് മനുഷ്യനുണ്ടാകുന്ന അറിവിനെപ്പററിയും, അദ്ദേഹം സുദീർഘമായ പഠനം നടത്തുകയുണ്ടായി.

## പക്ഷെ, ഒരു പോരായ്മ :

ഒരു മനുഷ്യനും സമ്പൂർണ്ണനല്ലയെന്ന സിദ്ധാന്തം ഫ്രോയ്ഡിന്റെ ജീവിതം തന്നെ നമ്മെ പഠിപ്പിക്കുന്നു. ഗൗരവാവഹങ്ങളായ പല സംഗതികളെക്കുറിച്ചും സൂസൂക്ഷ്മമായി പഠിച്ചു്, നിരങ്കുശങ്ങളായ തീരുമാനങ്ങളിലദ്ദേഹം എത്തിച്ചേർന്നു. എന്നാൽ മതങ്ങളെക്കുറിച്ചുള്ള തന്റെ പഠനത്തിൽ വേണ്ടത്ര പക്വത ഫ്രോയ്ഡ് പ്രദർശിപ്പിച്ചില്ല. മതങ്ങളുടെ നല്ല വശങ്ങൾ കണ്ടുപിടിക്കുന്നതിൽ, അദ്ദേഹം അമ്പേ പരാജയമടഞ്ഞു. തന്റേതു മാത്രമായ ചില ചുററുപാടുകളുടെ നിരീക്ഷണത്തിലൂടെ സാമാന്യ നിയമങ്ങൾക്കു് രൂപം കൊടുക്കുക വഴി മതങ്ങളുടെ കാര്യത്തിൽ, ഫ്രോയ്ഡ് ഒരിക്കലും ക്ഷന്തവ്യമല്ലാത്ത തെററുകളാണു് ചെയ്തതു്.

# സ്വാതന്ത്ര്യത്തിൻെറ ശബ്ദം

ടി. ശ്രീനിവാസൻ, ബി.കോം III

സപ്തംബർ എട്ട് !

ആയിരത്തിത്തൊള്ളായിരത്തി അറുപത്തി രണ്ട് സപ്തംബർ എട്ട് !!

വഞ്ചനയുടെ കരങ്ങൾ നീട്ടി മഞ്ഞ രാക്ഷസൻ ഭാരതാംബയുടെ ഹൃദയത്തിനു് മുറിവേല്പിച്ച ദിനമാണന്നു്. ഈ ദിനം മറക്കപ്പെടില്ല ............... ഇത് മറക്കപ്പെടേണ്ടതല്ല.

ഇരുട്ട് പ്രഭാതത്തിൽ അലിഞ്ഞലിഞ്ഞു തീർന്നപ്പോൾ ............... കുളിർന്നു വിറച്ച രാത്രി അകന്നകന്നു പോയപ്പോൾ ............... വഞ്ചനയുടെ കരങ്ങൾ നീണ്ടു നീണ്ടു വന്നു. ആശ്ലേഷിക്കാനടുത്ത കരങ്ങളിലാഞ്ഞുതറയ്ക്കുന്ന ഷെല്ലുകളായിരുന്നു ..................!!!

ഇതൊരു വഞ്ചനയുടെ കഥയാണ്. ഭായീ ഭായീ എന്നു വിളിച്ചു കൊണ്ടു് നിറതോക്കൊഴിച്ച വഞ്ചനയുടെ കഥ !

വർഷങ്ങളുടെ തിരശ്ശീലകൾ മാററിക്കൊണ്ടു് ഞങ്ങളുടെ സ്മരണ പിറകോട്ടു് പോകുകയാണ്. ഹിന്ദീ ചീനീ ഭായ് ഭായ് എന്നു വിളിച്ചു കൊണ്ടു് ഇന്ത്യക്കാരനും ചീനാക്കാരനും കൈ കോർത്തുപിടിച്ച നാളുകളിലേയ്ക്കു്. സാഹോദര്യത്തിൻെറയും സമാധാനത്തിൻെറയും വെള്ളരിപ്രാവുകൾ നീലാകാശത്തിൻെറ അനന്തതയിലേയ്ക്കു് പറന്നകന്ന നാളുകളിലേയ്ക്കു് .......... ....

സഹോദരരെ ...............

ചൈനയിലെ കോടിക്കണക്കിനു് പട്ടിണികിടക്കുന്നവരും കഷ്ടപ്പെടുന്നവരുമായ സഹോദരരെ ............... നിങ്ങളോടു് ഞങ്ങൾക്കു് പരാതിയില്ല, നിങ്ങൾ നിസ്സഹായരാണെന്നു് ഞങ്ങൾക്കറിയാം, നിങ്ങളിൽ ഞങ്ങൾക്കു് സഹതാപമുണ്ടു് ........

ഇത് സാമ്രാജ്യദുർമ്മോഹത്തിൻെറ തീവെട്ടിക്കൊള്ളയാണ്. ഇത് ദുഷിച്ച ഒരു ഭരണകൂടത്തിൻെറ ഭരണാധികാരിവർഗ്ഗത്തിൻെറ വെട്ടിപ്പിടുത്തമാണ്.

പക്ഷെ ...............

നിങ്ങളടക്കമുള്ള ചൈനീസ് ജനതയുടെ പേരിൽ ഇതു ചെയ്യുന്നു. ഇത് നിങ്ങൾക്കും, ഞങ്ങൾക്കും, ലോകത്തിനുമെതിരായുള്ള ഒരു വെല്ലുവിളിയാണ്.

മഞ്ഞണിഞ്ഞ മാമലകളിലേയ്ക്കു്, നീഫയിലേയും ലഡാക്കിലേയും മഞ്ഞുമലകളിലേയ്ക്കു്, സപ്തംബർ എട്ടിനെത്തിനോക്കിയപ്പോൾ പ്രഭാതസൂര്യനന്തം വിട്ടുപോയി !!!

പലതും കണ്ടതാണത്.

അലക്സാണ്ടറുടെ, ചെങ്കിസ്ഖാൻെറ, നെപ്പോളിയൻെറ, വില്ല്യം കൈസരിൻെറ, ഹിററ്ലറുടെ എല്ലാം പടയോട്ടങ്ങൾ ........ കൊടും ക്രൂരതകൾ ..................... എല്ലാം എല്ലാം ...............

പക്ഷെ ഇത് പുത്തനായിരുന്നു.

ആത്മാർത്ഥതയുടെമേലുള്ള വഞ്ചനയുടെ നഗ്നമായ കൊടും ക്രൂരതകൾ.

മരം കോച്ചുന്ന മഞ്ഞുകട്ടകൾക്കമീതെ മരിച്ചുവീണ മഹാന്മാരെ ............

പിറന്നുവീണ മണ്ണിൽനിന്നും ആയിരക്കണക്കിൻ നാഴികകൾക്കമപ്പുറത്താണ് നിങ്ങൾ മരിച്ചുവീണത്. ആയിരക്കണക്കിലടിയുയരത്തിലാണ് നിങ്ങൾ മരിച്ചുവീണത്.

അതുകൊണ്ടു കൂടി

നിങ്ങൾ വാഴ്ത്തപ്പെട്ടവരാണ് ............ നിങ്ങൾ വാഴ്ത്തപ്പെടേണ്ടവരാണ് !

നിങ്ങൾ മരിച്ചവീണ്ടു ! വഞ്ചനയ്ക്ക് പകരം വീട്ടികൊണ്ട് ............... ഓരോ ഇഞ്ചിനും വേണ്ടി പൊരുതികൊണ്ട് ...... ഒന്നിനു പത്തെന്ന കണക്കിൽ ശത്രുക്കളെ നശിപ്പിച്ചുകൊണ്ട്. വീരകൃത്യങ്ങൾ ചെയ്തുകൊണ്ട് വീരന്മാരെപ്പോലെ ...............

നിങ്ങളെപ്പററിയുള്ള കഥകളോരോന്നായി ഞങ്ങൾ കേൾക്കുകയാണ് ............ രോമാഞ്ചമുണ്ടാക്കുന്ന കഥകൾ, വീരചരിതങ്ങൾ, രക്തം തിളക്കുന്ന കഥകൾ.

മജ്ജകളിലേയ്ക്ക് തണുപ്പരിച്ചു കയറുന്ന മഞ്ഞുമലകൾക്കു മുകളിൽനിന്നുകൊണ്ട് നിങ്ങൾ പടപൊരുതി.

നമുക്കുവേണ്ടി ........ സ്വാതന്ത്ര്യത്തിനുവേണ്ടി പട പൊരുതിയ നമ്മുടെ പിതാമഹന്മാക്കുവേണ്ടി നാല്പത്തിമൂന്ന് കോടി ജനതയുടെ സ്വാതന്ത്ര്യം നിലനിത്താൻ, ഇന്ത്യയുടെ സ്വാതന്ത്ര്യം നിലനിത്താൻ, സ്വാതന്ത്ര്യത്തിനുമേലുള്ള ആ ഗോളഭീഷണിയകററാൻ വേണ്ടി.

നിങ്ങൾ ജീവിക്കുന്നു ........

ഇന്ത്യയുടെ ആത്മാവിൽ, ഗ്രാമങ്ങളിൽ, പട്ടണങ്ങളിൽ, നാല്പത്തിമൂന്നുകോടി ജനതയുടെ ഹൃദയങ്ങളിൽ.

നിങ്ങളുടെ രക്തത്തിൽനിന്നു് പ്രചോദനവും ഹൃദയത്തിൽനിന്നു് വികാരവുമുൾക്കൊണ്ട്കൊണ്ടു്, ഞങ്ങൾക്കുള്ളതെല്ലാം സ്വത്തും, രക്തവും ജീവനുമെല്ലാം ത്യജിച്ചുകൊണ്ടു്, ഞങ്ങളിതു് നിലനിത്തും. സ്വാതന്ത്ര്യം ! ഭാരതാംബയുടെ പരിപൂണ്ണസ്വമായ സ്വാതന്ത്ര്യം !!

വഞ്ചകരേ..........

നിങ്ങളെന്തിന്നു ഞെട്ടിവിറക്കുന്നു. ഉണന്നെഴുന്നേററ നാല്പത്തിമൂന്നു കോടി ജനതയുടെ പടഹധ്വനിയാണിതു്. നിങ്ങൾക്കിനി രക്ഷയില്ല ഞങ്ങൾ മുന്നേറുകയാണ്, വഞ്ചനയോടു് പകരം വീട്ടാൻ, പിടിച്ചെടുത്തതു് തിരിച്ചെടുക്കാൻ.

ഞങ്ങളുടെ ഹൃദയം സ്പന്ദിക്കുന്നിടത്തോളം, ഞങ്ങളുടെ സിരകളിൽക്കൂടി രക്തമൊഴുകുന്നിടത്തോളം ഞങ്ങളടിയറ വെക്കില്ല. നമ്മുടെ സ്വാതന്ത്ര്യം, ഭാരതത്തിൻെറ സ്വാതന്ത്ര്യം.

ഞങ്ങൾ മുന്നേറുകയാണ്...........

ശാന്തി കൈവരുത്താൻ, സമാധാനം വീണ്ടെടുക്കാൻ, സ്വാതന്ത്ര്യം നിലനിത്താൻ, സമ്പൽസമൃദ്ധി കെട്ടിപ്പടുക്കാൻ...

മഞ്ഞ രാക്ഷസരെ...........

വഞ്ചകരെ...........

യുദ്ധക്കൊതിയരെ ......... പിന്നോട്ടു്, പിന്നോട്ടു്.

# THE ORIGIN OF ELECTRICAL SCIENCE

K. P. MADHAVANKUTTY, III B. SC. (PHYSICS)

THE modern scientific era is greatly indebted to electrical science for its present form. On all other scientific fields, electricity has its own wide applications. Within two centuries it has attained very rapid progress and has thoroughly revolutionised the scientific world.

The origin of this branch of science is from the very smallest beginnings. From the earliest times it has been known that a piece of amber when rubbed with dry cloth or wool exhibits the property of attracting light bodies. Since the significance of this phenomena being unknown it remained as a mystery for centuries. Though later it was seen that certain other substances also had the same property the actual origin of the discovery is lost in antiquity. William Gilbert, at the close of the sixteenth century attributed these effects to a force which he called ELECTRIC. From this the word electricity took its origin.

The discovery of a certain mineral, oxide of iron or lodestone, which, when freelysuspended will set in one particular direction, is of another very early origin. It was known to the Chinese many centuries ago. Thismineral was found in Magnesia, in Asia-Minor and the modern term MAGNET was derived from the word Magnesia when it was used as a magnet. The mineral, then, was called Magnetite. Though these above experiments or phenomena are of magnetic property of substances, it is very evident that the subjects Magnetism and Electricity are inseparably connected and really these phenomena are connected with the origin of Electricity.

A third origin of our knowledge of Electricity can be more definitely stated than the two already mentioned. It is the accidental discovery by Luigi Galvani in 1780. His experiment was to investigate the effect of atmospheric electricity upon the nerves of the frog. At first he found that on touching one of the chief nerves of a freshly dissected frog, with the point of a scalpel, at the time that the prime conductor of an electrical machine in the neighbourhood was discharged, the limbs of the frog were violently convulsed. To study the affection of atmospheric electricity upon the nerves of the frog, he hung the spencimen out of doors on an iron lattice by means of brass hooks passing through the spine. He found that on pressing the brass hooks into an iron lattice, convulsion of the limbs of the frog took place. Eventually, he also found that when the muscles and nerves were connected by an external metallic circuit, part of the circuit consisting of one metal and the other part of a second metal, convulsions always occured. Whenever the circuit consisted partly of a nonconductor of electricity, such as wood, wax etc there were no convulsions.

Upto this prime discovery, electricity had only been produced by friction. The effect produced by the contact of different metals or of metals and certain liquids was long known as Galvanism. The term still remains in the names Galvanic Battery and Galvanometer. The verb 'To Galvanise' is used both in the sense of exciting to activity and in the sense of galvanising sheet iron.

Our present knowledge about electricity was traced through these three humble origins. After the outcome of these origins, Electrical Science reached its present position because of the patient and tireless work of scientists like other branches of sciences. But only in nineteenth century, after the significant discoveries of Faraday in 1831, Electricity was distinguished as a branch of science and and thereafter its progress has been rapid and astonishing.

# വിദ്യാർത്ഥികളും സാമൂഹ്യപ്രവർത്തനവും.

കെ. ഉണ്ണീൻകുട്ടി, യു. പി. സി.



വിദ്യ അഭ്യസിക്കുന്നവരാണ് വിദ്യാർത്ഥികൾ. എന്നാൽ വിദ്യാഭ്യാസംകൊണ്ട് മാത്രം ഒരുവൻ സാമൂഹ്യരംഗത്ത് ശോഭിക്കുകയില്ല. അതുകൊണ്ട് വിദ്യാർത്ഥികൾ വിദ്യാഭ്യാസത്തോടൊപ്പം സാമൂഹ്യപ്രവർത്തനങ്ങളിലും പങ്കു വഹിക്കുന്നവരായിരിക്കണം. ഈ പ്രവർത്തനത്തിലൂടെ വളർന്നുവരുന്ന ഒരു വിദ്യാർത്ഥിക്ക് വിദ്യാഭ്യാസം, കഴിഞ്ഞാലും സാമൂഹ്യസേവനം തൊഴിലായി സ്വീകരിക്കാവുന്നതാണ്. മറ്റൊരു സംഘടനക്കും വിദ്യാർത്ഥികളെപോലെ സാമൂഹ്യസേവനം നടത്താൻ സാദ്ധ്യമല്ല. കാരണം ഒരു രാജ്യത്തിലെ ഏറ്റവുമധികം അംഗസംഖ്യയുള്ള ഒരേ ആശയക്കാരാണ് വിദ്യാർത്ഥികൾ.

വിദ്യാഭ്യാസം പ്രായോഗികമായി നടത്തുന്ന കാലഘട്ടത്തിൽ ഒരു വിദ്യാർത്ഥിക്കും സാമൂഹ്യസേവനം ഒഴിച്ചുകൂടാത്തതാണ്. ഭാവിപൌരന്മാരും വിദ്യാസമ്പന്നരുമായ യുവാക്കളാകാൻ പോകുന്നവരാണ് 'വിദ്യാർത്ഥികൾ'. ഏതു വൻകരയിലും നമുക്ക് കാണാൻ സാധിക്കുന്നതും മിക്ക ഗുണങ്ങളും പൊതുവായി കാണുന്നതുമായ ഒരു പ്രസ്ഥാനമാണ് വിദ്യാർത്ഥിപ്രസ്ഥാനം. ഇത്ര അംഗസംഖ്യയുള്ള ഒരു സംഘടനയായതുകൊണ്ട് ഏതു് നിർമ്മാണപ്രവർത്തനവും വിദ്യാർത്ഥികൾക്ക് ദേശഭേദമെന്യേ ചെയ്യാൻ സാധിക്കും. ആ ആശയത്തിന്റെ വെളിച്ചമാണ് നാം ഗാന്ധിജിയുടെ 'വിദ്യാർത്ഥികളോട്' എന്ന പുസ്തകത്തിൽ കാണുന്നത്. അദ്ദേഹം ഇന്ത്യയുടെ സ്വാതന്ത്ര്യ സമരകാലത്തു 'വിദേശവസ്തു ബഹിഷ്കരണത്തിനും' മറ്റു സാമൂഹ്യപ്രവർത്തനങ്ങൾക്കും (പ്രത്യേകിച്ചു ഐത്തോച്ചാടനം) വിദ്യാർത്ഥികളോടാണ് ആഹ്വാനം ചെയ്തത്.

സാമൂഹ്യമായി വിദ്യാർത്ഥികളുടെ പ്രവർത്തനം വികസിച്ചാൽ മാത്രമേ ഏതൊരു രാഷ്ട്രത്തിന്റെയും നിർമ്മാണപ്രവർത്തനങ്ങൾ വികസിക്കുകയുള്ളു. കാരണം വിദ്യാർത്ഥികൾ പലതരത്തിലുള്ള വിദ്യകൾ അഭ്യസിക്കുന്നവരാണ്. പലതരത്തിലുള്ള വിദ്യ അഭ്യസിക്കുന്ന ഒരു വിഭാഗമായതുകൊണ്ട് ഒരു രാഷ്ട്രത്തിന്റെ പുനർനിർമ്മാണപ്രവർത്തനങ്ങളിലെ പല വിഭാഗങ്ങളിലും വിദ്യാർത്ഥികളുടെ പ്രവർത്തനങ്ങൾ പ്രകടമായി കാണാവുന്നതാണ്. ഉദാഹരണമായി ഇന്ത്യയിലെ സ്ഥിതിതന്നെ എടുക്കാം. ഇന്ത്യ ധാരാളം വിദ്യാർത്ഥികൾ പഠിക്കുന്ന ഒരു രാഷ്ട്രമാണ്. സാഹിത്യപരമായും സാങ്കേതികമായും വിദ്യയഭ്യസിക്കുന്ന, കായികശക്തിയുള്ള എത്രയോ മക്കളുള്ള ഒരു അമ്മയാണ് ഇന്ത്യ. അതോടൊപ്പംതന്നെ എത്രയോ വിദ്യാഭ്യാസമില്ലാത്തവരും ഇന്നും സംസ്കാരത്തിന്റെ വെളിച്ചം തട്ടാത്ത അധഃകൃതവർഗ്ഗങ്ങളുമുള്ള ഒരു രാഷ്ട്രമാണ് നമ്മുടെ മാതൃരാജ്യം. അങ്ങിനെയുള്ള ഒരു രാഷ്ട്രത്തിന്റെ പുരോഗതി ഈ രണ്ടു വിഭാഗങ്ങളേയും ആശ്രയിച്ചാണിരിക്കുന്നത്. ഈ രണ്ടു വിഭാഗങ്ങളും ഒന്നുചേർന്നു പ്രവർത്തിക്കുമ്പോൾ നമ്മുടെ രാഷ്ട്രത്തിന്നു പുരോഗതിയുണ്ടാവുന്നു.

ഒരു സാഹിത്യ വിദ്യാൎത്ഥിക്കു് ഒരു നാട്ടിലെ അക്ഷരജ്ഞാനമില്ലാത്തവരെ പഠിപ്പിക്കാവുന്നതാണു്. അങ്ങിനെ അക്ഷരജ്ഞാനമില്ലാത്തവരെ പഠിപ്പിക്കുന്നപക്ഷം ഒരു രാഷ്ട്രത്തിലും ഇത്രയധികം അക്ഷരജ്ഞാനമില്ലാത്തവരുണ്ടാകുകയില്ല. അതുപോലെതന്നെ ഒരു സാങ്കേതിക വിദ്യാൎത്ഥിക്കു് തുച്ഛമായനിലയിൽ സാങ്കേതികോപദേശം ജനങ്ങൾക്കു് നൽകാവുന്നതാണു്. ഒരു മെഡിക്കൽ വിദ്യാൎത്ഥിക്കു് പ്രതിഫലം കൂടാതെ തന്റെ സഹോദരങ്ങൾക്കു് ചികിത്സോപദേശം നല്കാവുന്നതാണു്. ഇങ്ങനെ പ്രതിഫലം കൂടാതെ പൊതുജനത്തെ ഉദ്ധരിക്കുകയാണു് വിദ്യാൎത്ഥികളുടെ ഉത്തമമാതൃകയിലുള്ള സാമൂഹ്യപ്രവൎത്തനം.

നമ്മുടെ നാട്ടിൽ ഇന്നും എത്രയോ പേർ കാട്ടിൽ ജീവിക്കുന്നവരും സംസ്കാരത്തിന്റെ വെളിച്ചം തട്ടാത്തവരുമായുണ്ടു്. അവരെ അവരുടെ നശിച്ച ജീവിതത്തിൽ നിന്നു് കരകേററുവാൻ ഓരോ വിദ്യാൎത്ഥിക്കും കഴിയും.

നാഷനൽ കേഡററ് കോർഫ്സ് (N. C. C.) ഓക്സിലറി കേഡററ് കോർഫ്സ് (A. C. C.) സ്കൌട്ടു്, സോഷ്യൽ സൎവ്വീസ് ലീഗ് എന്നിവയിൽ ചേൎന്നു വിദ്യാൎത്ഥികൾക്കു് രാഷ്ട്രത്തെ സഹായിക്കാൻ സാധിക്കും. ഇന്ത്യയുടെ മേലുള്ള ചൈനയുടെ അക്രമണത്തിന്നെതിരായി പൊരുതാൻ എത്രയോ വിദ്യാർത്ഥികൾ സൈന്യസേവനത്തിന്നായി മുന്നോട്ടു വന്നുകൊണ്ടിരിക്കുന്നതു് വിദ്യാർത്ഥികളുടെ സാമൂഹ്യസേവനത്തിലുള്ള അത്യാഗ്രഹമാണു് ചൂണ്ടികാണിക്കുന്നതു്. മേലുദ്ധരിച്ച സംഘടനകൾ വിദ്യാർത്ഥികളെ സാമൂഹ്യമായും വിദ്യാഭ്യാസപരമായും ഉയൎത്താൻ വേണ്ടി സ്ഥാപിച്ചിട്ടുള്ളതാകുന്നു. അതുകൊണ്ടാണു് സാമൂഹ്യപ്രവൎത്തനങ്ങളിൽ ഉയൎച്ചനേടിയ വിദ്യാർത്ഥികൾ ഇത്തരം സംഘടനകളിലൂടെ സ്വന്തം രാഷ്ട്രത്തെ സഹായിക്കുന്നതു്.

സാമൂഹ്യമായി ഉയരാത്ത ഒരു രാഷ്ട്രത്തിന്നും സാമ്പത്തികമായി ഉയൎച്ച ഉണ്ടാകയില്ല. അതുകൊണ്ടു് ഒരു രാഷ്ട്രത്തിലെ ഏററവും വലിയ സമ്പത്തായ വിദ്യാർത്ഥികൾ സാമൂഹ്യപ്രവൎത്തനങ്ങളിൽ പങ്കെടുത്തു് രാഷ്ട്രത്തെ പുരോഗമിപ്പിക്കേണ്ടതാണു്.

''പരസ്പരം സഹായിപ്പിൻ, പരസ്നേഹം പരത്തുവിൻ
നിരക്ഷരലിഖിതമീതന്ത്യ ശാസനം''